# ഗിരിദീപം

മെയ് 2025

മെയ് 29 സ്വർഗ്ഗാരോഹണത്തിരുനാൾ



"അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ
അവരിൽനിന്നു മറയുകയും
സ്വർഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു."
(ലൂക്കാ 24 : 51)


ഫ്രാൻസീസ് മാർപാപ്പ
1936-2025
വലിയ ഇടയന് പ്രണാമം
പ്രാർത്ഥനയോടെ
തലശ്ശേരി അതിരൂപതാ കുടുംബം
വി. മൂറോൻതൈല വെഞ്ചരിപ്പ്
സെന്റ് മേരീസ് ഫൊറോനാ ദൈവാലയം, ആലക്കോട്
ഏപ്രിൽ 14, 2025

മെയ് 2025

വാല്യം 08
ലക്കം 05

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 141/2025, Circular No. 07/2025 ........ 05
2. കച്ചേരിക്കാര്യം ........ 09
3. സെമിനാരി വാർത്തകൾ ........ 19
4. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 22
5. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 27
6. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 29
   തിരുബാലസഖ്യം ........ 34
7. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 36
8. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 38
9. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 44
   TRACE ........ 49
10. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
   എകെസിസി ........ 50
   കുടുംബക്കൂട്ടായ്മ ........ 54
   എയ്ഞ്ചൽ ട്രസ്റ്റ് ........ 56
   ADAM ........ 57
   കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 59
11. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 61
   ബയോ മൗണ്ടൻ ........ 68
   ഇൻഫാം ........ 71
   ഓവർസീസ് അപ്ഡേറ്റ്സ് ........ 73
12. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 74
13. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 75
14. Engagements - May (Archbishop Mar Joseph Pamplany) ........ 78
15. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 80
16. Engagements - May ((Archbishop Mar George Njaralakatt) ........ 82
17. Engagements - May ((Archbishop Mar George Valiamattam) ........ 79

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 141 /2025, Circular No. 07/2025

## മതബോധന ഞായർ

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

അടുത്ത ഞായറാഴ്ച (ജൂൺ 01) മതബോധന ഞായറായി ആചരിച്ച് അതിരൂപതയിലെ 216 സൺഡേസ്കൂളുകളിലെ മുഴുവൻ കുട്ടികളെയും ഈശോയ്ക്ക് സമർപ്പിച്ച് 2025-2026 വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നമ്മൾ തുടക്കം കുറിക്കുകയാണ്. സഭയുടെ ശുശ്രൂഷകളിൽ വളരെ പ്രധാനപ്പെട്ട ശുശ്രൂഷയായ വിശ്വാസപരിശീലനത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈശോ നമുക്കു തന്ന ദൗത്യമാണ്: "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കല്പ്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28:19-20). ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും പ്രബോധനം വഴി ഈശോയുടെ നാമത്തിൽ വിശ്വസിച്ചവർ മാമ്മോദീസാ സ്വീകരിക്കുകയും ക്രിസ്തീയ സമൂഹങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. മാമ്മോദീസായിലൂടെ ത്രിത്വൈക ദൈവത്തിലുള്ള വിശ്വാസം സ്വീകരിച്ചവർക്ക് നൽകുന്ന വിശ്വാസപരിശീലനമാണ് മതബോധനം ലക്ഷ്യം വയ്ക്കുന്നത്.

വിശ്വാസപരിശീലനം എന്തെന്നു വ്യക്തമാക്കുന്ന കൃത്യമായ നിർവചനം സീറോമലബാർ സഭയുടെ മതബോധന ഡയറക്ടറി അവതരിപ്പിക്കുന്നുണ്ട്. അത് ഇപ്രകാരമാണ്: "മാമ്മോദീസ സ്വീകരിച്ചവർ വിശ്വാസത്തിൽ പക്വതപ്പെടുന്നതിനും അതുവഴി ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേയ്ക്ക് വളരുന്ന

തിനുംവേണ്ടി സഭ ക്രമാനുഗതമായും ചിട്ടയായും നടത്തുന്ന വിദ്യാഭ്യാസ ശുശ്രൂഷയാണ് വിശ്വാസപരിശീലനം" (വിളിയും പ്രത്യുത്തരവും, 50).

ഒരു വ്യക്തിയെ വിശ്വാസത്തിന്റെ പക്വതയിലേയ്ക്കും പൂർണ്ണതയിലേയ്ക്കും നയിക്കുക എന്നത് കേവലം വിശ്വാസപരമായ അറിവിലേയ്ക്കുള്ള വളർച്ചയല്ല മറിച്ച്, വിശ്വാസത്തിന്റെ അറിവിലും അനുഭവത്തിലും ജീവിതത്തിലുമുള്ള വളർച്ചയാണ്. നിരന്തരമായ വിശ്വാസപരിശീലനത്തിലൂടെയും വിശ്വാസപരിപോഷണത്തിലൂടെയുമാണ് ഇത് സാധ്യമാകുന്നത്. ഇതുവഴി ഓരോ വിശ്വാസിയും വിശ്വാസത്തിന്റെ എല്ലാ തലങ്ങളിലും രൂപീകരിക്കപ്പെടുകയും അവനവന്റെ ജീവിതസാഹചര്യങ്ങളിൽ ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കുവാനുള്ള പരിശീലനം നേടുകയും ചെയ്യുന്നു.

വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബങ്ങളിലാണ് വിശ്വാസപരിശീലനം ആരംഭിക്കേണ്ടത്. കുടുംബത്തെ ഗാർഹികസഭയെന്നും (L.G. 11) ഉത്കൃഷ്ടമായ മനുഷ്യത്വത്തിന്റെ വിദ്യാലയമെന്നുമാണ് (G.S. 52) രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിച്ചിരിക്കുന്നത്. സഭയുടെ അടിസ്ഥാനഘടകമായ കുടുംബങ്ങളിൽ മാതാപിതാക്കൾ തങ്ങളുടെ വാക്കുകളും മാതൃകകളും വഴി മക്കൾക്ക് വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ പകർന്നു നൽകണമെന്നും (L.G. 11) കൗൺസിൽ ഓർമ്മിപ്പിക്കുന്നു.

"മാതാപിതാക്കളാണ് മക്കളുടെ പ്രഥമ അധ്യാപകരും പ്രധാനാധ്യാപകരും" (മതബോധനഗ്രന്ഥം, 1653). കുട്ടികളെ നന്നേ ചെറുപ്പത്തിൽതന്നെ ക്രിസ്തീയവിശ്വാസത്തിന്റെ ബാലപാഠങ്ങളിലേക്ക് നയിക്കുക എന്ന കർത്തവ്യം മാതാപിതാക്കളിൽ നിക്ഷിപ്തമാണ്.

മാലാഖയായി ജനിക്കുന്ന ഒരു കുഞ്ഞ് ജീവിതത്തിൽ പരാജയപ്പെട്ടാൽ അതിന്റെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്. "മെരുക്കാത്ത കുതിര ദുഃശാഠ്യം കാണിക്കും; ശിക്ഷണം ലഭിക്കാത്ത പുത്രൻ തന്നിഷ്ടക്കാരനാകും" എന്ന പ്രഭാഷകവചനവും (30:8), "ശൈശവത്തിൽതന്നെ മക്കളെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക, വാർധക്യത്തിലും അതിൽ നിന്നു വ്യതിചലിക്കുകയില്ല" എന്ന സുഭാഷിതവചനവും (22:6) എത്രയോ അർത്ഥപൂർണ്ണമാണ്. വി. മദർ തെരേസ സാക്ഷ്യപ്പെടുത്തുന്നു: "ഒരു ദിവസംപോലും കുടുംബത്തിൽ ഞങ്ങൾ ജപമാല മുടക്കുകയില്ലായിരുന്നു. പ്രാർത്ഥനയ്ക്കവസാനം സ്തുതിചൊല്ലി അമ്മ ഞങ്ങളെ കെട്ടിപ്പിടിച്ച് ഉമ്മവയ്ക്കും. എന്നിട് ഞങ്ങളോടു പറയും: സ്നേഹമുള്ള കുടുംബം സ്വർഗ്ഗമാണ്." വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ ശ്രദ്ധി

ക്കുക: "രാത്രിയിലെങ്ങാനും ഉണർന്നെഴുന്നേറ്റാൽ ഞാൻ കണ്ടിരുന്നത് മുട്ടുകുത്തി പ്രാർത്ഥിക്കുന്ന അപ്പനെയാണ്. ഇടവക പള്ളിയിലും അപ്പൻ എപ്പോഴും മുട്ടിന്മേൽ നിൽക്കുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്." മാതാപിതാക്കളുടെ സുകൃതങ്ങൾ മക്കൾ മാതൃകയായി കണ്ടുപഠിക്കുക മാത്രമല്ല അത് ഒരു ആത്മീയശക്തിയായി മക്കളിലേയ്ക്ക് ചൊരിയപ്പെടുകയും ചെയ്യുന്നു.

പ്രിയപ്പെട്ട മാതാപിതാക്കളെ, വി. കുർബ്ബാന കേന്ദ്രീകൃതമായ ഒരു വിശ്വാസപരിശീലനത്തിന് നാം പ്രാധാന്യം കൊടുക്കണം. കുട്ടികളോടൊപ്പം മാതാപിതാക്കളും വി. കുർബാനയിൽ സംബന്ധിക്കണം. നമ്മുടെ മക്കളെ വി. കുർബ്ബാനയുടെ അനുഭവത്തിൽ വളർത്തുവാൻ സാധിക്കണം. കുടുംബത്തിൽ പ്രാർത്ഥനാജീവിതത്തിന്റെ തിളക്കമാർന്ന നിമിഷങ്ങൾ കുട്ടികൾക്ക് സമ്മാനിക്കണം. "ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചുനിലനിൽക്കും" എന്ന ആപ്തവാക്യം ഹൃദയത്തിൽ സൂക്ഷിക്കാം. കൂടാതെ, നമ്മുടെ കുടുംബങ്ങളിൽ പരമ്പരാഗതമായി പുലർത്തിവരുന്ന നല്ല ശീലങ്ങളും നിഷ്ഠകളും ആധ്യാത്മികാനുഷ്ഠാനങ്ങളും ഒരിക്കലും നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം. പ്രഭാത പ്രാർത്ഥന, ജപമാല, ബൈബിൾപാരായണം, കുമ്പസാരം, കുർബ്ബാനസ്വീകരണം, ഉപവാസം, നോമ്പാചരണം, ഭക്ത സംഘടനകളിലെ പ്രവർത്തനം എന്നിവ മുടങ്ങാതിരിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

ഇടവകദൈവാലയത്തിലെ ദൈവാരാധനയിലും അവിടെ നടത്തപ്പെടുന്ന സൺഡേസ്കൂൾ വിശ്വാസപരിശീലനത്തിലും മറ്റ് ഇടവക പ്രവർത്തനങ്ങളിലും കുട്ടികൾ താത്പര്യപൂർവ്വം പങ്കുചേരണമെങ്കിൽ മാതാപിതാക്കൾ കുട്ടികൾക്ക് നല്ല പ്രോത്സാഹനം നൽകണം. വിശ്വാസപരിശീലനം പാഠപുസ്തകങ്ങളുടെ പഠനം മാത്രമല്ല, ക്രിസ്തീയ ജീവിതശൈലി അഭ്യസിക്കൽ കൂടിയാണ്. ഇതിനായി ഭക്തസംഘടനാ പ്രവർത്തനങ്ങളിലും ഇതര ഇടവക പ്രവർത്തനങ്ങളിലും കുട്ടികളുടെ പങ്കാളിത്തം മാതാപിതാക്കൾ ഉറപ്പുവരുത്തണം.

വിശ്വാസപരിശീലന ക്ലാസ്സുകൾക്ക് പോയി നല്ല മാർക്കു വാങ്ങുന്നതുകൊണ്ട് തീരുന്നതല്ല മതബോധനം. ബുദ്ധിയിലൂടെ ലഭിച്ചത് സ്വഭാവത്തിലൂടെ പ്രകടമാക്കുമ്പോഴാണ് വിശ്വാസപരിശീലനം ലക്ഷ്യത്തിലെത്തുന്നത്. വിശ്വാസപരിശീലന ക്ലാസ്സുകളിലൂടെ കടന്നുപോകുന്ന ഒരു കുട്ടി മൂന്നു ഘട്ടങ്ങളിലൂടെ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവരണം: ഈശോയെ അറിയുക... ഈശോയിൽ ജീവിക്കുക... ഈശോയെ പകർന്നു നല്കുക... ഈ മൂന്നു ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന കുട്ടിയുടെ ജീവിതം ചെന്നെത്തുന്നത് ദൈവസന്നിധിയിലായിരിക്കും.

പ്രിയപ്പെട്ട ദൈവജനമേ, വിശ്വാസപരിശീലനം ഒരു ഇടവകയുടെ പ്രധാനപ്പെട്ട ദൗത്യമായി കണ്ടുകൊണ്ട് കുട്ടികൾക്ക് നല്ല പരിശീലനം കൊടുക്കുവാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഓരോ ഇടവകാ സമൂഹവും ഒരുക്കേണ്ടതാണ്. ഇളം തലമുറയ്ക്ക് വിശ്വാസം പകർന്നു കൊടുക്കുന്നതിനും വിശ്വാസത്തിൽ അവരെ ആഴപ്പെടുത്തുന്നതിനും ദൈവാനുഭവവും ദൈവഭക്തിയും ദൈവഭയവുമുള്ള കുഞ്ഞുങ്ങളെ വാർത്തെടുക്കുന്നതിനുമുള്ള സൺഡേ സ്കൂളുകളുടെ പ്രവർത്തന ങ്ങളിൽ ഇടവകയിലെ എല്ലാ അംഗങ്ങളുടെയും സഹായസഹകരണ ങ്ങൾ ഉണ്ടാകണമെന്ന് സനേഹത്തോടെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ സൺഡേ സ്കൂളുകളിൽ നിസ്വാർത്ഥരായി പ്രവർത്തിക്കുന്ന എല്ലാ സിസ്റ്റേഴ്സിനെയും വിശ്വാസപരിശീലകരെയും അവർക്ക് നേതൃത്വം കൊടുക്കുന്ന ബഹു. വൈദികരെയും ഞാൻ പ്രത്യേകമായി അഭിനന്ദി ക്കുകയും എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

മതബോധനവർഷം ആരംഭിക്കുന്ന ഞായറാഴ്ചയിലെ സ്തോത്ര ക്കാഴ്ച അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ക്കായി നീക്കിവയ്ക്കുകയാണ് പതിവ്. വരുന്ന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ചയിൽ എല്ലാവരും ഉദാരമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരിക്കൽക്കൂടി എല്ലാവർക്കും മതബോധന ഞായറിന്റെ ആശംസ കൾ നേരുന്നു. കുഞ്ഞുങ്ങൾബാലനായി ഈശോയെപ്പോലെ "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും" വളർന്നുവരാൻ നസ്രത്തിലെ തിരുക്കുടുംബം കൃപനല്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും വിശ്വാസപരിശീലനത്തിൽ ഏർപ്പെടുന്ന കുഞ്ഞുങ്ങളെയും പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവദിക്കട്ടെ,

സ്നേഹപൂർവ്വം

നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**

*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2025 ഏപ്രിൽ 25 ന് വി. മർക്കോസിന്റെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്നും നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2025 മെയ് 25-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകപ്പള്ളി കളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം
## മെയ് 2025

**1. വൈദികരുടെ സ്ഥലംമാറ്റം**

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം ഈ വർഷം മെയ് മാസം 10-ാം തീയതി ശനിയാഴ്ചയാണ്. മെയ് 10 ന് പുതിയ സ്ഥലങ്ങളിൽ എത്തിച്ചേർന്ന് മെയ് 11 ന് ഞായറാഴ്ച നിയമനപത്തോന്തി പള്ളിയിൽ വായിച്ച് ചുമതല ഏല്ക്കേണ്ട താണ്. സ്ഥലം മാറ്റമുള്ള എല്ലാ വികാരിയച്ചന്മാരും സ്ഥലം മാറി പ്പോകുന്നതിനു മുമ്പ് വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കി, ഒപ്പിട്ട് നടത്തുകൈക്കാരനെക്കൊണ്ടും ഒപ്പിടുവിച്ച് പുതിയ വികാരിയെ ഏല്പിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം. പുതിയ വികാരി ഉത്തരവാദിത്വം ഏറ്റെടുത്ത് തൊട്ടടുത്ത ദിവസം തന്നെ വികാരി മാറ്റ റിപ്പോർട്ട് ഒപ്പിട്ട് അതിരൂപതാ കച്ചേരിയിലേയ്ക്ക് ഒരു കോപ്പി അയക്കണം. വികാരിമാറ്റ റിപ്പോർട്ടിൽ ഒപ്പിടുന്നതിനുമുമ്പ് സ്വർണ്ണം, പണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വികാരിമാറ്റ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടത് പുതിയ വികാരിയുടെ ഉത്തരവാദിത്വമാണ്. ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കണം. സ്ഥലം മാറുന്ന വികാരിമാർക്ക് പത്തോ ന്തിയോടൊപ്പം വികാരിമാറ്റ റിപ്പോർട്ടിന്റെ ഫോം കൂടി അയയ്ക്കു ന്നുണ്ട്. കുരിശുപള്ളികൾ ഉള്ളവർ പ്രസ്തുത ഫോമിന്റെ ഫോട്ടോ കോപ്പി എടുത്ത് ഉപയോഗിക്കേണ്ടതാണ്. നീക്കിയിരിപ്പ് പണവും താക്കോലും സ്ഥലം മാറിപ്പോകുന്ന വികാരി നടത്തു കൈക്കാ രനെ ഏല്പിക്കുന്നത് സാധിക്കുമെങ്കിൽ ഫൊറോന വികാരിയുടെ സാന്നിദ്ധ്യത്തിലാകുന്നത് നന്നായിരിക്കും.

വൈദികർ സ്ഥലം മാറുന്ന മാസത്തെ അലവൻസിന്റെ പകുതി ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലത്തുനിന്നും ബാക്കി പകുതി പുതിയ സ്ഥലത്തുനിന്നും സ്വീകരിക്കേണ്ടതാണ്.

**2. ഇടവകയിലെ സുപ്രധാനരേഖകളുടെ സംരക്ഷണം**

ഇടവകയിലെ പ്രധാനപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായും സുരക്ഷിതമായും സൂക്ഷിക്കുക ഇടവകവികാരിയുടെ

ഉത്തരവാദിത്വമാണ്. എല്ലാ ഇടവകകളിലെയും ഇടവകസ്ഥാപന ഡിക്രി, 12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻകാർഡ് എന്നിവ ഏറ്റവും സുരക്ഷിതമായി പ്രത്യേക ഫയലിൽ സൂക്ഷിക്കണം. ഈ രേഖകളുടെ കോപ്പി എടുത്തു വയ്ക്കുകയും ചെയ്യണം.

**3. ജൂണിയർ വൈദികരുടെ കോഴ്സ് – 2010 ഡിസംബർ മുതൽ 2025 വരെ തിരുപ്പട്ടം സ്വീകരിച്ചവർ**

2010–2025 വർഷങ്ങളിൽ തിരുപ്പട്ടം സ്വീകരിച്ച ബാച്ചുകളിലെ വൈദികർക്കായി ഒരു സ്പിരിചൽ എൻറിച്ച്മെന്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. 2025 ജൂൺ 16 തിങ്കളാഴ്ച വൈകിട്ട് 5:30 മുതൽ 20–ാം തീയതി വെള്ളിയാഴ്ച രാവിലെ 8:30 വരെ പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽവച്ചാണ് ഈ പ്രോഗ്രാം നടക്കുന്നത്. പ്രസ്തുത ബാച്ചുകളിൽപ്പെട്ട മുഴുവൻ വൈദികരും ഈ പരിശീലനപദ്ധതിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു:

## Batch Based List

***Rev. Fathers,***

1. Attarackal James
2. Cherunilam Augustine
3. Cherukarakkunnel Joseph
4. Ettackal Augustine
5. Kalappurackal Chacko
6. Kaniparamabil Sebastian
7. Pazhooparambil Martin
8. Valiyaparambil John
9. Valliyil Thomas
10. Mundackal Paul
11. Moonnanal Mathew
12. Mullamkuzhy John
13. Karingalikkattil Joseph
14. Anikkuzhikkattil Matherw
15. Chemplayil Mathew
16. Chempakasseril Cherian
17. Thypparambil Sebastian
18. Chintharmaniyil Thomas
19. Thuruthel Joseph
20. Chellamkottu Joseph
21. Thengumpallil George
22. Chollampuzha Joseph
23. Thakidiyel Joseph
24. Konnayil Thomas
25. Pallickal Thomas
26. Panamkuzhiyil Thomas
27. Pookamala Thomas
28. Arackal Augustine
29. Kayamkattil George
30. Ikkaraparambil Joseph
31. Kalathil Thomas
32. Puthumana Joseph
33. Mattakkottil Antony
34. Marasseril Thomas

34. Vattamkattel Thomas

36. Kadakkuzhyil Jude
37. Pariyanickal Mathew
38. Panthallooparambil Kuriakose
39. Mundankunnel George
40. Madappamthottukunnel Joseph
41. Thengumpallil Sebastian
42. Mundaplackal Joseph
43. Chiranckal Scaria
44. Mukkuzhy Mathew
45. Thekkevayalil George
46. Chakkamkunnel Augustin
47. Mannoor John

48. Anakkallil Joseph
49. Poovanpuzha Thomas
50. Palakeel Joseph
51. Koipuram Joseph (Edwin)
52. Cheriyamkunnel Joseph
53. Panjikunnel Jacob
54. Padinjareyil Jacob
55. Velloorputhenpurayil Thomas
56. Manjakunnel Michael
57. Edukkunnel Eliyas
58. Muttumannil Philip
59. Ezhuparayil Joseph
60. Thekkedath Sebastian
61. Chalil George
62. Kalappurackal Varghese
63. Koovapparayil John
64. Kunnel Mathew
65. Menappattupadickal Thomas
66. Orathel Joseph
67. Panthalanickal Thomas
68. Plavunilkumparambil Kuriakose
69. Puliyurumbil Johnson
70. Madasseril Lukose
71. Nellithanathil Dennis
72. Pravarthummalayil Mathew
73. Puthukulangara Kuriakose
74. Kanjirathinkal Joseph
75. Vettiyanickal Varghese
76. Kottarathil Joseph
77. Rathappallil Joseph
78. Edathinakath Paul
79. Malakkaran Joseph
80. Pazheparambil George
81. Kallumkal Mathew
82. Anacharil Joseph
83. Chakkittamuriyil Thomas
84. Valiaparambil Mathew
85. Kandathil Paul
86. Nirappel Alex
87. Thengumpallil Sebastian
88. Varambakath Scaria
89. Vemmenikattayil Sebastian
90. Vangaparambil Johnson
91. Koluthappally Joseph
92. Kunnath Varghese
93. Kurisummoottil Joseph
94. Padinjaranisseril George
95. Poovathanickal John Paul
96. Mattapallil Lukose
97. Vayalunkal Joseph
98. Vadakkeparambil Joseph
99. Nirappel Joseph
100. Manjalamkunnel Joseph
101. Karikkathadathil George
102. Anakuthiyil Mathew
103. Chakeyarath Mathew
104. Chempananickal John
105. Kochupurackal Abraham
106. Poovathanikunnel Scaria
107. Punchatharappel George

**4. വി. മൂറോൻ**

2025 ഏപ്രിൽ 14-ാം തീയതി അഭിവന്ദ്യ പിതാവ് ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷ നിർവ്വഹിക്കുന്ന ബഹു. വൈദികരോടപ്പമുള്ള സമൂഹബലിയിൽ വി. മൂറോൻ തൈലം വെഞ്ചരിച്ചു. 2025 മെയ് 11-ാം തീയതി മുതൽ പുതിയ മൂറോൻ തൈലമാണ് വി. കൂദാശകൾക്കായി ഉപയോഗിക്കേണ്ടത്. ഇനിയും പുതിയ മൂറോൻ തൈലം പള്ളികളിലേക്ക് കൊണ്ടുപോകാത്തവർ അതിരൂപതാ കേന്ദ്രത്തിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

**5. മതബോധന ഞായർ**

2025 ജൂൺ 01-ാം തീയതി ഞായറാഴ്ചയാണ് മതബോധന ഞായർ. അന്നേദിവസമാണ് ഈ അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ജൂൺ 01-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച അതിരൂപതയിലെ മതബോധന പ്രവർത്തനങ്ങളെ സഹായിക്കുവാനായി സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**6. ആദരാഞ്ജലികൾ**

**1. റവ. സി. കരോളിൽ എസ്.എച്ച് (70)** : തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ ബഹു. സി. കരോളിൽ 2025 ഏപ്രിൽ 30 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ഏപ്രിൽ 30 ന് പേരാവൂർ തൊണ്ടിയിലുള്ള പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചന്റെ മുഖ്യ കാർമികത്വത്തിൽ നടന്നു. ബത്തേരി, കരുവഞ്ചാൽ, തൊക്കിലങ്ങാടി, ഉദന, സിദ്ധാപുരം എന്നീ സ്ഥലങ്ങളിൽ ബഹു. സിസ്റ്റർ സേവന മനുഷ്ടിച്ചിട്ടുണ്ട്. ആതുര ശുശ്രൂഷ രംഗത്തായിരുന്നു ദീർഘകാലം ബഹു. സിസ്റ്റർ പ്രവർത്തിച്ചത്. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**2. ശ്രീ. പീലിപ്പോസ് ഇളംതുരുത്തിപ്പടവിൽ (97) :** മോൺ. മാത്യു ഇളംതുരുത്തിപ്പടവിലച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. പീലിപ്പോസ് ഇളംതുരുത്തിപ്പടവിൽ 2025 ഏപ്രിൽ 01 ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ഏപ്രിൽ 02 ന് മാട്ടറ സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ കാർമ്മികത്യത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ വ്യസനിക്കുന്ന ബഹു. മാത്യു അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**3. റവ. സി. ആൻസ് അലക്സ് എസ്.എച്ച്. (72) :** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ റവ. സി. ആൻസ് അലക്സ് 2025 ഏപ്രിൽ 07 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ഏപ്രിൽ 09 ന് പേരാവൂർ തൊണ്ടിയിലുള്ള പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ആതുര ശുശ്രൂഷാരംഗത്തിലായിരുന്നു



ബഹു. സിസ്റ്റർ ദീർഘകാലം ശുശ്രൂഷ ചെയ്തത്. കോട്ടയം മെഡിക്കൽ സെന്റർ, അസംപ്ഷൻ ഹോസ്പിറ്റൽ ബത്തേരി, സെന്റ് ജോസഫ് ഹോസ്പിറ്റൽ കരുവഞ്ചാൽ, ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ അങ്കമാലി, സെന്റ് ജോൺസ് മെഡിക്കൽ കോളേജ് ബാംഗ്ലൂർ, സേക്രട്ട് ഹാർട്ട് ഹോസ്പിറ്റൽ സിദ്ധാപുരം, ക്രിസ്തുരാജ് ഹോസ്പിറ്റൽ തൊക്കിലങ്ങാടി എന്നീ സ്ഥലങ്ങളിൽ ബഹു. സിസ്റ്റർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**4. റവ. സി. സൂസോ മരിയ കാവിപുരയിടത്തിൽ (89):**



തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗം ബഹു. സി. സൂസോ മരിയ 2025 ഏപ്രിൽ 21 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ഏപ്രിൽ 22 ന് അഭി. മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ തൊണ്ടിയിലുള്ള പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. കരുവഞ്ചാൽ, വാഴവെറ്റ, സിദ്ധാപുരം, ഉദന, ഹെഗ്ള എന്നീ മഠങ്ങളിലും ജർമ്മനിയിലും ശുശ്രൂഷ ചെയ്തിട്ടുണ്ട്. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**8. സ്നേഹസ്മൃതി**

| | | | |
|---|---|---|---|
| 1. | റവ. ഫാ. ജോസഫ് മാടക്കച്ചേരി | - | 05-05-2002 |
| 2. | റവ. ഫാ. അബ്രാഹം കാവളക്കാട്ട് | - | 06-05-1991 |
| 3. | റവ. ഫാ. ജോസ് കരിക്കാട്ടുകണ്ണിയേൽ | - | 06-05-2021 |
| 4. | റവ. ഫാ. ജോസഫ് മാമ്പുഴ | - | 13-05-2007 |
| 5. | റവ. ഫാ. സിറിയക് വാഴയിൽ | - | 14-05-2021 |
| 6. | മോൺ. ജേക്കബ് പുത്തേട്ട് | - | 16-05-1989 |
| 7. | മോൺ. തോമസ് പഴേപറമ്പിൽ | - | 22-05-1992 |
| 8. | റവ. ഫാ. ജോൺ മണ്ണനാൽ | - | 23-05-2008 |
| 9. | റവ. ഫാ. ജോസ് മാരാംകുഴ | - | 23-05-2012 |
| 10. | റവ. ഫാ. മാത്യു നടുവിലേക്കുറ്റ് | - | 24-05-1997 |
| 11. | റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (ജൂനി.) | - | 25-05-2003 |
| 12. | റവ. ഫാ. ജോർജ് താമരശ്ശേരി | - | 26-05-2008 |
| 13. | റവ. ഫാ. ജോസഫ് മേമന | - | 27-05-2013 |
| 14. | റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ | - | 29-05-2023 |
| 15. | റവ. ഫാ. ജോൺ വടക്കുംമൂലയിൽ | - | 31-05-2023 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



# അനുസ്മരണം

## റവ. ഫാ. തോമസ് വട്ടമല

തലശ്ശേരി അതിരൂപതാംഗമായ റവ.ഫാ. തോമസ് (ബോബി) വട്ടമല (51) 2025 ഏപ്രിൽ 2 ന് പുലർച്ചെ ഒരു മണിക്ക് ജർമ്മനിയിൽ കോയസ് ഫീൽഡിൽ വച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ജർമ്മനിയിൽ അജപാലനശുശ്രൂഷ ചെയ്യുകയായിരുന്ന ബഹു. ബോബി യച്ചൻ ക്യാൻസർ രോഗബാധയെ തുടർന്ന് ചികിൽസയിലായിരുന്നു. ക്യാൻസർ രോഗത്തിന്റെ ലക്ഷണങ്ങൾ രണ്ടു വർഷം മുമ്പ് അച്ചനിൽ ഉണ്ടായിരുന്നുവെങ്കിലും ദൈവകൃപയാൽ വിദഗ്ധചികിത്സയിലൂടെ പരിപൂർണ്ണ സൗഖ്യം പ്രാപിക്കുകയും അജപാലനപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞ ഏതാനും മാസ ങ്ങളായി വീണ്ടും രോഗലക്ഷണങ്ങൾ ഉണ്ടാകുകയും ജർമ്മനിയിൽ ആശുപത്രിയിൽ അഡ്മിറ്റ് ആവുകയും ചെയ്തു. കഠിനമായ വേദന കളിലൂടെയായിരുന്നു കഴിഞ്ഞ ഏതാനും ആഴ്ചകളിൽ ബോബിയ ച്ചൻ കടന്നുപോയിരുന്നത്. 2025 ഏപ്രിൽ രണ്ടാം തീയതി രോഗം മൂർച്ഛിക്കുകയും ആശുപത്രിയിൽ വച്ച് മരണം സംഭവിക്കുകയുമായി രുന്നു. ഏവർക്കും പ്രിയങ്കരനും സൗമ്യനും ഊർജ്ജസ്വലനുമായ ഒരു വൈദികനാണ് തലശ്ശേരി അതിരൂപതാ കൂട്ടായ്മയിൽ നിന്നും വിട വാങ്ങിയത്.

തലശ്ശേരി അതിരൂപതയിലെ മേരിഗിരി ഇടവക വട്ടമല പരേത നായ തോമസ് - ഏലിയാമ്മ ദമ്പതികളുടെ മകനായി 1974 ജൂലൈ 13 നാണ് ബോബിയച്ചൻ ജനിച്ചത്. അച്ചന് നാലു സഹോദരൻമാരും രണ്ട് സഹോദരിമാരുമാണുള്ളത്. ബോബിയച്ചന്റെ സഹോദരൻ ബഹു. ബിജി അച്ചൻ സലേഷ്യൻ സഭാംഗമാണ്. മറ്റു സഹോദരങ്ങൾ

ജോയ്ക്കുട്ടി, ജോളി, സജി, ജോജോ, ബിന്ദു എന്നിവരാണ്. ബഹു. ബോബിയച്ചൻ മേരിഗിരിയിലും രയറോത്തുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ബി.കോം പഠനത്തിനുശേഷം വൈദികപരിശീലനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര പഠനവും സത്ന സെന്റ് എഫ്രേം തിയോളജിക്കൽ കോളേജിൽനിന്ന് ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി 2003 ഡിസംബർ 30 ന് മേരിഗിരി ലിറ്റിൽ ഫ്ളവർ ഫൊറോനാ ദൈവാലയത്തിൽവച്ച് അഭി. മാർ ജോർജ് വലിയമറ്റം പിതാവിന്റെ കൈവയ്പ്പുവഴി തിരുപ്പട്ടം സ്വീകരിച്ചു. മണക്കടവ് പള്ളിയിൽ അസ്തേന്തിയായിട്ടായിരുന്നു ബഹു. ബോബിയച്ചൻ അജപാലന ശുശ്രൂഷ ആരംഭിച്ചത്. 2004 മെയ് മുതൽ 2005 മെയ് വരെ ചെമ്പേരി ലൂർദ്മാതാ ഫൊറോനാ ഇടവകയിലും അസ്തേന്തിയായി ശുശ്രൂഷ ചെയ്തു. 2005 മെയ് മുതൽ 2008 മെയ് വരെ വാണിയപ്പാറ ഉണ്ണീശോ ഇടവകയിൽ വികാരിയായി ബോബിയച്ചൻ ശുശ്രൂഷ ചെയ്തു. വാണിയപ്പാറ ഉണ്ണിമിശിഹാ ഇടവകയുടെ ആദ്യവികാരിയെന്ന നിലയിൽ സ്തുത്യർഹമായ സേവനമാണ് അച്ചൻ കാഴ്ചവച്ചത്. അങ്ങാടിക്കടവ്, ചരൾ, കച്ചേരിക്കടവ്, രണ്ടാംകടവ് എന്നീ ഇടവകകളിലായി ചിതറിക്കിടന്നിരുന്ന ഇരുനൂറോളം കുടുംബങ്ങളെ ഒന്നിച്ചുചേർത്ത് വാണിയപ്പാറ ഇടവക രൂപപ്പെടുത്തുവാൻ ബോബിയച്ചന് സാധിച്ചു. വാണിയപ്പാറ ഇടവകയ്ക്കുവേണ്ടി ആറേക്കറോളം സ്ഥലം വാങ്ങുവാനും ആത്മീയതയുള്ള ഒരു ഇടവകാസമൂഹത്തിന് അടിത്തറയിടാനും അച്ചന് സാധിച്ചു. മതബോധനാവശ്യങ്ങൾക്കായി വാണിയപ്പാറയിൽ കെട്ടിടം നിർമ്മിക്കുവാനും അച്ചന് കഴിഞ്ഞു. ജനഹൃദയത്തിൽ ഇടം പിടിച്ച ഇടയനായിരുന്നു ബഹു. ബോബിയച്ചൻ. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അസി. ഡയറക്ടറായി 2008 മുതൽ 2011 വരെ ശുശ്രൂഷ ചെയ്തു. തുടർന്ന് 2011 മുതൽ 2012 വരെ പാത്തൻപാറ പള്ളിയിൽ വികാരിയായി ശുശ്രൂഷ നിർവ്വഹിച്ചതിനുശേഷം 2013 മുതൽ ജർമ്മനിയിൽ അജപാലനശുശ്രൂഷ നിർവ്വഹിക്കുകയായിരുന്നു. ജർമ്മനിയിലെ മ്യൂസ്റ്റർ രൂപതയിലായിരുന്നു കഴിഞ്ഞ 12 വർഷങ്ങളായി ബോബിയച്ചൻ ശുശ്രൂഷ ചെയ്തത്.

St. Lambearti Coesfield ഇടവകാസമൂഹത്തിന്റെ ഹൃദയത്തിൽ ഇടം നേടാൻ അച്ചന് കഴിഞ്ഞു. മ്യൂസ്റ്റർ രൂപതാധ്യക്ഷനായ അഭി. സ്റ്റീഫൻ സോകോ പിതാവിന്റെ അനുശോചനസന്ദേശത്തിൽ ബഹു. ബോബിയച്ചന്റെ ശുശ്രൂഷകളെ വളരെയേറം വിലമതിച്ചിരുന്നു.

ഹൃദ്യമായ പെരുമാറ്റവും ലളിതമായ ജീവിത ശൈലിയുമായിരുന്നു ബഹു. ബോബിയച്ചന്റേത്. വൈദികരുടെയിടയിൽ ബോബിയച്ചൻ ഏവർക്കും പ്രിയങ്കരനായിരുന്നു. ആഴമായ സൗഹൃദം എല്ലാവരുമായി കാത്തുസൂക്ഷിക്കുവാൻ ബോബിയച്ചന് കഴിഞ്ഞു. മറ്റുള്ളവർക്ക് നന്മ ചെയ്യുവാനും ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ ചേർത്തുപിടിക്കുവാനും ബഹു. ബോബിയച്ചന് പ്രത്യേക സിദ്ധിയുണ്ടായിരുന്നു. ആഴമായ ആധ്യാത്മികതയിലൂന്നിയ ജീവിതമായിരുന്നു ബോബിയച്ചന്റേത്. ക്യാൻസറിന്റെ രോഗലക്ഷണങ്ങൾ തന്റെ ശരീരത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ദൈവപരിപാലനയിൽ പ്രത്യാശയോടെ ശരണം വയ്ക്കുവാൻ ബോബിയച്ചന് കഴിഞ്ഞിരുന്നു. നിർമ്മലനായ ഒരു വൈദികൻ എന്ന് വൈദികസമൂഹവും ദൈവജനവും ഒരുപോലെ വിശേഷിപ്പിച്ച ഒരു വൈദികനാണ് നമ്മെ വിട്ടുപിരിഞ്ഞത്.

അജപാലന ശുശ്രൂഷ ചെയ്ത മേഖലകളിലെല്ലാം ദൈവജനത്തിനുമുമ്പിൽ ഈശോയുടെ പ്രതിപുരുഷനായി നിലകൊള്ളുവാൻ ബഹു. ബോബിയച്ചന് കഴിഞ്ഞു. പാവപ്പെട്ടവരെയും അവശരെയും സഹായിക്കുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ദൈവജനത്തിന്റെ ഹൃദയത്തിൽ ഇടം പിടിക്കുവാൻ കഴിയുംവിധത്തിലുള്ളതായിരുന്നു അച്ചന്റെ അജപാലനശൈലി. ജർമ്മനിയിൽ അജപാലന ശുശ്രൂഷ ചെയ്യുമ്പോൾ നമ്മുടെ അതിരൂപതയെ ഏതൊക്കെവിധത്തിൽ സഹായിക്കാം എന്ന് ചിന്തിക്കുന്ന രീതിയായിരുന്നു ബഹു. ബോബിയച്ചന്റേത്. തലശ്ശേരി അതിരൂപതയിലെ മികച്ചതും പുണ്യങ്ങളാൽ നിറഞ്ഞുനിന്നിരുന്നതുമായ ഒരു പൗരോഹിത്യ വ്യക്തിത്വമാണ് അകാലത്തിൽ നമ്മോട് വിടപറഞ്ഞത്. ബഹു. വൈദികരുടെയും ദൈവജനത്തിന്റെയും മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ ധാരാളം സുന്ദരമായ ഓർമ്മകൾ ബാക്കിയാക്കിയാണ് പ്രിയപ്പെട്ട ബോബിയച്ചൻ യാത്രയാകുന്നത്. നിത്യപുരോഹിതനായ ഈശോ ബഹു. ബോബിയച്ചന്റെ കരം പിടിച്ച് സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കട്ടെ. ഞങ്ങൾക്കുമുമ്പേ നിത്യദീപ്തിയിലേക്ക് യാത്രയായ പ്രിയപ്പെട്ട ബോബിയച്ചന് യാത്രാമംഗളങ്ങൾ. അങ്ങയുടെ ദീപ്തമായ സ്മരണകൾക്കുമുമ്പിൽ ബാഷ്പാഞ്ജലികൾ...

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# നാല്പതാം വെള്ളി തീർത്ഥാടനം
# ചെറുപുഴ

വലിയ നോമ്പിന്റെ നാല്പതു ദിനങ്ങൾ പിന്നിടുന്ന നാല്പതാം വെള്ളി പ്രാധാന്യത്തോടെ ആചരിക്കുന്ന പതിവാണ് നമ്മുടെ സഭയിലുള്ളത്. ഈ വർഷം മുതൽ തലശ്ശേരി അതിരൂപതയിൽ നാല്പതാം വെള്ളി തീർത്ഥാടനമായി നടത്തുവാനാണ് തീരുമാനിച്ചിരുന്നത്. 2025 ഏപ്രിൽ 11 ന് വെള്ളിയാഴ്ച പ്രഥമ നാല്പതാം വെള്ളി തീർത്ഥാടനം നടന്നു. വലിയ ആഴ്ചയിലേക്ക് പ്രവേശിക്കുവാനുള്ള ഒരുക്കമായി നാല്പതാം വെള്ളി തീർത്ഥാടനം മാറി. ചെറുപുഴ, തോമാപുരം, മേരിഗിരി ഫൊറോനാകളിലെ പള്ളികളുടെ പ്രത്യേക പങ്കാളിത്തത്തോടെയാണ് ഈ തീർത്ഥാടനം നടന്നത്.

ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിലേക്ക് വിവിധ കേന്ദ്രങ്ങളിൽ നിന്ന് പതിനായിരത്തോളം തീർത്ഥാടകരാണ് രക്ഷയുടെ അടയാളമായ വിശുദ്ധ കുരിശ് കൈകളിലേന്തി എത്തിച്ചേർന്നത്. മലയോരത്തെ പ്രധാന പട്ടണമായ ചെറുപുഴയിലൂടെ കൈകളിൽ കുരിശ് എടുത്ത് ആയിരങ്ങൾ നീങ്ങിയത് വിശ്വാസപ്രഘോഷണത്തിന്റെ വേദിയായി മാറി.

ഈശോയുടെ പീഢാനുഭവ രംഗങ്ങൾ ചിത്രീകരിച്ച് ഒരുക്കിയ ഫ്ലോട്ടുകൾ അതിമനോഹരമായിരുന്നു. മണ്ഡപം പള്ളി വികാരി ബഹു. തോമസ് കീഴാരത്തിൽ അച്ചനും, പെരുമ്പടവ് ഇടവക വികാരി ബഹു. ജോർജ് തൈക്കുന്നുംപുറം അച്ചനും ചെറുപുഴ ഫൊറോനാ വികാരി ബഹു. ഫിലിപ്പ് ഇരുപ്പക്കാട്ട് അച്ചനും ഫ്ലോട്ടുകൾ ക്രമീകരിക്കുവാൻ നേതൃത്വം നല്കി. ചെറുപുഴ, തോമാപുരം, മേരിഗിരി ഫൊറോനകളിലെ ബഹു. വൈദികർ ദൈവജനത്തെ തീർത്ഥാടനത്തിനായി ഒരുക്കുകയും ദൈവജനത്തിന്റെ ഒപ്പം ത്യാഗത്തോട കുരിശുകൾ കൈകളിൽ എടുത്ത് തീർത്ഥാടനത്തിനെത്തിയതും ദൈവജനത്തിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ഇടയാക്കി.

തോമാപുരം ഫൊറോനാ വികാരി ബഹു. മാണി മേൽവെട്ടം, മേരിഗിരി ഫൊറോനാ വികാരി ബഹു. അബ്രാഹം മഠത്തിമ്യാലിൽ, ചെറുപുഴ ഫൊറോനാ വികാരി ബഹു. ഫിലിപ്പ് ഇരുപ്പക്കാട്ട് എന്നീ വൈദികരുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ നാല്പതാം വെള്ളി തീർത്ഥാടനം വിജയകരമാക്കി. ചെറുപുഴ പട്ടണത്തിലെ കൃത്യമായ ഗതാഗത നിയന്ത്രണം, സെന്റ് മേരീസ് നഗറിൽ ഒരുക്കിയ ക്രമീകര

ണങ്ങൾ, നേർച്ച ഭക്ഷണം തുടങ്ങിയ സർവ്വ കാര്യങ്ങളും കുറ്റമറ്റവിധം ക്രമീകരിക്കുവാൻ ബഹു. ഫിലിപ്പ് ഇരുപ്പക്കാട്ടച്ചന് സാധിച്ചു. പ്രിയപ്പെട്ട ഫിലിപ്പ് അച്ചനും കൊച്ചച്ചൻ ബഹു. ബോഡ്‌വിൻ അട്ടാറക്കൽ അച്ചനും ചെറുപുഴ സെന്റ് മേരീസ് ഇടവകാ സമൂഹത്തിനും ആത്മാർത്ഥമായ നന്ദി.

എല്ലാ തീർത്ഥാടനങ്ങളും മുമ്പിൽ നിന്ന് നയിക്കുന്ന പ്രിയപ്പെട്ട മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സാന്നിധ്യമാണ് ഈ തീർത്ഥാടനത്തിലും ഇത്രത്തോളം ജനപങ്കാളിത്തം ഉണ്ടാകാൻ കാരണമായത്. പിതാവ് തോമാപുരത്ത് നിന്നുള്ള തീർത്ഥാടക സംഘത്തെ നയിക്കുകയും നാല്പതാം വെള്ളിയുടെ ഉജ്ജ്വലമായ സന്ദേശം നല്കുകയും ചെയ്തു. അഭിവന്ദ്യ പിതാവിന് ഹൃദ്യമായ നന്ദി. മോൺ. ആന്റണി മുതുകുന്നേൽ അച്ചനെയും മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനെയും മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ - അച്ചനെയും അതിരൂപതാ കേന്ദ്രത്തിലെ ബഹു. വൈദികരും തീർത്ഥാടനത്തിന് നേതൃത്വം നല്കി. ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേൽ ഏവർക്കും നന്ദി അറിയിച്ചു. രാത്രി എട്ടുമണിക്ക് അഭിവന്ദ്യ പിതാവിന്റെ ആശീർവ്വാദത്തോടെ പ്രഥമ നാല്പതാം വെള്ളി തീർത്ഥാടനം സമാപിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## മരിയൻ പിൽഗ്രിം മിനിസ്ട്രി

തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന മരിയൻ പിൽഗ്രിം മിനിസ്ട്രി 2025 ജൂബിലി വർഷത്തിൽ വിശുദ്ധ നാട്ടിലേയ്ക്കും (2025 ഏപ്രിൽ 21) യൂറോപ്പിൻ രാജ്യങ്ങളിലേയ്ക്കും (2025 മെയ് 11) തീർത്ഥാടനം സംഘടിപ്പിക്കുന്നുണ്ട്.

യാത്രകളെക്കുറിച്ച് കൂടുതൽ അറിയാനും സീറ്റുകൾ ബുക്ക് ചെയ്യുവാനും 7306266198 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി**

# സെമിനാരി വാർത്തകൾ

**മ്ശംശാന പട്ടം**

തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി 10 വൈദികാർത്ഥികൾ ഏപ്രിൽ മാസം 10-ാം തീയതി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ പിതാവിൽ നിന്നും മ്ശംശാന പട്ടം സ്വീകരിച്ചു. നേരത്തെ ഡീക്കൻപട്ടം സ്വീകരിച്ചവർ ഉൾപ്പെടെ 14 മ്ശംശാനമാർ ആണ് അടുത്ത വർഷം പൗരോഹിത്യം സ്വീകരിക്കുവാൻ ഒരുങ്ങുന്നത്. പ്രിയപ്പെട്ട അനുജന്മാർക്ക് ആശംസകളും പ്രാർത്ഥനകളും.

| | House Name, Name | | Parish |
|---|---|---|---|
| 1. | Ayilookunnel, Joseph | - | Rajamudy |
| 2. | Kashamkattil, Jacob | - | Kiliyanthara |
| 3. | Mappilaparambil, George | - | Palavayal |
| 4. | Narikkuzhiyil, Clement | - | Koluvally |
| 5. | Palackal, Joseph | - | Kallar. |
| 6. | Parakkalayil, Joseph | - | Kallar |
| 7. | Pottakkulam, Devasia | - | Peratta |
| 8. | Puliyanappallil, Kuriakose | - | Kozhicha |
| 9. | Thundiyil, Jacob | - | Perumpadavu |
| 10. | Vadakkel, Mathew | - | Chandhanakkampara |

**ഹെവുപ്പദ്യാക്കോന, കാറോയ പട്ടങ്ങൾ**

നമ്മുടെ 12 വൈദികാർത്ഥികൾ ഹെവുപ്പദ്യാക്കോന പട്ടവും 09 പേർ കാറോയപട്ടവും സ്വീകരിച്ചു. ഏപ്രിൽ 16-ാം തീയതി കത്തീഡ്രൽ ദൈവാലയത്തിൽ വച്ചു തിരുകർമ്മങ്ങൾ നടത്തി. പൗരോഹിത്യ പരിശീലന വഴിയിൽ ഒരു പടികൂടി പിന്നിടുന്ന അനുജന്മാർക്ക് പ്രാർത്ഥനാശംസകൾ.

**റീജൻസി - നന്ദി, സ്വാഗതം**

അതിരൂപതയിലെ വിവിധ കേന്ദ്രങ്ങളിൽ സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ച് വൈദികവസ്ത്രം സ്വീകരിക്കാൻ ഒരുങ്ങുന്ന 2024-25

ബാച്ചിലെ റീജൻസി ബ്രദേഴ്സിന് ഹൃദയപൂർവ്വം നന്ദി പറയുന്നു. നിങ്ങളുടെ കഠിനാധ്വാനവും ത്യാഗപൂർണമായ സമർപ്പണവും അതിരൂപത ഹൃദയപൂർവ്വം അനുസ്മരിക്കുന്നു.

പുതിയ കർമ്മമേഖലകളിൽ പ്രായോഗിക പരിശീലനത്തിനായി കടന്നുവന്നിരിക്കുന്ന 2025-26 വർഷത്തെ റീജൻസിക്കാർക്ക് ഹൃദ്യമായ സ്വാഗതം.

| | House Name, Name, Parish | Center |
|---|---|---|
| 1 | Adavanal Paulson, Kilianthara | Archbishop's House |
| 2 | Kudakkachira Kuriakose, Lissigiri | Sandesabhavan |
| 3 | Kunnel Joseph, Ponmala | Archbishop's House,<br>(Mar Valiamattam) |
| 4 | Madathippurath Joseph, Karikkottakary | Mother Home |
| 5 | Manjakunnel Joseph, Paduppu | Family Apostolate |
| 6 | Mannakulathil Kurian, Ulickal | Karunalayam, Chemberi |
| 7 | Mannoor Joseph, Chully | Minor Seminary |
| 8 | Mattathil Eujin, Konnakkad | Savio Boys Town, Kunnoth |
| 9 | Muriyamkariyil Joseph, Mudayiranji | Priest's Home |
| 10 | Neerparamalayil Joseph, Attenganam | Belthangady |
| 11 | Pattapathiyil Chacko, Kodoth | Priest's Home |
| 12 | Puthanapra Don Kurian, Cherupara | Kunnoth Estate, Mar Njaralakatt |
| 13 | Thottathil Jacob, Paduppu | Mount St. Thomas |
| 14 | Vengappallil Donbosco, Manikkadavu | Alpha Institute |

**ദൈവവിളി ക്യാമ്പ്**

നമ്മുടെ അതിരൂപതയിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തിയ ദൈവവിളി ക്യാമ്പുകളിൽ 223 ആൺകുട്ടികളും, 84 പെൺകുട്ടികളും പങ്കെടുത്തു. ക്യാമ്പുകൾക്ക് നേതൃത്വം നൽകിയ വൈദികർക്കും സിസ്റ്റേഴ്സിനും വൈദികാർത്ഥികൾക്കും അല്മായ സഹോദരർക്കും, അതോടൊപ്പം തന്നെ എല്ലാ കാര്യങ്ങളും ഭംഗിയായി ക്രമീകരിച്ച വികാരിയച്ചന്മാർക്കും ഡയറക്ടർ അച്ചന്മാർക്കും നന്ദിയർപ്പിക്കുന്നു. നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് ഏപ്രിൽ മാസം 6-ാം തീയതി മുതൽ 10-ാം തീയതി വരെ സെലക്ഷൻ ക്യാമ്പ് നടത്തപ്പെട്ടു. ക്യാമ്പിന് നേതൃത്വം നല്കിയവരെയും സഹായിച്ചവരെയും നന്ദിയോടെ സ്മരിക്കുന്നു.

**അൾത്താര ശുശ്രൂഷകരുടെ സംഗമം :** നെല്ലിക്കാംപൊയിൽ ഫൊറോന യിലെ അൾത്താരശുശ്രൂഷകരുടെ സംഗമം ഏപ്രിൽ 12-ാം തീയതി നെല്ലി ക്കാംപൊയിൽ നടത്തപ്പെട്ടു. ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നും 150 അൾത്താരശുശ്രൂഷകർ പങ്കെടുത്തു.

**അൾത്താര ശുശ്രൂഷകരുടെ പരിശീലനം**

ഫൊറോന/റീജണൽ തലത്തിൽ അൾത്താര ശുശ്രൂഷകർക്ക് പരിശീ ലനം നൽകുവാൻ അതിരൂപത വൊക്കേഷൻ ബ്യൂറോ സജ്ജമാണ്. ക്ലാസ്സു കളോ, സെമിനാറുകളോ സംഘടിപ്പിക്കുവാൻ താല്പര്യം ഉള്ളവർ അതിരൂ പതാ വൊക്കേഷൻ പ്രമോട്ടറുമായി ബന്ധപ്പെടുക.

**മേജർ സെമിനാരി ഗാതറിങ്ങ് & വർക്ക് ക്യാമ്പ്**

തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പരിശീലനം നേടുന്ന വൈദികാർത്ഥികൾക്കുവേണ്ടി വർക്ക്ക്യാമ്പ് സംഘടിപ്പിച്ചു. വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജും ഫൊറോന ദൈവാലയവുമായി ബന്ധിപ്പിച്ച് നടത്തിയ ഗാതറിങ്ങിലും വർക്ക്ക്യാമ്പിലും 70 വൈദികാർത്ഥികൾ പങ്കാളികളായി. വൈദികാർത്ഥികളുടെ കൂട്ടായ്മ വർദ്ധിപ്പിക്കാൻ ഉതകിയ ഈ ഗാതറിങ്ങിൽ കഠിനാധ്വാനത്തിന്റെ ആൾരൂപങ്ങളായി അവർ ചെയ്ത ജോലികൾ ഏറെ ശ്ലാഘനീയമാണ്. അതിരാവിലെ മുതൽ ഉച്ചവരെ ജോലി ചെയ്ത തിനുശേഷം ഉച്ചകഴിഞ്ഞ് ഇടവക സന്ദർശനത്തിന് സമയം മാറ്റിവച്ചു. വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് 2 ദിവസം കൊണ്ട് വെള്ളരിക്കുണ്ട് ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥനാ കൂട്ടായ്മകൾ സംഘടിപ്പിച്ചത് വൈദി കാർത്ഥികൾക്ക് നല്കിയ അജപാലന ആഭിമുഖ്യം വളരെ വലുതാണ്. വർക്ക്ക്യാമ്പിനു വേണ്ട ഭൗതീകസാഹചര്യങ്ങൾ ഒരുക്കിയ വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് അധികൃതർക്കും വൈദികാർത്ഥികളെ സ്വീകരിച്ച് ആത്മീയവും അജപാലനപരവുമായ എല്ലാ കാര്യങ്ങളും കൃത്യതയോടെ ക്രമീകരിച്ച പെരിയ ബഹു. ഡോ. ഫാ. ജോൺസൺ അന്ത്യാംകുളം അച്ചനും കൊച്ചച്ചനും ഹൃദയപൂർവ്വം നന്ദി പറയുന്നു. ക്യാമ്പിന്റെ ദിനങ്ങൾ മുഴുവൻ വൈദികാർത്ഥികളോടൊപ്പം ചിലവഴിച്ച് എല്ലാ കാര്യങ്ങളും ക്രമീകരിച്ച പ്രിയപ്പെട്ട സുനീഷ് പുതുകുളങ്ങര അച്ചനും നന്ദി. ആദ്യന്തം ക്യാമ്പിൽ സഹകരിച്ച് വൈദികാർത്ഥികളോടൊപ്പം സഹവസിച്ച പ്രിയപ്പെട്ട മൈനർ സെമിനാരിയിലെ വൈദികർക്കും പ്രത്യേകം നന്ദി. ക്യാമ്പ് സെന്റർ സന്ദർശിച്ച് ഉദ്ഘാടനം ചെയ്ത അഭിവന്ദ്യ പിതാവിനും ബഹു. ജനറാളച്ചന്മാർക്കും നന്ദി.

**ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. ജോർജ് കരോട്ട്**
*റെക്ടർ*
8304871142

# കാറ്റക്കെറ്റിക്കൽ അപ്പൊസ്സ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബഹു. വൈദികരും സിസ്റ്റേഴ്സും പ്രധാനാധ്യാപകരും വിശ്വാസപരിശീലകരും മാതാപിതാക്കളും നൽകുന്ന നിസ്വാർത്ഥമായ സേവനങ്ങൾക്ക് നന്ദി പറയുന്നു. പുതിയ പ്രവർത്തനവർഷം കൂടുതൽ ഫലപ്രദമാക്കുവാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. കാറ്റക്കെറ്റിക്കൽ അപ്പൊസ്സ്റ്റോലേറ്റും ബഹു. വൈദികരും സിസ്റ്റേഴ്സും വിശ്വാസപരിശീലകരും മാതാപിതാക്കളും കുട്ടികളും ഒരുമനസ്സോടെ പരിശ്രമിച്ചുകൊണ്ട് തിരുസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഈ ദൗത്യം വിജയകരമാക്കാം.

**1. റീജൻസി ബ്രദറിന് നന്ദി**

2024 ഒക്ടോബർ 22 മുതൽ 2025 ഏപ്രിൽ 14 വരെ വിശ്വാസപരിശീലന കേന്ദ്രത്തിൽ റീജൻസി ചെയ്ത ബ്രദർ സ്കറിയ പായിക്കാട്ടിന് ഹൃദ്യമായ നന്ദി. വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബ്രദർ സ്കറിയ പായിക്കാട്ട് നൽകിയ എല്ലാ സേവനങ്ങൾക്കും സ്നേഹപൂർവ്വം നന്ദി പറയുന്നു.

**2. 2025 മതബോധന ഞായർ - ജൂൺ 01**

2025-2026 പ്രവർത്തനവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ ജൂൺ 01-ന് ഞായറാഴ്ച ആരംഭിക്കുന്നു. അന്നേദിവസം സൺഡേസ്കൂൾ തലത്തിൽ പ്രവർത്തനവർഷ ഉദ്ഘാടനം ആഘോഷമായി സംഘടിപ്പിക്കുന്നത് ഉചിതമാണ്.

**3. സ്റ്റാഫ് മീറ്റിംഗ്**

സൺഡേസ്കൂൾ പ്രവർത്തനവർഷാരംഭത്തിനുമുമ്പായി ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ക്ലാസ്സ് ഫിക്സേഷൻ നടത്തി പുതിയ അധ്യയനവർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കണം.

**4. പ്രവേശനോത്സവം**

2025-2026 വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ പ്രവേശ നോത്സവം ജൂൺ 01 ഞായറാഴ്ചയോ ജൂൺ 08 ഞായറാഴ്ചയോ ആഘോഷ മായി നടത്തേണ്ടതാണ്.

**5. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് - ജൂൺ 14 ശനി**

2025-2026 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് തലശ്ശേരി സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. കോൺഫറൻസ് ജൂൺ 14 ശനിയാഴ്ച രാവിലെ 9:30 ന് ആരംഭിച്ച് ഉച്ചക്ക് 1:00 മണിക്ക് സമാപിക്കുന്നതാണ്. കോൺഫറൻസിൽവെച്ച് വിശ്വാ സപരിശീലനമേഖലിയിൽ 25, 50 വർഷങ്ങൾ പൂർത്തിയാക്കിയവരെ ആദരി ക്കുന്നു. കൂടാതെ 2024-2025 പ്രവർത്തനവർഷത്തെ വിവിധ അവാർഡുകൾ, സ്കോളർഷിപ്പുകൾ എന്നിവ വിതരണം ചെയ്യുന്നതാണ്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുക്കുന്ന കോൺഫറൻസിൽ എല്ലാ ഹെഡ്മാസ്റ്റർ മാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**6. ആമുഖസെമിനാർ ജൂലൈ 10-13**

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂലൈ 10 മുതൽ 13 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടി പ്പിക്കുന്നു. സെമിനാർ ജൂലൈ മാസം 10-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 13-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടു ക്കേണ്ടതാണ്. സെമിനാറിന്റെ ഫീസ് 1400 രൂപയായിരിക്കും.

**7. ക്ലാസ്സ് 1-11 : വാർഷിക പരീക്ഷ - നന്ദി**

1 മുതൽ 11 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ ഏപ്രിൽ 06 ഞായറാഴ്ച രാവിലെ 11 മുതൽ 1 മണിവരെ നടത്തി. പരീക്ഷ വിജയകരമാക്കാൻ സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാ ർക്കും പ്രധാനധ്യാപകർക്കും, വിശ്വാസപരിശീലകർക്കും നന്ദി.

**8. വിശ്വാസോത്സവം - നന്ദി**

ഏപ്രിൽ 01 മുതൽ 04 വരെ നടത്തിയ വിശ്വാസോത്സവം വിജയകര മാക്കാൻ സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും പ്രധാനാധ്യാപ കർക്കും, വിശ്വാസപരിശീലകർക്കും നന്ദി.

**9. ഫൊറോന കമ്മിറ്റി**

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മി റ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോനകമ്മിറ്റിയിലെ

അംഗമാണ്. ജൂൺ മാസത്തിൽ ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**10. പാഠപുസ്തക - ഉപപാഠപുസ്തക വിതരണം**

1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഉപപാഠപുസ്തകങ്ങളും ജൂൺ 04 മുതൽ ജൂൺ 07 വരെയുള്ള തീയതികളിൽ ഫൊറോന അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്. ജൂൺ 01 ഞായറാഴ്ച തന്നെ ആവശ്യമായ പാഠപുസ്തകങ്ങളുടെയും ഉപപാഠപുസ്തകങ്ങളുടെയും എണ്ണം ശേഖരിക്കേണ്ടതാണ്. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ബഹു. ഫൊറോന പ്രസിഡണ്ടിനെ അറിയിക്കണം. ഫൊറോന പ്രസിഡണ്ടും സെക്രട്ടറിയും ഓഫീസിൽ വന്ന് ഫൊറോനയ്ക്കാവശ്യമായ പുസ്തകങ്ങൾ കൊണ്ടുപോകേണ്ടതാണ്.

**11. പാഠപുസ്തകങ്ങളുടെ വില**

| | |
|---|---|
| ക്ലാസ്സ് I - III | : 45 രൂപ |
| ക്ലാസ്സ് IV - XII | : 50 രൂപ |
| ഇംഗ്ലീഷ് പുസ്തകങ്ങൾ | : 55 രൂപ |
| ഉപപാഠപുസ്തകങ്ങൾ I - IX | : 30 രൂപ |
| ഉപപാഠപുസ്തകം X - XI | : 35 രൂപ |
| ഉപപാഠപുസ്തകം XII | : 30 രൂപ |

**12. അവധിക്കാല വേദപാഠം - നന്ദി**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 07 മുതൽ 11 വരെയുള്ള തീയതികളിൽ സന്ദേശഭവനിൽ വച്ച് നടത്തി. 169 കുട്ടികൾ ക്ലാസ്സിൽ പങ്കെടുത്തു. ക്ലാസ്സുകൾ എടുത്ത് സഹായിച്ച സി. പുഷ്പ സിഎംസി, സി. ജ്യോതിസ് കുന്നേൽ എസ്എച്ച്, സി. ടിൻസി റോസ് എസ്എച്ച്, സി. എമിൽ എസ്എച്ച്, സി. ലിനറ്റ് ജോസഫ് എസ് എച്ച്, സി. ലിസിപോൾ എംഎസ്എംഐ, സി. ദിവ്യ അബ്രാഹം എൻഎസ്, സി. ലിയോണ തെരേസ് എൻഎസ്, സി. ലിന്റ എസ്എച്ച്, ബ്രദർ ആൽബർട്ട് വാളുവെട്ടിക്കൽ എന്നിവർക്ക് നന്ദി.

**13. ആസ്പെക്ട് ഉത്തരക്കടലാസ് മൂല്യനിർണ്ണയം**

സന്ദേശഭവനിൽവച്ച് നടത്തിയ ആസ്പെക്ട് ഉത്തരക്കടലാസ് മൂല്യനിർണ്ണയത്തിന് സഹകരിച്ച സി. ലിയോണ തെരേസ് എൻഎസിനും, തലശ്ശേരി രൂപതക്കാരായ രണ്ടാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾക്കും നന്ദി.

**14. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്**

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

**സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് വെള്ളപേപ്പറിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ മെയ്15-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

**15. ജൂബിലി**

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** മെയ് 15-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**16. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്**

12 വർഷവും എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് (വി. കുർബാന + വിശ്വാസ പരിശീലനം) വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് 15-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**17. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും**

12 വർഷവും എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് 15-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

**18. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2024–2025 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു.

തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**19. റിട്ടയർമെന്റ്**

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിശ്ചയപ്രകാരം സൺഡേ സ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാതിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

**20. ദിവ്യകാരുണ്യസന്ധ്യ - നന്ദി**

കാഞ്ഞങ്ങാട് ഫൊറോനയിലെ വിശ്വാസപരിശീലകർക്കായി ഏപ്രിൽ 6-ന് കാഞ്ഞിരടുക്കത്തുവച്ച് ദിവ്യകാരുണ്യസന്ധ്യ നടത്തി. പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

**21. ആദരാഞ്ജലികൾ**

നെടുംപുറംചാൽ സൺഡേസ്കൂൾ പ്രധാനാധ്യാപകൻ സിവി പൊന്നെടുത്താംകുഴിയിൽ സാറിന്റെ മാതാവ് സിസിലിയാമ്മ പൊന്നെടുത്താംകുഴിയിൽ, പടിമരുത് സൺഡേസ്കൂൾ പ്രധാനാധ്യാപകൻ ജോണി പാലനിൽക്കുംതൊട്ടിയിൽ സാറിന്റെ മാതാവ് മറിയക്കുട്ടി പാലനിൽക്കുംതൊട്ടിയിൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പരേതരുടെ കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**22. നന്ദി, നല്ല അവധിക്കാലം**

2024-2025 അധ്യയനവർഷം അനുഗ്രഹപ്രദമാക്കുവാൻ സഹായിച്ച ബഹു. വികാരിയച്ചൻമാർക്കും കൊച്ചച്ചൻമാർക്കും സിസ്റ്റേഴ്സിനും ഹെഡ്മാസ്റ്റർമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവ് നൽകുന്ന പരിപാടികൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും നല്ല അവധിക്കാലം ആശംസിക്കുന്നു.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ**

2025 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ മെയ് 1 മുതൽ ആരംഭിക്കുന്നു.

**തിയോളജി കോഴ്സുകൾ**

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

**പ്രത്യേകതകൾ**

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്സുകൾ ഇംഗ്ലീഷ്/മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാ വിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**Website: www.alpha thalassery.org.**

കൂടുതൽ വിവരങ്ങൾക്ക് : Email - alphits @gmail.com Ph: 8086312826.

## തീസിസ് സമർപ്പണം

അവസാനവർഷ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ മെയ് 30 നു മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾ 60 മുതൽ 80 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 80 മുതൽ 100 വരെ പേജുകളുമുള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളും (ടൈപ്പ് ചെയ്തതായിരിക്കണം) സമർപ്പിക്കണം. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

## സെമസ്റ്റർ പരീക്ഷകൾ

ഈ സെമസ്റ്ററിലെ പരീക്ഷകൾ ഏപ്രിൽ 21 മുതൽ മെയ് 30 വരെ നടത്തപ്പെടുന്നു.

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

വിണ്ണിലെ മഹത്വം ഏറ്റുവാങ്ങി മണ്ണിനെ വിണ്ണിന്റെ അതിസ്വാഭാവിക തലത്തിലേക്ക് ഉയർത്തിയ പരിശുദ്ധ അമ്മയുടെയും; ജന്മംകൊണ്ട് മഹത്വമാർന്നവനായ വി. യൗസേപ്പിതാവിന്റെയും; ത്യാഗത്തിന്റെ സുന്ദര ഭാവങ്ങളെ പുൽകി ജീവിതത്തെ പുണ്യംകൊണ്ട് പൂവണിയിച്ച് ഈശോയുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ച വി. ഡൊമിനിക് സാവിയോയുടെയും തിരുനാൾ നാം ആഘോഷിക്കുന്ന ഈ മാസത്തിൽ എല്ലാവർക്കും തിരുന്നാൾ മംഗളങ്ങൾ... കൂടാതെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞുമിഷനറിമാരുടെ കർമ്മ നിരതമായ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു എന്നു പറയുന്നതിൽ സംശയമില്ല. സ്നേഹമുള്ള കുഞ്ഞുമക്കളേ, “ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും...” എന്ന 2024-25 വർഷത്തെ ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് വച്ച് ത്യാഗോജ്ജ്വലമായ പ്രവർത്തനം കാഴ്ച്ചവെച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും...

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഡൊമിനിക് സാവിയോ
പ്രാർത്ഥനാനിയോഗം : എല്ലാ തൊഴിലാളികളെയും ഓർക്കുന്നു.
സുകൃതജപം : ഉദയനക്ഷത്രമായ പരി. മാതാവേ ഞങ്ങളുടെ ജീവിതങ്ങളെ പ്രത്യാശ പൂർണ്ണമാക്കണമെ.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

01 വ്യാഴം : തൊഴിലാളിദിനം

11 ഞായർ : ദൈവവിളി ദിനം, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം

06 ചൊവ്വ : വി. ഡൊമിനിക് സാവിയോയുടെ തിരുനാൾ

12 തിങ്കൾ : നേഴ്സസ് ദിനം

15 വ്യാഴം : കുടുംബ ദിനം

21 ബുധൻ : തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റ് തോമസ് തോണിപ്പാറ സാറിന്റെ 10-ാം ചരമവാർഷികം.

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, മേഖലാ സീനിയർ - ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്, ശാഖാ - മേഖലാ വാർഷിക റിപ്പോർട്ടുകൾ മേഖലയിൽ ശേഖരിക്കുന്നു. അതിരൂപതാ മാനേജിംഗ് കമ്മറ്റി, എയ്ഞ്ചൽസ് മീറ്റ്.

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2024-25 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെയും, തിരുബാലസഖ്യത്തിന്റെയും ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണമെന്നും ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി ജൂൺ 5-ാം തീയതിയോടെ അവരവരുടെ മേഖലകളിൽ എത്തിക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ശാഖാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേര്, ഒപ്പ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സീൽ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സീൽ വയ്ക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ.

**4. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്**

- 2024-25 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽനിന്നും രണ്ടെണ്ണം വീതം മേഖലകളിൽ വാങ്ങിക്കുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 10-ാം തീയതിയോടെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തീയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- മേഖലാ വാർഷിക റിപ്പോർട്ടിന്റെ ഫോം എല്ലാ മേഖലകളിലും ലഭിച്ചു എന്ന് കരുതുന്നു. പ്രസ്തുത ഫോം പൂരിപ്പിച്ച് ജൂൺ 10-ാം തീയതി ശാഖാ -

വാർഷിക റിപ്പോർട്ടുകൾ അതിരൂപതയിൽ എത്തിക്കുന്നതിന്റെ കൂടെ കൊണ്ടുവരണം എന്നകാര്യംകൂടി ഓർമ്മിപ്പിക്കട്ടെ.

- 2024-2025 പ്രവർത്തനവർഷത്തിൽ നിങ്ങളുടെ മേഖലകളിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച് 1,2,3, സ്ഥാനങ്ങൾ കരസ്ഥമാക്കിയ ശാഖകളുടെ ലിസ്റ്റും കൂടി ഡയറക്ടർ, പ്രസിഡന്റ് എന്നിവരുടെ ഒപ്പോടുകൂടി മേഖലാ വാർഷിക റിപ്പോർട്ട് തരുന്നകൂടെ തരണം എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

**5. മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ചെറുപുഷ്പ മിഷൻലീഗിന്റെ 2025-2027 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഏപ്രിൽ-മെയ് മാസത്തിൽ നടത്തി ലിസ്റ്റ് എത്രയും പെട്ടന്ന് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ. മേഖലാ ഇലക്ഷൻ അതിരൂപതാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ ആണ് നടത്തേണ്ടത്. മേഖലാ ഇലക്ഷൻ നടത്തുന്ന തിയതി നേരത്തെ തന്നെ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**6. ശാഖാ ഇലക്ഷൻ**

ചെറുപുഷ്പ മിഷൻലീഗിന്റെ 2025 - 2026 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ (ജൂനിയർ, സീനിയർ) തിരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തി എന്ന് കരുതുന്നു. അഥവാ ആർക്കെങ്കിലും തിരഞ്ഞെടുപ്പ് നടത്താൻ സാധിച്ചില്ല എങ്കിൽ ജൂൺ ആദ്യആഴ്ച അധ്യയന വർഷാരംഭത്തോടനുബന്ധിച്ച് നടത്തി ശാഖാ ഭാരവാഹികളുടെ പേര് എഴുതി അതിരൂപതയിലേക്ക് തരാനുള്ള ഫോമിൽ എഴുതി ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. ശാഖാ വൈസ് ഡയറക്ടേഴ്സ് ഈ കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

**7. അതിരൂപതാ മാനേജിംഗ് കമ്മറ്റി**

ഈ വർഷത്തെ അതിരൂപതാ മാനേജിംഗ് കമ്മറ്റി മെയ് 17-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നതായിരിക്കും എന്നകാര്യം ഓർമിപ്പിക്കട്ടെ. തളിപ്പറമ്പ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിക്കുന്നതാണ്. എല്ലാ മേഖലകളിലെയും മാനേജിംഗ് കമ്മറ്റി അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

**8. ഏയ്ഞ്ചൽസ് മീറ്റ്**

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയ

റക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. ഈ മാസം ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ഓരോ മേഖലയ്ക്കും ആവശ്യമായ എണ്ണം ഓഫീസിൽ അറിയിക്കുമല്ലോ.

**9. ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും**

ചെറുപുഷ്പ മിഷൻലീഗ് 2025 – 2026 പ്രവർത്തന വർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും **ജൂൺ 7-ാം തീയതി ശനിയാഴ്ച** ആയിരിക്കും. അന്നേദിദിവസം മിഷൻലീഗ് – തിരുബാലസഖ്യം മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. വിവിധ മത്സരങ്ങൾക്ക് വിജയികളായവർക്കും, സ്കോളർഷിപ്പിന് അർഹരായവർക്കും സമ്മാനങ്ങൾ നൽകുന്നതായിരിക്കും. എല്ലാ വൈസ്ഡയറക്ടേഴ്സും, ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ. മീറ്റിംഗിനെകുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**10. എം.ടി.സി. മിഷൻ തീർത്ഥയാത്ര**

ഏപ്രിൽ 09 മുതൽ 12 വരെ ചന്ദനക്കാംപാറയിൽ വച്ച് നടന്ന അതിരൂപതാ എം.റ്റി.സി. ക്യാമ്പിൽ നിന്നും തിരഞ്ഞെടുത്ത 38 കുട്ടികളെ ഏപ്രിൽ 29 – മെയ് 3 വരെ ഷിമോഗ മിഷനിലേക്ക് തീർത്ഥാടനം കൊണ്ടുപോകുന്നു.

**11. ഉണ്ണീശോയ്ക്കൊരു കട്ടിൽ – ഒരായിരം നന്ദിയോടെ**

പഞ്ചാബ് മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ച എല്ലാ ശാഖകൾക്കും, മേഖലകൾക്കും സുമനസുകൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

**12. അതിരൂപതാതല എം.റ്റി.സി. ക്യാമ്പ്**

2025 ഏപ്രിൽ 9 മുതൽ 12 വരെ ചന്ദനക്കാംപാറ ശാഖയിൽ വെച്ച് നടന്ന അതിരൂപതാതല എം റ്റി സി ക്യാമ്പ് ഫൊറോന വികാരി റവ. ഫാ. നോബിൾ ഓണംകുളം ഉദ്ഘാടനം ചെയ്തു. ഏപ്രിൽ 9 ന് വൈകുന്നേരം 6.30 ന് അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്യാമ്പിനെക്കുറിച്ച് അവലോകനം ചെയ്ത് സംസാരിച്ചു.

19 മേഖലകളിൽ നിന്നുമായി ക്യാമ്പിൽ പങ്കെടുത്ത 120 കുട്ടികളിൽ നിന്ന് 38 കുട്ടികൾ മിഷൻ ഗ്രാമസന്ദർശനത്തിനായി തിരഞ്ഞെടുക്കപ്പെട്ടു. ക്യാമ്പിന്റെ വിജയത്തിനായി എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും

ചെയ്തുതന്ന ചന്ദനക്കാംപാറ ഇടവക വികാരി ബഹു. ജോസഫ് ചാത്ത നാട്ട് അച്ചനും, കൊച്ചച്ചനും, സിസ്റ്റേഴ്സിനും, ഇടവകാംഗങ്ങൾക്കും, മേഖല ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

**13. മേഖലാ സന്ദർശനങ്ങൾ**

- 14.04.2025 ന് തോമാപുരം മേഖല അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

**14. മേഖലാ കൗൺസിൽ വാർഷികം**

- 29.03.2025 ന് കുന്നോത്ത് മേഖലാ കൗൺസിൽ - വാർഷികം നടന്നു.
- 29.03.2025 ന് മാലോം മേഖല കൗൺസിൽ - വാർഷികം നടന്നു.
- 30.03.2025 ന് കാസർഗോഡ് മേഖല കൗൺസിൽ - വാർഷികം നടന്നു.
- 03.04.2025 ന് പേരാവൂർ മേഖല കൗൺസിൽ - വാർഷികം നടന്നു.

**15. സെമിനാറുകൾ, ക്ലാസ്സുകൾ**

- 23.03.2025 ന് തലശ്ശേരി ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ഫാ. ജോസഫ് വടക്കപ്പറമ്പിൽ സെമിനാർ നടത്തി.
- 23.03.2025 ന് കുട്ടാപ്പറമ്പ് ശാഖയിലെ കുട്ടികൾക്ക് പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ സെമിനാർ നടത്തി.
- 29.03.2025 ന് മാലോം മേഖല എം.ടി.സി. ക്യാമ്പിലെ കുട്ടികൾക്ക് അതിരൂപത പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ സെമിനാർ നടത്തി.
- 30.03.2025 ന് അടോട്ടുകയം ശാഖയിലെ കുട്ടികൾക്ക് പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ സെമിനാർ നടത്തി.
- 30.03.2025 ന് ചെമ്പന്തൊട്ടി മേഖല എം.ടി.സി. ക്യാമ്പിന് അതിരൂപത പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ സെമിനാർ നടത്തി.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈ അവധിക്കാലത്ത് കളികളുടെയും ആഘോഷങ്ങളുടെയും തിരക്കിനിടയിലും ഈശോയുടെ ഹൃദയ ഗുണങ്ങൾ സ്വന്തമാക്കി ഉണ്ണീശോയുടെ സ്നേഹിതരായി മാറാൻ എല്ലാ കൊച്ചു കൂട്ടുകാർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു... ആശംസിക്കുന്നു. അതോടൊപ്പം കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞു കൂട്ടുകാരുടെ അകമഴിഞ്ഞ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ തിരുബാലസഖ്യം സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു. പ്രിയപ്പെട്ട ആനിമേറ്റേഴ്സ്, കുഞ്ഞുമക്കളേ, തീക്ഷ്ണതയോടെ പ്രവർത്തിച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു...

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്
അനുസ്മരിക്കുന്ന വിശുദ്ധർ : വി. ഡൊമിനിക്ക് സാവിയോ
പ്രാർത്ഥനാനിയോഗം : തൊഴിലാളികൾക്കുവേണ്ടി
സുകൃതജപം : കർത്താവേ ദാവീദിന്റെ പുത്രാ പാപിയായ എന്നിൽ കനിയണമേ.
വചനം : വത്സല മക്കളെപ്പോലെ നിങ്ങൾ ദൈവത്തെ അനുസരിക്കുന്നവരാകുവിൻ (എഫേ 5:1)
പ്രവൃത്തി : പരിശുദ്ധ അമ്മയെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുക

**1. ശാഖകൾ ശ്രദ്ധിക്കാൻ**

01 വ്യാഴം : തൊഴിലാളിദിനം
06 ചൊവ്വ : വി. ഡൊമിനിക് സാവിയോയുടെ തിരുനാൾ

12 തിങ്കൾ : നേഴ്സസ് ദിനം

15 വ്യാഴം : കുടുംബ ദിനം

**2. ഈശോയെപ്പോലെ വളരാം... വലുതാകാം...**

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം വലുതാകാം എന്ന 2025-26 വർഷത്തെ വർക്കുബുക്ക് തയ്യാറായിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖയും ഈ വർക്കുബുക്കിന്റെ തുടർച്ചയായിട്ടാണ് നൽകുന്നത്. 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും വിശ്വാസ പരിശീലന ബുക്കിന്റെ കൂടെ ഈ വർക്ക് ബുക്കും നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ഓരോ ശാഖയിലേക്കും വേണ്ട ബുക്കുകളുടെ എണ്ണം ഈ മാസം തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. പുസ്തകത്തിന്റെ വില 35 രൂപ ആയിരിക്കും.

**3. തിരുബാലസഖ്യം മാർഗ്ഗരേഖ**

തിരുബാലസഖ്യം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 2025-26 പ്രവർത്തനവർഷ മാർഗ്ഗരേഖതിരുബാലസഖ്യം വർക്കുബുക്കിനോടൊപ്പം നൽകുന്നതായിരിക്കും. തിരുബാലസഖ്യപ്രവർത്തനങ്ങളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും മാർഗ്ഗരേഖയിൽ ആണ് നൽകിയിരിക്കുന്നത്.

**4. ശാഖാ ആനിമെറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2024-25 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും തിരുബാലസഖ്യത്തിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണമെന്നും ഓർമിപ്പിക്കുന്നു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**

*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"യൗവനം മുതൽ അവനെ ഞാൻ പിതാവിനെപ്പോലെ പോറ്റുകയും ജനിച്ചപ്പോൾ മുതൽ നയിക്കുകയും ചെയ്തു" (ജോബ് 31:18).

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**മേഖലകൾ/യൂണിറ്റുകൾ ശ്രദ്ധിക്കാൻ**

മേയ് 01 - തൊഴിലാളി ദിനം
തൊഴിലാളികളെ ആദരിക്കൽ

മേയ് 11 - ദൈവവിളി ദിനം

മേയ് 12 - നേഴ്സസ് ദിനം

മേയ് 15 - ദേവസഹായംപിള്ളയുടെ തിരുനാൾ ദിനം
കുടുംബദിനം

**തീരദേശ ക്യാമ്പ്**

മേയ് 23, 24, 25 തീയതികളിൽ കാഞ്ഞങ്ങാട്, കാസർഗോഡ് ഫൊറോനകളുടെ ആഭിമുഖ്യത്തിൽ തീരദേശ ക്യാമ്പ് നടത്തുന്നു. ക്യാമ്പിൽ യുവജനങ്ങളെ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**വനിതാ ക്യാമ്പ്**

മേയ് 29, 30, 31 തീയതികളിൽ ചെമ്പന്തൊട്ടി ഫൊറോനയുടെ നേതൃത്വത്തിൽ വനിതാ ക്യാമ്പ് നടത്തുന്നു. ഫൊറോനയിൽ നിന്നും 3 പേരെയാണ് ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്.

**മിഷൻയാത്ര**

ഈ വർഷം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഉത്തർപ്രദേശിലെ ബിജിനോറിലേക്കാണ് മിഷൻയാത്ര പോകുന്നത്. മെയ് പത്തിനാണ് 10 ദിവസത്തെ യാത്ര ക്രമീകരിച്ചിരിക്കുന്നത്.

**ജബൽപൂരിലെ ആക്രമണം - കെസിവൈഎം മാർച്ച് നടത്തി**

മധ്യപ്രദേശിലെ ജബൽപൂരിൽ മലയാളി വൈദികർ ഉൾപ്പെടെയുള്ള ക്രൈസ്തവ സംഘത്തിന് നേരെയുണ്ടായ ആക്രമണത്തിൽ പ്രതിഷേധിച്ച് കെസിവൈഎം തലശ്ശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ ഇരിട്ടി പോസ്റ്റ് ഓഫീസിലേക്ക് നടത്തിയ മാർച്ചും ധരണയും കെസിവൈഎം സംസ്ഥാന സെക്രട്ടറി വിപിൻ ജോസഫ് ഉദ്ഘാടനം

ചെയ്തു. അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. അഖിൽ മുക്കുഴി, മനോജ് എം കണ്ടത്തിൽ, ബിബിൻ വിൽസൺ, റോണിറ്റ് തോമസ്, അനൽ സാബു, ജിൻസ് കെ. ജോസ് എന്നിവർ പ്രസംഗിച്ചു.

## അൻപതിൽ അൻപത് കാരുണ്യപ്രവർത്തികൾ (50/50)

സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്റെ എറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തു തന്നത് (മത്തായി 25/40). 50 നോമ്പിന്റെ നിറവിൽ, 50 ദിവസങ്ങളിൽ, അതിരൂപത സമിതി നേതൃത്വം കൊടുത്ത 50 കാരുണ്യപ്രവൃത്തികൾ ഫൊറോന, യൂണിറ്റ് സമിതികളുടെ സഹകരണത്തോടെ വിജയകരമായി പൂർത്തിയാക്കി. ഈ പദ്ധതിയോട് സഹകരിച്ച ഫൊറോനകളിലെ (വെള്ളരിക്കുണ്ട്, എടൂർ, ആലക്കോട്, നെല്ലിക്കാംപൊയിൽ, വായാട്ടുപറമ്പ്, മണിക്കടവ്, കുന്നോത്ത്, ചെറുപുഴ, കാസർഗോഡ്, തോമാപുരം, പേരാവൂർ, മാലോം) യൂണിറ്റുകളിലെ (ബിരിക്കുളം, പുളിങ്ങോം, പൊട്ടംപ്ലാവ്, തോമാപുരം, മഞ്ഞളാംപുറം, അങ്ങാടിക്കടവ്, കരുവഞ്ചാൽ, പടന്നക്കാട്, പുറവയൽ, കനകപ്പള്ളി, ചെമ്പേരി, പേരാവൂർ, കാലിച്ചാമരം, വാണിയപ്പാറ, പൈസക്കരി, പനത്തടി, മണിപ്പാറ, ഉളിക്കൽ, ചേപ്പറമ്പ്, ശ്രീകണ്ഠാപുരം, പെരിയ, കുടിയാൻമല) ബഹു. ഡയറക്ടറച്ചന്മാർക്കും പ്രസിഡന്റുമാർക്കും എല്ലാ യുവജന സുഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ നന്ദി.

### ബൈക്ക് റാലി

വിശുദ്ധ വാരത്തിലേക്കുള്ള കവാടമായ നാല്പതാം വെള്ളിയാഴ്ച്ച തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന തീർത്ഥാടന യാത്രയ്ക്ക് മുന്നോടിയായി കെസിവൈഎം എസ്എംവൈഎം ചെറുപുഴ ഫൊറോനയുടെ നേതൃത്വത്തിൽ ഏപ്രിൽ 10 വ്യാഴാഴ്ച്ച വൈകുന്നേരം 4 മണിക്ക് വിളംബര ബൈക്ക് റാലി സംഘടിപ്പിച്ചു. ചെറുപുഴ ഫൊറോന വികാരി ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്, കെസിവൈഎം ചെറുപുഴ ഫൊറോന ഡയറക്ടർ ഫാ. ജിത്ത് കളപ്പുരയ്ക്കൽ, ജനറൽ സെക്രട്ടറി ജോബിൻ കല്ലക്കാവുങ്കൽ എന്നിവർ നേതൃത്വം നൽകി. ബൈക്ക് റാലിയിൽ പ്രത്യേക പങ്കാളിത്തം വഹിച്ചുകൊണ്ട് മേരിഗിരി, തോമാപുരം ഫൊറോനയിൽ നിന്നുമുള്ള യുവജനങ്ങളും റാലിയിൽ സാന്നിധ്യം അറിയിച്ചു. ചെറുപുഴ ഫൊറോന വികാരി ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് ബൈക്ക് റാലി ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് തേർത്തല്ലി, മേരിഗിരി, ചിറ്റാരിക്കാൽ, തോമാപുരം, പുളിങ്ങോം എന്നിവിടങ്ങളിലൂടെ ബൈക്ക് റാലി നടന്നു.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

വിവാഹമെന്ന കൂദാശ വഴി ക്രൈസ്തവ ദമ്പതികൾ സേവനമെന്ന രാജകീയ ദൗത്യത്തിൽ പങ്കുചേരുന്നു. ദരിദ്രരോടും പ്രതികൂല സാഹ ചര്യങ്ങളിൽ കഴിയുന്നവരോടും പ്രദർശിപ്പിക്കുന്ന പ്രത്യേക പരിഗണ നയിലൂടെ, സാമൂഹിക കാര്യങ്ങളിലുള്ള ഉദാരവും നിസ്വാർത്ഥവുമായ സമർപ്പണത്തിന് എല്ലാവരുടേയും മുമ്പിൽ സാക്ഷ്യം നല്കാൻ ക്രൈസ്തവ കുടുംബം വിളിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ദരിദ്രരായ എല്ലാവരോടുമുള്ള പ്രത്യേക സ്നേഹം വഴി കർത്താവിനെ അനുഗ മിക്കുന്നതിൽ അവർ മുന്നേറണം, അങ്ങനെ വിശപ്പനുഭവിക്കുന്നവർ, ദരിദ്രർ, വൃദ്ധജനങ്ങൾ, രോഗികൾ, മയക്കുമരുന്നിന് അടിമകളായവർ, കുടുംബമില്ലാത്തവർ എന്നിവരുടെ കാര്യത്തിൽ അവർ പ്രത്യേക പരി ഗണന കാണിക്കണം. സ്നേഹത്തിന്റെയും നന്മയുടേയും വിളനില ങ്ങളായി ഓരോ കുടുംബവും മാറുമ്പോഴാണ് ഈ ദൗത്യനിർവ്വഹണം സാധ്യമാവുക. അതിനുവേണ്ട പരിശീലനവും ബോദ്ധ്യങ്ങളും കുടും ബങ്ങൾക്ക് നല്കുവാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ഏപ്രിൽ 03-05, 22-24 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 275 ഓളം പേർ സംബന്ധിച്ചു.

**Time Schedule**

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപി ക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മി പ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ്

ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2025 | | | |
|---|---|---|---|
| May | 15-17 | (Thusday - Saturday) | Thalassery |
| June | 12-14 | (Thusday - Saturday) | Thalassery |
| July | 17-19 | (Thusday - Saturday) | Padannakkad |
| August | 21-23 | (Thusday - Saturday) | Thalassery |
| September | 18-20 | (Thusday - Saturday) | Padannakkad |
| October | 16-18 | (Thusday - Saturday) | Thalassery |
| November | 13-15 | (Thusday - Saturday) | Padannakkad |
| December | 18-20 | (Thusday - Saturday) | Thalassery |

## II. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

മാർച്ച് 24, 25 ഏപ്രിൽ 7,10 തീയതികളിൽ ഓൺലൈനായി എക്സിക്യൂട്ടീവ് മീറ്റിംങ്ങുകൾ നടത്തി. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ചും സ്പോർട്സ് ഡേ നടത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു.

### (b) സാൻജോസ് തീർത്ഥാടനം

അതിരൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കാസർഗോഡ് ജില്ലയിലെ ഫൊറോനകളുടെ നേതൃത്വത്തിൽ നടത്തിയ തീർത്ഥാടനമാണിത്. പനത്തടി വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള പള്ളിയിലേക്ക് വിവിധ ഇടങ്ങളിൽ നിന്നുമായി പതിനായിരങ്ങൾ അണിചേർന്നു. മാതൃവേദി അമ്മമാരുടെ സജീവ സാന്നിധ്യവും ആത്മാർത്ഥമായ സഹകരണവും ഉണ്ടായിരുന്നു.

### (c) എമ്മാവൂസ് മീറ്റ് - എടൂർ

തലശ്ശേരി അതിരൂപത ഈ വർഷം സമുദായശക്തീകരണ വർഷം പ്രമാണിച്ച് ഓരോ സംഘടനയുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന്റെ ഭാഗമായി എടൂർ മേഖലയിലെ എമ്മാവൂസ് മീറ്റിൽ ഡയറക്ടറച്ചൻ പങ്കെടു

ത്ത് "സമുദായ ശക്തീകരണം സംഘടനകളിലൂടെ" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്തു.

**(d) മേഖലാ സന്ദർശനം**

തലശ്ശേരി അതിരൂപത മാതൃവേദി പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അതിരൂപതാ ടീം ആലക്കോട്, വായാട്ടുപറമ്പ് എന്നീ മേഖലകളിൽ സന്ദർശനം നടത്തി. അതിരൂപതാ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡന്റ്, മേഖലയുടെ ഉത്തരവാദിത്വം വഹിക്കുന്ന രൂപതാ ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. മേഖല ഡയറക്ടർ, ആനിമേറ്റർ, മേഖല ഭാരവാഹികൾ, യൂണിറ്റു പ്രതിനിധികൾ എന്നിവർ ഈ മേഖല സന്ദർശനത്തിൽ പങ്കെടുത്തു. മേഖലാ ഭാരവാഹികൾ ഇല്ലാത്ത യൂണിറ്റുകളിൽ നിന്ന് യൂണിറ്റ് പ്രസിഡന്റുമാർ യോഗത്തിൽ പങ്കെടുത്തു. യൂണിറ്റ് മാതൃവേദി പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് മേഖലയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉതകുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. എല്ലാ മേഖലകളും നല്ല സഹകരണം കാഴ്ച്ചവെച്ചു.

**(e) മാതൃസംഗമങ്ങൾ**

മാർച്ച് 23, 30 തീയതികളിൽ പയ്യന്നൂർ, പാലാവയൽ എന്നീ ഇടവകകളിൽ മാതൃസംഗമം നടത്തുകയുണ്ടായി. അതിരൂപതാ ഡയറക്ടറച്ചൻ വി. കുർബ്ബാനയർപ്പിച്ച് ക്ലാസ് നല്കി. അമ്മമാരുടെ കാഴ്ചസമർപ്പണവും അംഗത്വനവീകരണവും നടത്തി. തുടർന്ന് മാതൃസമ്മേളനത്തിൽ വച്ച് മാതൃവേദിയിലെ മുതിർന്ന അമ്മമാരെ ആദരിക്കുകയും ചെയ്തു.

**(f) സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം**

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് സമുദായ ശക്തീകരണ ജ്വാല ചെറുപുഴ മേഖലയുടേത് പുളിങ്ങോം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വച്ചും, മാലോം മേഖലയുടേത് കൊന്നക്കാട് സെന്റ് മേരീസ് ദൈവാലയത്തിൽ വച്ചും യഥാക്രമം മാർച്ച് 29, 31 തീയതികളിലായി നടത്തപ്പെട്ടു. ജപമാല, പതാക ഉയർത്തൽ എന്നിവയ്ക്കു ശേഷം പ്രാർത്ഥനാഗാനത്തോടെ പ്രോഗ്രാം ആരംഭിച്ചു. ചെറുപുഴ ഫൊറോന വികാരി വെരി. റവ. ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്, മാലോം ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് തൈക്കുന്നുപുറം എന്നിവർ ജ്വാല ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. മേഖല ഡയറക്ടർമാർ അനുഗ്രഹപ്രഭാഷണവും ആനിമേറ്റേഴ്സ് ആശംസകളും അർപ്പിച്ചു. "മാർത്തോമ്മാ നസ്രാണി സമുദായത്തിന്റെ ചരിത്രവും ശക്തിയും പ്രസക്തിയും" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടറച്ചൻ ക്ലാസ് എടുത്തു. തുടർന്ന് റമ്പാൻ പാട്ട്, സ്കിറ്റ്, സംഘഗാനം, കോൽക്കളി, പുത്തൻപാന പാരായണം, ഡാൻസ് തുടങ്ങിയ പരിപാടികളും അമ്മമാർ മനോഹരമായി സംഘടിപ്പിച്ചു. ജ്വാല പ്രോഗ്രാമിന് എല്ലാ സ്ഥലങ്ങളിലും പരമ്പരാഗത ക്രിസ്തീയ വേഷമായ

ചട്ടയും മുണ്ടും ധരിച്ചുവന്ന അമ്മമാരുടെ സാന്നിധ്യം പ്രത്യേകതയായി. തനത് ക്രിസ്തീയ ഭക്ഷണ വിഭവങ്ങളായ വട്ടയപ്പം, അച്ചപ്പം, കുഴലപ്പം, പിടി, അവലോസുണ്ട എന്നിവ അമ്മമാർ ഉണ്ടാക്കികൊണ്ടുവരികയും എല്ലാവരും പങ്കിട്ട് കഴിക്കുകയും ചെയ്തു. മേഖലാ ഭാരവാഹികളുടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

## (g) മെയ് മാസത്തെ മാർഗ്ഗരേഖ

7 - ലോകാരോഗ്യദിനം

1 - മാതാവിന്റെ വണക്കമാസം ആരംഭം. തൊഴിലാളി മദ്ധ്യസ്ഥൻ ആയ യൗസേപ്പിതാവിന്റെ തിരുനാൾ

3 - **ചെറുപുഴ മേഖല വിസിറ്റ് 10 am, മേരിഗിരി മേഖല വിസിറ്റ് 2pm**

6 - ജ്വാല @ നെല്ലിക്കാംപൊയിൽ വി. ഡൊമിനിക് സാവിയോയുടെ തിരുനാൾ

12 - അന്താരാഷ്ട്ര നഴ്സസ് ദിനം - ഓരോ യൂണിറ്റിലെയും നഴ്സുമാരെ ആദരിക്കുക.

13 - മാതൃവേദി അതിരൂപതാ സ്പോർട്സ് ഡേ
**"കായികോത്സവ് 2K25"**

14 - അന്താരാഷ്ട്ര മാതൃദിനം - എല്ലാ അമ്മമാർക്കും ആശംസ നേരുക. എല്ലാ മേഖലകളിലും സമുചിതമായി ആചരിക്കുക.

15 - അന്താരാഷ്ട്ര കുടുംബദിനം - യൂണിറ്റ് തല സമുചിതമായി ആഘോഷിക്കുക.

24 - ജ്വാല @ തോമാപുരം

31 - മാതാവിന്റെ സന്ദർശനതിരുനാൾ - ഇടവകയിലെ ഗർഭിണികളായ സ്ത്രീകളെ സന്ദർശിച്ച് പ്രാർത്ഥിക്കുക.

### പ്രത്യേകപ്രവർത്തനങ്ങൾ

വലിയ കുടുംബങ്ങളുടെ റീജണൽ സംഗമങ്ങൾ

**III. സീറോമലബാർ മാട്രിമോണി:** സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191.

## IV. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭി

മുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191.

**V. അമല പ്രോലൈഫ്**

തലശ്ശേരി അതിരൂപത സമുദായ ശക്തീകരണ വർഷത്തിൽ പ്രോലൈഫ് ദിനാചരണം തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തി. അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. പ്രോലൈഫ് അതിരൂപതാ പ്രസിഡന്റ് ലോറൻസ് കടിക്കാട്ട് അധ്യക്ഷത വഹിച്ചു. മലബാർ റീജണൽ ഡയറക്ടർ ഫാ. ജോസഫ് പെണ്ണാപറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. മനുഷ്യ ജീവന്റെ മൂല്യത്തെക്കുറിച്ചും പ്രോലൈഫ് പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ചും ഡോ. അബ്രഹാം ജേക്കബ് ക്ലാസ്സെടുത്തു. റവ. ഡോ. ഫിലിപ്പ് കവിയിൽ ലഹരി വിരുദ്ധ പ്രതിജ്ഞയ്ക്ക് നേതൃത്വം കൊടുത്തു. റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ സമൂഹത്തിൽ ജീവന് ഭീഷണിയാവുന്ന വിധത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെയുള്ള പ്രമേയം അവതരിപ്പിച്ചു. അതിരൂപതാ പ്രോലൈഫ് ഡയറക്ടർ സ്വാഗതവും ആനിമേറ്റർ സി. സ്റ്റെല്ല എംഎസ്എംഐ നന്ദിയും അർപ്പിച്ചു. 19 ഫൊറോനകളിൽ നിന്നായി 100 ഓളം പേർ ഈ സംഗമത്തിൽ പങ്കെടുത്തു.

**പുതിയ വർഷത്തേക്കുള്ള അമല പ്രോലൈഫ് ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | - ലോറൻസ് കടിക്കാട്ട് | - മാടത്തിൽ |
| വൈസ് പ്രസിഡന്റ് | - സണ്ണി ആശാരിപ്പറമ്പിൽ | - തളിപ്പറമ്പ് |
| സെക്രട്ടറി | - ഷീബ തെക്കേടത്ത് | - ചെമ്പേരി |
| ജോ. സെക്രട്ടറി | - ഡിംപിൾ കൂട്ടുങ്കൽ | - പാലാവയൽ |
| ട്രഷറർ | - ഷൈനി കണ്ടത്തിൽ | - ലിസ്സിഗിരി |
| കോർഡിനേറ്റേഴ്സ് | - ടോമി ഓലിക്കൽ, ജോമോൻ കരിക്കണ്ടത്തിൽ | |
| എക്സിക്യൂട്ടീവ് | - സെലസ്റ്റിൻ വടക്കേൽ, മേഴ്സി വാതപ്പിള്ളിൽ, ബിനോയ് കാവളത്ത്, ഷിനോജ് പുളിയനാട്ട്, സാലി അരിപ്പറമ്പിൽ | |

**കെസിബിസി പ്രോലൈഫ് ദിനാചരണം**

കെസിബിസി പ്രോലൈഫ് സമിതിയുടെ പ്രോലൈഫ് ദിനാഘോഷം പാലായിലെ അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. ലഹരി വസ്തുക്കളുടെ ഉപയോഗം മൂലം കുടുംബങ്ങളിലെ കെട്ടുറപ്പ് കുറഞ്ഞ് വരുന്നുവെന്നും ജീവനെ ഹനിക്കുന്ന ശക്തികൾ പിടിമുറുക്കിയിരിക്കുന്നതിനാൽ

പ്രോലൈഫ് പ്രവർത്തകരുടെ ഉത്തരവാദിത്വം പതിൻ മടങ്ങ് വർദ്ധിച്ചുവെന്നും പിതാവ് പറഞ്ഞു. പ്രസ്തുത മീറ്റിങ്ങിൽ തലശ്ശേരി അതിരൂപതാ പ്രതിനിധികൾ പങ്കെടുത്തു. അടുത്ത വർഷത്തെ പ്രോലൈഫ് ദിനാഘോഷം തലശ്ശേരിയിൽ വച്ച് നടത്താൻ തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ പതാക ഏറ്റുവാങ്ങി. ശ്രീ ടോമി ഓലിക്കലും സണ്ണി ആശാരിപ്പറമ്പിലും സന്നിഹിതരായിരുന്നു.

### VI. ജീവാഗ്നി ധ്യാനം

കൃപ നിറഞ്ഞ കുഞ്ഞുങ്ങൾക്ക് ജന്മം നല്കാൻ ഗർഭിണികളെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കുന്നതിന് വേണ്ടി പ്രോലൈഫ് ഒരുക്കുന്ന ജീവാഗ്നി ധ്യാനം ഏപ്രിൽ 1, 2, 3 4 എന്നീ തീയതികളിൽ നടത്തപ്പെട്ടു. ഏകദേശം 75 പേർ പങ്കെടുക്കുകയുണ്ടായി. അതിരൂപതാ ഫാമിലി അപ്പൊസ്റ്റലേറ്റ് ഡയറക്ടർ, ഫാ. സെബാൻ ചെരിപുറത്ത്. സി. റീന എസ്എച്ച്, ശ്രീ ലോറൻസ് കടിക്കാട്ട് എന്നിവർ ക്ലാസുകൾ നയിച്ചു. കോർ ടീം അംഗങ്ങളുടെ നേതൃത്വത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. ശ്രീമതി സാലി തങ്കച്ചനാണ് എല്ലാം ഭംഗിയായി ക്രമീകരിച്ചത്. വളരെ നല്ല രീതീയിൽ ധ്യാനം നടത്തുവാൻ സാധിച്ചു.

### VII. പ്രോലൈഫ് മാര്യേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. **Web Site: www.prolifemarry.com**

### VIII. യാത്രയയപ്പ്, സുസ്വാഗതം

കഴിഞ്ഞ ആറുമാസക്കാലമായി ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചതിനുശേഷം തുടർപഠനത്തിനായി പോകുന്ന ബ്രദർ സ്കറിയ പായിക്കാട്ടിന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും യാത്രാമംഗളങ്ങളും നേരുന്നു.

ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സേവനമനുഷ്ഠിക്കാനായി കടന്നു വന്നിരിക്കുന്ന ബ്രദർ ജോയൽ മഞ്ഞക്കുന്നേലിന് ഹൃദ്യമായി സ്വാഗതമാശംസിക്കുന്നു.

### IX. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com
**Web Site: www.familytly.com**

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**1. വിദ്യാലയത്തിലെ ഉത്തരവാദിത്വങ്ങൾ**

പുതിയ അധ്യയന വർഷത്തേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാലഘട്ടമാണിത്. കഴിഞ്ഞ വർഷങ്ങളിലെ പോരായ്മകൾ പരിഹരിച്ച് പുത്തൻ ഉണർവോടെ പുതിയ പ്ലാനുകൾ തയ്യാറാക്കേണ്ടതാണ്.

സ്കൂളിലെ മുഴുവൻ അധ്യാപകർക്കും ചുമതലകൾ കൃത്യമായി നൽകുക എന്ന ഉത്തരവാദിത്വം പ്രധാനാധ്യാപകർക്കുണ്ട്. പ്രധാനാധ്യാപകർ അടുത്ത വർഷത്തേക്കുള്ള ഡ്യൂട്ടിലിസ്റ്റ് മെയ് 5-ാം തീയതിക്കുമുമ്പ് തയ്യാറാക്കണം. ഡ്യൂട്ടികൾ ലഭിച്ച അധ്യാപകർ തങ്ങളുടെ പ്രവർത്തനങ്ങൾക്ക് വേണ്ട പ്ലാനുകൾ തയ്യാറാക്കി മെയ് 12-ാം തീയതിക്കു മുൻപായി പ്രധാനാധ്യാപകന് നൽകണം. ചില അധ്യാപകർ ഉത്തരവാദിത്വങ്ങൾ ഒന്നും ഏറ്റെടുക്കാതെ മിനിമം പ്രവർത്തനങ്ങളുമായി വിദ്യാലയ പ്രവർത്തനങ്ങളിൽ നിന്ന് പരമാവധി ഒഴിഞ്ഞുമാറുന്ന പ്രവണത കാണിക്കുന്നുണ്ട്. ഇത്തരം പ്രവണതകൾ സ്കൂൾ പ്രവർത്തനങ്ങളെ ബാധിക്കും. ചിലർ വർഷങ്ങളായി ഒരേ ഉത്തരവാദിത്വം മാത്രം നിർവഹിക്കുന്നു. മറ്റ് യാതൊരു ചുമതലകളും നിർവഹിക്കാൻ തയ്യാറാകുന്നില്ല. ഇത് ഉചിതമല്ല. അതിനാൽ ഏതാനും വർഷങ്ങൾക്കുശേഷം പുതിയ ചുമതലകൾ ഏൽപ്പിക്കുന്നത് അഭികാമ്യം ആയിരിക്കും.

അധ്യാപകർക്ക് എല്ലാവർക്കും പരമാവധി ഡ്യൂട്ടികൾ നൽകണം. ഒരു ഡ്യൂട്ടി ഒന്നിലധികം അധ്യാപകർക്ക് നൽകണം. പ്രധാന അധ്യാപകർ നൽകുന്ന ഡ്യൂട്ടികൾ എല്ലാവരും ഏറ്റെടുക്കണം. എനിക്കിത് പറ്റില്ല, ഞാൻ ചെയ്യില്ല എന്ന് പറയാൻ ആർക്കും അവകാശമില്ല. പ്രധാനാധ്യാപകർ ഏൽപിക്കുന്ന ഉത്തരവാദിത്വങ്ങൾ എല്ലാവരും ഏറ്റെടുത്ത് ചെയ്യാൻ ബാധ്യസ്ഥരാണ്. ഡ്യൂട്ടികൾ കാര്യമായി ലഭിക്കാത്ത അധ്യാപകരാണ് പലപ്പോഴും എല്ലാറ്റിനെയും വിമർശിച്ച് മടിയന്മാരായി മാറുന്നത്. അതിനാൽ പ്രധാനാധ്യാപകർ ഏൽപിക്കുന്ന എല്ലാ ഉത്തരവാദിത്വങ്ങളും അധ്യാപകർ ഏറ്റെടുക്കേണ്ടതാണ്.

കഴിഞ്ഞ അധ്യയന വർഷം ചില അധ്യാപകർ തങ്ങളുടെ ഉത്തരവാദിത്വനിർവഹണത്തിൽ വീഴ്ച വരുത്തിയതായി വിദ്യാലയ വിലയിരുത്തൽ സമയത്ത് എനിക്ക് മനസ്സിലായി. ഡ്യൂട്ടി ലിസ്റ്റിൽ പേരും ചുമതലയും ഉണ്ട്. എന്നാൽ അധ്യയന വർഷാവസാനം വരെ യാതൊരു പ്രവർത്തനങ്ങളും നടത്താതെ അലസരായി വിദ്യാലയങ്ങളിൽ കഴിയുന്ന അധ്യാപകരെ തങ്ങളുടെ ചുമതലകളെക്കുറിച്ച് ബോധ്യപ്പെടുത്തണം. ഇപ്രകാരം ചുമതലകളിൽ നിന്ന് ഒഴിഞ്ഞുമാറുന്നവരെക്കുറിച്ചും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാത്തവരെക്കുറിച്ചുമുള്ള റിപ്പോർട്ട് പ്രധാനധ്യാപകർ കോർപ്പറേറ്റ് ഓഫീസിലേക്ക് അയക്കണം. വിദ്യാലയങ്ങളിലെ ഉത്തരവാദിത്വങ്ങൾ തങ്ങൾക്കിഷ്ടമുണ്ടെങ്കിൽ ഏറ്റെടുക്കുകയും നിർവഹിക്കുകയും ചെയ്യുന്ന പ്രവർത്തന ശൈലികൾ തിരുത്തണം. അധ്യാപകർക്ക് നിർവഹിക്കാവുന്ന ഉത്തരവാദിത്വങ്ങൾ മാത്രമേ വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്നുള്ളു.

**2. സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്**

സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ എല്ലാ പ്രധാനാധ്യാപകരും കൊടുത്തിട്ടുണ്ടെന്ന് കരുതുന്നു. കൊടുക്കാത്തവർ എത്രയും പെട്ടെന്ന് നൽകേണ്ടതാണ്. താഴെ പറയുന്ന കാര്യങ്ങൾ പ്രധാനാധ്യാപകരും ഓഫീസ് സ്റ്റാഫും ശ്രദ്ധിച്ച് നടപ്പിലാക്കണം.

1. 2024-25 അധ്യയനവർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഓർഡറിലെ അളവുകൾ കൃത്യമാണോയെന്ന് പരിശോധിക്കണം.
2. 2024-25 ലെ സ്റ്റാഫ് ഫിക്സേഷൻ ഓർഡറിലെ അളവുകളിൽ തെറ്റുണ്ടെങ്കിൽ അതിലെ അപാകതകൾ പരിഹരിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണം.
3. ഹയർസെക്കണ്ടറികളും, ഹൈസ്കൂളുകളും തൊട്ടടുത്ത് പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ഹയർസെക്കണ്ടറിക്ക് അത്യാവശ്യമുള്ള റൂമുകൾ പ്രത്യേകമായി വേർതിരിച്ച് ഫിറ്റ്നസ്സ് എടുക്കുക. ബാക്കിയുള്ള പരമാവധി റൂമുകൾ ഹൈസ്കൂൾ വിഭാഗത്തിനായി മാറ്റിവച്ച് രേഖകൾ തയ്യാറാക്കി ഫിറ്റ്നസ് എടുക്കുക.
4. ഫിറ്റ്നസ്രേഖ ലഭിക്കുമ്പോൾ അതിൽ എന്തെങ്കിലും തെറ്റുകൾ ഉണ്ടോയെന്ന് പരിശോധിക്കണം.
5. സ്കൂളുകളിൽ പല സെക്ഷനുകളായി കിടക്കുന്ന കെട്ടിടങ്ങൾ, റൂമുകൾ എന്നിവയുണ്ടെങ്കിൽ അവയുടെയെല്ലാം ഫിറ്റ്നസ് വാങ്ങണം.

**3. എജ്യൂക്കേഷൻ ബോർഡ്**

2024-2027 അധ്യയന വർഷങ്ങളിലെ തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ പുതിയ ബോർഡ് അംഗങ്ങളായി താഴെ പറയുന്നവരെ നിശ്ചയിച്ചു.

1. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി
2. ഫാ. മാണി മേൽവെട്ടം
3. ഫാ. തോമസ് കിടാരത്തിൽ
4. ഫാ. കുര്യാക്കോസ് അറക്കൽ
5. റവ. സി. അനില മണ്ണൂർ എസ്.എ.ബി.എസ് (സന്യസ്ത പ്രതിനിധി)
6. ഡോ. എം. ജെ. മാത്യു മണ്ടപത്തിൽ (പാസ്റ്ററൽ കൗൺസിൽ പ്രതിനിധി)
7. ശ്രീ. മാത്യു എൻ.വി
8. ശ്രീമതി റിൻസി അബ്രാഹം

**4. തലശ്ശേരി കോർപ്പറേറ്റ് എജ്യുക്കേഷൽ & ചാരിറ്റബിൾ ട്രസ്റ്റ്**

2022 ഏപ്രിൽ മാസം മുതൽ 2025 മാർച്ച് 31 വരെ നമ്മുടെ സ്കൂളുകളുടെ നിർമ്മാണം, നവീകരണം, നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ അലവൻസ് എന്നിവയ്ക്കായി നൽകിയ തുകയുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു.

| SL No. | Name of School | Amount | Daily Wage Given to Teachers |
|---|---|---|---|
| 1 | Angadikadavu HSS | 1,20,000 | |
| 2 | Angadikadavu HS | 1,80,000 | |
| 3 | Angadikadavu UP | 18,00,000 | |
| 4 | Arabi UP | 9,25,0000 | |
| 5 | Areekamala LP | 7,50,000 | 2,00,000 |
| 6 | Chandanckampara HS | 5,50,000 | |
| 7 | Chandanckampara UP | 11,00,000 | |
| 8 | Chandanckampara LP | 4,00,000 | |
| 9 | Chemperi HS | 5,00,000 | |
| 10 | Chemperi HSS | 9,00,000 | |
| 11 | Chemperi UP | 14,12,500 | |
| 12 | Chempanthotty HS | 6,50,000 | |
| 13 | Chempanthotty UP | 1,51,00,000 | |
| 14 | Cherupuzha HS | 14,00,000 | |
| 15 | Edoor HSS | 3050,000 | |
| 16 | Edoor HS | 42,00,000 | |
| 17 | Edoor LP | 5,00,000 | |
| 18 | Edakkome LP | 2,75,000 | |
| 19 | Charal LP | 90,000 | |
| 20 | Josegiri UP | 4,40,000 | |
| 21 | Kolakkad HSS | 1,402400 | |
| 22 | Kolakkad HS | 49,00,000 | |

| | | | |
|---|---|---|---|
| 23 | Kappad UP | 27,40,000 | |
| 24 | Kadumeni HS | 45,00,000 | |
| 25 | Kacherikadavu UP | 1,25,000 | |
| 26 | Karikkottakary HS | 10,00,000 | |
| 27 | Karikkottakary UP | 18,00,000 | |
| 28 | Karivedakam UP | 4,00,000 | |
| 29 | Karulladukkam UP | 50,00,000 | |
| 30 | Kalluvayal LP | 65,000 | |
| 31 | Kilianthara HSS | 10,60,500 | |
| 32 | Kilianthara HS | 2,70,000 | |
| 33 | Kunnoth HSS | 15,75,000 | |
| 34 | Kunnoth HS | 12,20,000 | |
| 35 | Kunnoth UP | 7,00,000 | |
| 36 | Kudianmala HS | 7,25,000 | |
| 37 | Kudiianmala UP | 20,50,000 | |
| 38 | Kozhichal LP | 8,25,000 | |
| 38 | Mandapam UP | 4,00,000 | |
| 39 | Mattara UP | 3,50,000 | |
| 40 | Manhalampuram UP | 34,00,000 | |
| 41 | Marygiri HS | 5,00,000 | |
| 42 | Marygiri HSS | 9,50, 000 | |
| 43 | Marypuram LP | 30,000 | |
| 44 | Mangode LP | 5,75,000 | |
| 45 | Mampoil LP | 4,65,000 | |
| 46 | Manikkadavu HSS | 15,00,000 | |
| 47 | Manikkadavu HS | 1,93,00,000 | |
| 48 | Manikadavu UP | 9,00,000 | |
| 49 | Nellikutty UP | 24,00,000 | 50,000 |
| 50 | Nellickampoil LP | 2,00,000 | |
| 51 | Nellippara LP | 2,50,000 | |
| 52 | Paisakary HS | 115,00,000 | |
| 53 | Paisakary UP | 9,50,000 | |
| 54 | Palathinkadavu LP | 25,000 | |
| 55 | Palavayal HSS | 6,00,000 | |
| 56 | Palavayal HS | 21,50,000 | |
| 57 | Pathenpara UP | 4,50,000 | |
| 58 | Pathenpara LP | 1,00,000 | |
| 59 | Peratta UP | 88,00,000 | |

| | | | |
|---|---|---|---|
| 60 | Perumpunna UP | 25,36,950 | |
| 61 | Peravoor HSS | 2,00, 000 | |
| 62 | Perumbadavu HSS | 9,10,000 | |
| 63 | Perumbadavu HS | 36,00,000 | |
| 64 | Pottemplavu UP | 4,00,000 | |
| 65 | Thondiyil UP | 29,50,000 | |
| 66 | Pulikurumba HS | 3,37,500 | |
| 67 | Pulikurumba UP | 6,00,000 | |
| 68 | Thomapuram HSS | 9,10,500 | |
| 69 | Thomapuram HS | 19,00,000 | |
| 70 | Thomapuram LP | 15,00,000 | |
| 71 | Thabore LP | 50,000 | |
| 72 | Ratnagiri LP | 3,75,000 | 3,00,000 |
| 73 | Randamkadavu LP | 3,00,000 | |
| 74 | Udayagiri UP | | |
| 75 | Vayattuparamba HSS | 3,63,000 | |
| 76 | Vayattuparamba HS | 26,00,000 | |
| 77 | Vayattuparamba UP | 3632760 | |
| 78 | Vayathur UP | 15,40,000 | |
| 79 | Vellarikundu HSS | 10,00,000 | |
| 80 | Vellarikundu HS | 2910,000 | |
| 81 | Vilakkannur LP | 10,00,000 | |
| 82 | Velimanam HSS | 4,00,000 | |
| 83 | Velimanam HS | 15,00,000 | |
| 84 | Veerpad UP | 35,00,000 | |

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

TRACE
THALASSERY ARCHDIOCESE FOR RAISING AWARENESS AND COMMUNITY ENRICHMENT

**എജ്ജ്യൂസ്പാർക്ക്**

അതിരൂപതയിലെ 5-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് വേണ്ടി ടാലൻറ് ഹണ്ട് എക്സാം നടത്തി. റിസൾട്ട് ഷീറ്റുകൾ ഇതുവരെയും തലശ്ശേരിയിൽ എത്തിക്കാത്ത ഇടവകകൾ എത്രയും വേഗം തലശ്ശേരിയിൽ എത്തിക്കുക. റിസൾട്ട് മെയ് മാസം ആദ്യം പ്രസിദ്ധീകരിക്കുന്നതാണ്. ഈ പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് തുടർന്ന് ജൂൺ മാസത്തിൽ ലോജിക്കൽ റീസണിങ് പരീക്ഷയും പരിശീലനവും ഉണ്ടായിരിക്കുന്നതാണ്.

ദീപിക ദിനപത്രത്തിന്റെ നേതൃത്വത്തിൽ എജ്യൂസ്പാർക്കിന്റെയും, സാമൂഹിക സേവനവേദിയുടെയും സഹകരണത്തോടെ ദിശ എജ്യൂക്കേഷൻ എക്സ്പോ കണ്ണൂർ ശ്രീപുരം സ്കൂളിൽ വച്ച് ഏപ്രിൽ 12 ന് നടത്തി. കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരി പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ശ്രീ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. ക്ലാസുകൾ നയിച്ചു.

5-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചുകൊണ്ട് നടത്തപ്പെടുന്ന ബ്ലൂമിംഗ് മൈൻഡ്സ് എന്ന പരിശീലന പരിപാടിയിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. കോഴ്സിനെക്കുറിച്ച് അറിയുവാനും, രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾക്കും വിളിക്കുക. +91 94475 28200.

എജ്യൂസ്പാർക്കിന്റെയും ചെറുപുഷ്പ മിഷൻ ലീഗിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കുവേണ്ടി ഏപ്രിൽ 8,9,10 തീയതികളിലായി ലീഡർ ക്യാമ്പ് സംഘടിപ്പിച്ചു. പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിലും, ഇരിട്ടി ഹൃദയാരാം കൗൺസിലിംഗ് സെന്ററിലും ക്യാമ്പ് നടത്തപ്പെട്ടു. രണ്ട് സെന്ററുകളിലായി 200 ഓളം കുട്ടികൾ പങ്കെടുത്തു.

**ഫാ. ജോസഫ് റാത്തപ്പിള്ളിൽ**
*ഡയറക്ടർ*

**ഫാ. ആന്റണി മുതുകുന്നൽ**
*പ്രോട്ടോ സിഞ്ചല്ലൂസ്*

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

### ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ

**പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്വർഗ്ഗീയ ഭവനത്തിൽ**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ നിര്യാണത്തിൽ കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തി. പരിശുദ്ധ പിതാവിന്റെ നിര്യാണത്തോടനുബന്ധിച്ച് 9 ദിവസം സഭയിൽ ദുഖാചരണം നടത്തുന്നതിന്റെ പശ്ചാത്തലത്തിൽ ഏപ്രിൽ 27-ാം തീയതി പാലക്കാട് വെച്ച് നടത്താനിരുന്ന ജന്മവാർഷികവും റാലിയും മെയ് മാസത്തിൽ നടത്തുവാൻ തീരുമാനിച്ചു.

ഏപ്രിൽ 26, 27 തീയതികളിലായി പാലക്കാട് വച്ച് നടക്കുന്ന ജന്മവാർഷിക സമ്മേളനത്തിന്റെ വിലയിരുത്തിനായി രണ്ട് റീജിയണുകളായി ചെറുപുഴയിലും നെല്ലിക്കാംപൊയിലും വെച്ച് ഫൊറോനാ പ്രസിഡന്റുമാരുടെ യോഗം നടന്നു. 27 ന് പാലക്കാട് വെച്ച് നടക്കുന്ന റാലിയിലും പൊതുസമ്മേളനത്തിലും തലശ്ശേരി അതിരൂപതയിലെ ഓരോ ഫൊറോനയിൽ നിന്നും ഒരു ബസ്സ് വച്ച് ആളുകൾ പോകുന്നതിനും സാധിക്കുന്ന ഇടവകകളിൽ നിന്ന് ഓരോ ബസ്സ് ആളുകൾ പോകുന്നതിനും തീരുമാനിച്ചു.

മുളപ്ര യൂണിറ്റിൽ സ്വാശ്രയ സംഘത്തിലെ അംഗങ്ങൾക്കുള്ള ഇഞ്ചി വിത്ത് വിതരണം അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്ത് നിർവഹിച്ചു.

മേരിഗിരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ചേന കൃഷിക്കുള്ള വിത്തിറക്കൽ ചടങ്ങ് ഫൊറോനാ വികാരി വെരി റവ. ഫാ. അബ്രഹാം മഠത്തിമ്യാലിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് ജോർജ് പന്തമാക്കൽ ഉൾപ്പെടെയുള്ള ഭാരവാഹികൾ ചടങ്ങിൽ സംബന്ധിച്ചു.

മാലോം ഫൊറോനയിലെ ചുള്ളി ഇടവകയിൽ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് സമ്മേളനം രൂപത സെക്രട്ടറി ജോസഫ് കൊച്ചുകുന്നത്തുപറമ്പിലും മേരിഗിരി ഫൊറോനയിലെ പെരിങ്ങാല

യൂണിറ്റ് സമ്മേളനം ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് കവിയിലും ഉദ്ഘാടനം ചെയ്തു.

ആനപ്പന്തി പാലം നിർമ്മാണം ഉടൻ പൂർത്തിയാക്കുക എന്ന ആവശ്യവുമായി കത്തോലിക്ക കോൺഗ്രസ് കുന്നോത്ത് ഫൊറോന നടത്തിയ പ്രതിഷേധ സമരം റവ. ഫാ. സേവ്യർ തേലക്കാട് ഉദ്ഘാടനം ചെയ്തു. ബെന്നി പുതിയാംപുറം, മാത്യു വള്ളംകോട്ട്, അഡ്വ. ഷീജ സെബാസ്റ്റ്യൻ, ഷാജു ഇടശ്ശേരി തുടങ്ങിയവർ നേതൃത്വം നൽകി.

കത്തോലിക്കാ കോൺഗ്രസ് കോട്ടൂർ യൂണിറ്റിന്റെ ജനറൽ ബോഡി യോഗവും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഇടവക വികാരി റവ. ഫാ. ജോബി എടത്തിനാൽ ഉദ്ഘാടനം ചെയ്തു.

അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, രൂപത ട്രഷറർ സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കൽ, രൂപത വൈസ് പ്രസിഡന്റ് ഷിനോ പാറക്കൽ, ഫൊറോനാ പ്രസിഡണ്ട് ജോസഫ് മാത്യു കൈതമറ്റം, പാട്രിക് കുരുവിള, ഷാജിമോൻ കളപ്പുരക്കൽ എന്നിവർ സംസാരിച്ചു.

യൂണിറ്റ് പ്രസിഡണ്ട് ഷൈജോ ജോസഫ് വട്ടക്കാവുങ്കൽ രൂപത സെക്രട്ടറിയായി നിയമിതനായതിനാൽ പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി. അനൂപ് മാത്യു കാഞ്ഞിരത്തിങ്കൽ പ്രസിഡണ്ട്, ജോബിൻ കൈപ്പുറം സെക്രട്ടറി, ജയേഷ് വർഗീസ് ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

മണിക്കടവ് ഫൊറോനയിൽ മുണ്ടാനൂർ, കാലാങ്കി ഇടവകകളിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകൾ സ്ഥാപിച്ചു.

**ലഹരി ഉപയോഗത്തിനെതിരെ കത്തോലിക്കാ കോൺഗ്രസ്**

വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ കർമസേന രൂപീകരണവും ലഹരി വിരുദ്ധ ദിനാചരണവും തലശ്ശേരി അതിരൂപതയിലെ 210 ഇടവകകളിൽ മാർച്ച് 30ന് നടന്നു. അതിരൂപതല ഉദ്ഘാടനം കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ ഉളിക്കൽ ഇൻഫന്റ് ജീസസ് പള്ളിയിൽ വച്ച് നടത്തി. ഇരിക്കൂർ എംഎൽഎ അഡ്വക്കേറ്റ് സജീവ് ജോസഫ് മുഖ്യപ്രഭാഷണം നടത്തി.

ഇടവക വികാരി റവ. ഫാ. മനോജ് കിടാരത്തിൽ, കത്തോലിക്കാ കോൺഗ്രസ് അതിരൂപത വൈസ് പ്രസിഡണ്ട് ബെന്നിച്ചൻ മഠത്തിനകം ഫൊറോന പ്രസിഡണ്ട് തോമസ് വർഗീസ് എന്നിവർ സംസാരിച്ചു.

ചെറുപുഴ മേഖലയിൽ അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തും, ചെമ്പേരിയിൽ അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റവും തളിപ്പറമ്പ് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ട്രഷറർ അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേലും കണ്ണൂരിൽ രൂപതാ വൈസ് പ്രസിഡണ്ട് ഐ.സി

മേരിയും ശ്രീകണ്഼ഠപുരത്ത് രൂപത ട്രഷറർ സുരേഷ് ജോർജ് കാഞ്ഞി രത്തിങ്കലും, ചെമ്പതൊട്ടിയിൽ അതിരൂപതാ വൈസ് പ്രസിഡണ്ട് ഷിനോ പാറക്കലും, ആലക്കോട് രൂപത വൈസ് പ്രസിഡണ്ട് ടോമി കണയങ്കലും വ്യത്യസ്ത സമ്മേളനങ്ങൾ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റുമാരായ സ്റ്റീഫൻ കീച്ചേരിക്കുന്നേൽ, ബെന്നി തുളുമ്പുംമാക്കൽ, ജോണി തോലമ്പുഴ, ജിജി കുന്നപ്പള്ളി, സാജു പടിഞ്ഞാറേട്ട്, സാജു പുത്തൻപുര, തോമസ് ഒഴുകയിൽ, ബേബി കോയിക്കൽ, ജയ്സൺ അട്ടാറിമാക്കൽ, ജോളി ജോസഫ് എരിഞ്ഞേരിയിൽ, ജോസഫ് മാത്യു കൈതമറ്റം, ബിജു മണ്ഡപത്തിൽ, ബെന്നി ചേരിക്കതടത്തിൽ, തോമസ് വർഗീസ് വരമ്പകത്ത്, ബിജു ഒറ്റപ്ലാക്കൽ, മാത്യു വള്ളോംകോട്ട്, ജോസ് പുത്തൻപുരയ്ക്കൽ, ജോർജ് കാനാട്ട് എന്നിവരും ഫൊറോന, യൂണിറ്റ് ഡയറക്ടർ അച്ചൻമാരും ഫൊറോന, യൂണിറ്റ് കത്തോലിക്ക കോൺഗ്രസ് ഭാരവാഹികളും നേതൃത്വം നൽകി.

**അണ്ടർ വാട്ടർ ഫിഷ് എക്സിബിഷൻ ഇരിട്ടിയിൽ**

കത്തോലിക്ക കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ എ.ബി കമ്മ്യൂണിക്കേഷൻസ് ഇരിട്ടിയിൽ വച്ച് നടത്തുന്ന അണ്ടർ വാട്ടർ ഫിഷ് എക്സിബിഷൻ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. സംഘാടകസമിതി ചെയർമാൻ തോമസ് വർഗീസ് വരമ്പകത്ത് അധ്യക്ഷത വഹിച്ചു. ബഹു. എംഎൽഎ അഡ്വക്കേറ്റ് സണ്ണി ജോസഫ്, കത്തോലിക്കാ കോൺഗ്രസിന്റെ അതിരൂപത, ഫൊറോന ഭാരവാഹികൾ, ബഹു. ഡയറക്ടർ അച്ചന്മാർ തുടങ്ങിയവർ സംസാരിച്ചു.

**അനുശോചനങ്ങളും ആദരാഞ്ജലികളും**

ജർമനിയിൽ സേവനമനുഷ്ഠിച്ചിരുന്ന നമ്മുടെ അതിരൂപതാംഗമായ മേരിഗിരി ഇടവകയിലെ ബഹു. തോമസ് വട്ടമല അച്ചന്റെ നിര്യാണത്തിൽ അനുശോചനം അറിയിച്ചുകൊണ്ട് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലിന്റെ നേതൃത്വത്തിൽ രൂപതാ ഭാരവാഹികൾ പ്രാർത്ഥിക്കുകയും അച്ചനോടുള്ള ആദരവ് അർപ്പിച്ചുകൊണ്ട് കത്തോലിക്ക കോൺഗ്രസിന്റെ പതാക മൃതദേഹത്തിൽ പുതപ്പിക്കുകയും ചെയ്തു.

തലശ്ശേരി അതിരൂപത വികാരി ജനറൽ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ അച്ചന്റെ വത്സലപിതാവിന്റെ നിര്യാണത്തിൽ അനുശോചനം അറിയിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ, ഭാരവാഹികളായ ബെന്നിച്ചൻ മഠത്തിനകം, സുരേഷ് കാഞ്ഞിരത്തിങ്കൽ, തോമസ് വർഗീസ്, ബിജു ഒറ്റപ്ലാക്കൽ, മാത്യു വള്ളോംകോട്ട് എന്നിവർ ഭവനത്തിൽ ചെന്ന് കത്തോലിക്കാ കോൺഗ്രസിനുവേണ്ടി റീത്ത് വെച്ച് പ്രാർത്ഥിച്ചു.

മേരിഗിരി ഫൊറോന പ്രസിഡണ്ട് തോമസ് ഒഴുകയിലിന്റെ അമ്മയുടെ നിര്യാണത്തിൽ കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. ഗ്ലോബൽ ഡയറക്ടർ റവ ഡോ. ഫിലിപ്പ്

കവിയിലും അതിരൂപത ഭാരവാഹികളും കോടോപ്പള്ളിയിലുള്ള ഭവനത്തിൽ ചെന്ന് ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിച്ചു.

**കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ**

തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ നേതൃസംഗമം ചെമ്പേരി സെന്റ് അൽഫോൻസാ ഓഡിറ്റോറിയത്തിൽ വച്ച് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു.

അതിരൂപത ഭാരവാഹികൾ പങ്കെടുത്ത യോഗത്തിൽ തലശ്ശേരി അതിരൂപതയിലെ എല്ലാ മേഖലകളിലും ഉള്ള യുവജനപ്രതിനിധികൾ പങ്കെടുത്തു. യൂത്ത് കൗൺസിൽ രൂപതയിൽ ശക്തമാക്കുന്നതിന്റെ ഭാഗമായി ഇരിട്ടി ചെമ്പേരി ആലക്കോട് ചെറുപുഴ മേഖലകളായി തിരിച്ചുകൊണ്ട് കൂട്ടായ്മകൾ നടത്തുവാൻ തീരുമാനിച്ചു. ഇരിട്ടി മേഖലയുടെ ചുമതല മണിക്കടവ് ഫൊറോന പ്രസിഡന്റ് അഡ്വക്കേറ്റ് ബിജു ഒറ്റപ്ലാക്കലിനും ചെമ്പേരി മേഖലയുടെ ചാർജ് ചെമ്പന്തൊട്ടി ഫൊറോന പ്രസിഡന്റ് ജോസഫ് മാത്യു കൈതമറ്റത്തിനും നൽകി.

**എടൂർ ഫൊറോനയുടെ പുതിയ ഡയറക്ടർ: റവ. ഫാ. കുര്യാക്കോസ് കളരിക്കൽ**

കത്തോലിക്കാ കോൺഗ്രസ് എടൂർ ഫൊറോനയുടെ പുതിയ ഡയറക്ടറായ ഫാ. കുര്യാക്കോസ് കളരിക്കൽ അച്ചനെ ഫൊറോന മീറ്റിംഗിൽ വെച്ച് ആദരിച്ചു. പുതിയ ഡയറക്ടർ നേതൃത്വത്തിൽ മേഖലയ്ക്ക് കൂടുതൽ കരുത്ത് നേടുവാൻ ആകട്ടേയെന്ന് വികാരി ജനറൽ ബഹു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനും ഗ്ലോബൽ ഡയറക്ടർ ഫിലിപ്പ് കവിയിൽ അച്ചനും ആശംസിച്ചു.

**പ്രതിഷേധങ്ങൾ പ്രതികരണങ്ങൾ**

ജബൽപൂരിലും ഒഡീഷയിലും കത്തോലിക്കാ വൈദികരെയും വിശ്വാസികളെയും ആക്രമിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് പാലാവയൽ യൂണിറ്റിന്റെ നേതൃത്വത്തിൽ പന്തം കൊളുത്തി പ്രകടനം നടത്തി. ക്രൈസ്തവ വിശ്വാസത്തിനെതിരെയുള്ള ആസൂത്രിത നീക്കങ്ങൾക്കെതിരായി വിവിധ യൂണിറ്റുകൾ പ്രതിഷേധ സദസ്സുകൾ സംഘടിപ്പിച്ചു.

ഇടുക്കി തൊമ്മൻകുത്തിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ പള്ളി സ്ഥലത്തെ കുരിശ് അനധികൃതമായി പിഴുത് മാറ്റിയതിലും ഡൽഹിയിൽ ഓശാന ഞായറാഴ്ച പ്രദിക്ഷണം നടത്തുന്നതിന് ക്രൈസ്തവർക്ക് അനുമതി നിഷേധിച്ചതിലും കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

**1. എമ്മാവൂസ് മീറ്റ്**

അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ നേതൃശക്തീകരണ സംഗമം - എമ്മാവൂസ് മീറ്റ്, 2025 വളരെ വിജയകരമായി നമ്മുടെ 19 ഫൊറോനാകളിലും നടത്താൻ നേതൃത്വം കൊടുത്ത എല്ലാ വൈദി കർക്കും സിസ്റ്റേഴ്സിനും എല്ലാ അല്മായ ഭാരവാഹികൾക്കും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

ഈ അജപാലന നേതൃസംഗമത്തിൽ, സമുദായ ശക്തീകരണം കൂടുംബക്കൂട്ടായ്മകളിലൂടെ, സമുദായ ശക്തീകരണം സംഘടനകളി ലൂടെ, സമുദായ ശക്തീകരണം ഹെൽപ്പ് ഡെസ്കിലൂടെ എന്നീ വിഷ യങ്ങളെക്കുറിച്ച് ബഹു. സുബിൻ റാത്തപ്പള്ളി അച്ചൻ, ബഹു. അഖിൽ മുക്കുഴി അച്ചൻ, ബഹു. ജോബി കോവാട്ട് അച്ചൻ എന്നിവർ ക്ലാസ്സു കൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്ററൽ ഓഡിറ്റിങ്ങും നടത്തപ്പെട്ടു.

**3. തീരുമാനങ്ങൾ**

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് നടത്തിയ നേതൃ ശക്തീകരണ സംഗമ തീരുമാനങ്ങൾ ഈ മെയ്മാസം മുതൽ കൂടു തൽ ജാഗ്രതയോടെ നടപ്പിലാക്കാൻ ശ്രദ്ധിക്കുമല്ലോ.

a) എല്ലാ മാസവും കുടുംബക്കൂട്ടായ്മ മുടങ്ങാതെ കൃത്യതയോടെ നടത്തുക. (പ്രാർത്ഥന, ചർച്ച, ഭക്ഷണം ഇവ മൂന്നും അടിസ്ഥാന ഘടകമാണല്ലോ.)

b) ഏതെങ്കിലും ഒരു ഇൻഷുറൻസ് പദ്ധതിയിൽ നമ്മുടെ എല്ലാ കുടും ബങ്ങളും ഉണ്ടെന്ന് ഉറപ്പ് വരുത്തണം. ഇല്ലാത്തവർക്ക് എടുക്കാ നാവശ്യമായ നേതൃത്വം കുടുംബക്കൂട്ടായ്മയിലൂടെ നൽകണം.

c) അർഹിക്കുന്ന എല്ലാ ആളുകൾക്കും EWS സർട്ടിഫിക്കറ്റ് ലഭ്യമായെന്ന് ഉറപ്പുവരുത്തണം.

d) ഗവർണമെന്റ് നൽകുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും നമ്മുടെ എല്ലാ കുടുംബങ്ങൾക്കും ഉറപ്പാക്കത്തക്കവിധം ഗ്രാമസഭകളിൽ ജാഗ്ര തയോടെ പങ്കെടുക്കണം.

e) Biomountian ഉൽപ്പന്നങ്ങൾ എല്ലാ കുടുംബങ്ങളിലും സംലഭ്യമാക്കാനാ വശ്യമായ നേതൃത്വം കൊടുക്കണം. (ഇടവകയിലെ സംഘടനകളെയോ, വ്യക്തികളെയോ ചുമതലപ്പെടുത്തുക.)

**3. പ്രത്യേക ശ്രദ്ധക്ക്**

a) കുടുംബക്കൂട്ടായ്മ ചർച്ചാ വിഷയങ്ങൾ അതിരൂപതാ ഓഫീസിൽ നിന്നും മുൻകൂട്ടി നൽകുന്നതാണ്. 2025-ൽ ഇതിനോടകം അഞ്ച് ചർച്ചാ വിഷ യങ്ങൾ ലഘു വീഡിയോ വഴി നൽകിയത് ശ്രദ്ധിക്കുമല്ലോ.

b) ഓരോ മൂന്ന് മാസം കൂടുമ്പോഴും പ്രവർത്തന റിപ്പോർട്ട് ഓഫീസിലേക്ക് അയക്കണം.

c) എല്ലാ മാസവും റിപ്പോർട്ട് നൽകുന്നതാണ് കൂടുതൽ അഭികാമ്യം. സാധി ക്കാത്തവർ മൂന്ന് മാസത്തിലൊരിക്കൽ നല്കുക.

d) പ്രാർത്ഥനാ പുസ്തകവും റിപ്പോർട്ട് ബുക്കും പതാകയും ഓഫീസിൽ ലഭ്യമാണ്.

i) WhatsApp Number - 8330 870 228

ii) Postal Address - Director, FRUITS
Sandesa Bhavan, Thalassery - 670 101
P B No. 70, Kannur (Dt.)

**4. നന്ദി!**

കഴിഞ്ഞ 6 മാസക്കാലം സ്നേഹത്തോടും ജാഗ്രതയോടും കൂടി ഓഫീസിൽ റീജൻസി ചെയ്ത ബ്രദർ ഡോണൽ കൊടുവേലിപറമ്പിലിന് നന്ദി ! അഭിനന്ദനം !!

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# എയ്ഞ്ചൽ ട്രസ്റ്റ്

**1. ഓഡിറ്റിങ്ങ്**

2024-25 വർഷത്തെ വരവ് - ചിലവ് കണക്കുകൾ ഓഡിറ്റിങ്ങിന് ജൂൺ 30-നകം സന്ദേശഭവൻ ഓഫീസിലോ ഇരിട്ടി ഓഫിസിലോ എത്തിക്കണം. 2024 ഏപ്രിൽ 01 മുതലുള്ള വരവ് - ചിലവുകളും കൃത്യ തയോടെ നൽകപ്പെട്ട സോഫ്റ്റ്‌വെയറിൽ ചെയ്യേണ്ടതാണ്. ബില്ലുകൾ വൗച്ചറുകൾ എല്ലാം ജൂൺ 30-നകം ഓഫീസിൽ എത്തിക്കണേ.

**2. കുടിശിക തീർക്കുക**

കരുവഞ്ചാൽ, ഇരിട്ടി സെന്ററുകളിൽ കൃത്യസമയത്ത് പണം നൽകാത്തതിന്റെ പേരിൽ വന്ന കുടിശിഖകൾ നിർദ്ദിഷ്ട ഫൊറോ നാകൾ ഉടൻതന്നെ തീർത്തു നൽകാൻ സഹകരിക്കുമല്ലോ. ഫൊറോനാ മാസധ്യാന സമയത്ത് എല്ലാ ഫൊറോനാകളിലും ഓരോ ഇടവകൾക്കും നിശ്ചയിച്ചിരിക്കുന്ന പണം സ്വരൂപിച്ച് ഫൊറോനാതല അക്കൗണ്ടിൽ നിക്ഷേപിക്കുന്ന രീതി കൃത്യതയോടെ തുടരണം.

**3. സന്തോഷവാർത്ത**

2025 ഏപ്രിൽ മാസം കരുവഞ്ചാൽ സെന്ററിൽ 92 രോഗികൾക്ക് 920 ഡയാലിസിസും ഇരിട്ടി സെന്ററിൽ 41 രോഗികൾക്ക് 465 ഡയാലി സിസും ചെമ്പേരി സെന്ററിൽ 10 രോഗികൾക്ക് 120 ഡയാലിസിസും നടത്തി ആകെ 143 രോഗികൾക്ക് ആശ്വാസം നൽകാൻ സാധിച്ചു. ഏവരുടെയും സഹകരണത്തിന് നന്ദി !

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY–ABLED AND AWAKENING MISSION (ADAM)

**മലയാറ്റൂർ തീർത്ഥാടനം**

കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 6–ാം തീയതി ഞായറാഴ്ച നടത്തപ്പെട്ട അഖിലേന്ത്യ മലയാറ്റൂർ തീർത്ഥാടനത്തിൽ ആലക്കോട് കൂട്ടായ്മ യിൽ നിന്നും പ്രസിഡന്റ് ശ്രീ. സനീഷിന്റെ നേതൃത്വത്തിൽ 25 ഓളം സഹോദരീസഹോദരങ്ങൾ തീർത്ഥാടനത്തിൽ പങ്കുകാരായി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് 350 ആളുകൾ തീർത്ഥാടന ത്തിൽ പങ്കുചേർന്നു.

**ബഹു. ബോബി വട്ടമല അച്ചന് ആദരാഞ്ജലികൾ!**

തലശ്ശേരി വൈദിക കൂട്ടായ്മയിൽ നിന്നും അകാലത്തിൽ നിത്യ സമാനത്തിനായി വിളിക്കപ്പെട്ട ബഹു. ബോബി അച്ചന് ആദം മിനിസ്ട്രി അംഗങ്ങൾ ഒന്നിച്ച് ചേർന്ന് മേരിഗിരി ദൈവാലയത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു. ആദം മിനിസ്ട്രിയുടെ ആരംഭം മുതൽ ഇന്നുവരെയും ബോബിയച്ചൻ അതിരൂപത ഭിന്നശേഷി സമൂഹത്തിന് ദൈവം തിരഞ്ഞെടുത്ത ഒരു ഉപകാരിയായിരുന്നു. അച്ചൻ നൽകിയ എല്ലാ സഹായങ്ങൾക്കും നന്ദി അർപ്പിച്ച് നിത്യശാന്തിക്കായി പ്രാർ ത്ഥിക്കുന്നു.

**ഓശാന 2K 25**

തലശ്ശേരി അതിരൂപത ബധിര സമൂഹം ഓശാന ഞായറാഴ്ച ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം ചാപ്പലിൽ തിരുകർമ്മ ങ്ങളിൽ പങ്കുചേർന്നു. തുടർന്ന് കെ.സി.വൈ.എം, എസ്.എം. വൈ.എം. അതിരൂപത നോമ്പുകാലപ്രവർത്തനങ്ങളുടെ ഭാഗമായി സെന്റ് മേരീസ് ചർച്ചിലേക്കുള്ള കുരുത്തോല പ്രദക്ഷിണത്തിൽ പങ്കുചേരുകയും, തുടർന്ന് മീറ്റിങ്ങിൽ അംഗങ്ങൾക്ക് ആശംസകൾ

അർപ്പിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. തോമാപുരം ഫൊറോന കെ.സി.വൈ.എം ഡയറക്ടർ ബഹു. ഫാ. ജോൺസൺ പടിഞ്ഞാറയിൽ, പ്രസിഡന്റ് സാൻജോസ് കളരിമുറിയിൽ, അതിരൂപതാ ഭാരവാഹികൾ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി. തോമാപുരം ഫൊറോന കെ.സി.വൈ.എം. പ്രവർത്തകർക്ക്, ഭരണസമിതിക്ക് ആദം മിനിസ്ട്രിയുടെ അഭിനന്ദനങ്ങൾ.. നന്ദി.

**ജൂബിലി 2025 റോം**

ജൂബിലി വർഷം അനുബന്ധിച്ച് ലോക ഭിന്നശേഷി വിഭാഗത്തിനായി 28, 29, 30 തീയതികളിൽ നടത്തപ്പെടുന്നു.

**ഡിവൈൻ നഗർ ബധിര വാർഷിക ധ്യാനം**

മെയ് 23, 24, 25 തീയതികളിലായി കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ കോട്ടയം നഗറിൽ വാർഷിക ധ്യാനം സംഘടിപ്പിക്കുന്നു.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**ലഹരി വേട്ടയിൽ സർക്കാർ ആത്മാർത്ഥത തെളിയിക്കണം**

ലഹരി വ്യാപനം നിയന്ത്രിക്കുന്നതിനുള്ള സർക്കാരിന്റെ പരിശ്രമങ്ങൾ ആത്മാർത്ഥമാണെന്ന് തെളിയിക്കണമെന്നും ശിക്ഷാനിയമങ്ങളിലെ ലാഘവത്വംകൊണ്ട് കുറ്റവാളികൾ രക്ഷപ്പെടുന്നതിനാൽ ലഹരി കുറ്റവാളികൾക്ക് കഠിനശിക്ഷ ഉറപ്പാക്കാൻ നിയമഭേദഗതി നടപ്പാക്കണമെന്നും വെള്ളിമാനം സെൻറ് സെബാസ്റ്റ്യൻസ് പള്ളിയിൽ ചേർന്ന മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. ലഹരി വ്യാപനം തടയാൻ സംഘടിത പ്രവർത്തനങ്ങളും ജാഗ്രതാ സമിതികളും രൂപപ്പെടണമെന്നും തീരുമാനം ഉണ്ടായി. ഇതിന്റെ ഭാഗമായി രൂപതയിലെ എല്ലാ ഇടവകകളോടും അനുബന്ധിച്ച് വാർഡ് കൂട്ടായ്മകളിലും സ്കൂളുകളിലും സൺഡേ സ്കൂളുകളിലും മറ്റ് സംഘടനാതലങ്ങളിലും ബോധവൽക്കരണ ക്ലാസുകളും ജാഗ്രത സമ്മതി രൂപീകരണവും നടത്തും. രൂപതാ തലത്തിൽ ഇതിനായി റിസോഴ്സ് ടീമും ഹെൽപ്പ് ഡെസ്കും രൂപീകരിച്ചു. വെളിമാനം സെന്റ് സെബാസ്റ്റ്യൻസ് പള്ളി വികാരി ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ യോഗം ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ സമിതി അതിരൂപത പ്രസിഡണ്ട് ടോമിസാർ വെട്ടിക്കാട്ട്, മുക്തശ്രീ പ്രസിഡൻറ് ഷിനോ പാറക്കൽ, ആനിമേറ്റർ സിസ്റ്റർ ജോസ് മരിയ CMC, ജോസ് ചിറ്റേട്ട്, വിൻസൻറ് മുണ്ടാട്ട്ചുണ്ടയിൽ, പൈലി വലിയകണ്ടം, ടി ഡി ദേവസ്യ, സോയി ജോസഫ്, സോളി രാമച്ചനാട്ട്, മേരി ആലക്കാറ്റത്തിൽ എന്നിവർ പ്രസംഗിച്ചു.

**റിസോഴ്സ് ടീം ലീഡർമാർ**

1 ടോമി സാർ വെട്ടിക്കാട്ട് - Ph: 9447952528
2 ഷിനോ പാറയ്ക്കൽ - Ph: 954477 2753
3 സോയി സാർ പുറവക്കാട്ട് - Ph: 9447 800122
4 സി. ജോസ് മരിയ CMC
5 സോളി രാമച്ചനാട്ട് - Ph : 9744981270

**ഹെൽപ്പ് ഡെസ്ക്**

1 ടി. ഡി. ദേവസ്യാ സാർ - Ph : 9447484794

2 ജോസ് ചിറ്റേട്ട് – Ph : 9447641486
3 തങ്കമ്മ പാലമറ്റം – Ph : 8848130718
4 ജിൻസി കുഴിമുള്ളിൽ – Ph : 9744393259
5 ഷെൽസി കാവനാടി – Ph : 8547468230

വിവിധ സംഘടനകളിലും സ്ഥാപനങ്ങളിലും ക്ലാസുകൾ നൽകാൻ ആഗ്രഹിക്കുന്നവർ റിസോഴ്സ് ടീം ലീഡർമാരെ ബന്ധപ്പെട്ടാൽ ടീം അംഗങ്ങളുടെ സേവനം ലഭ്യമാകുന്നതാണ്.

മദ്യപാനരോഗ ചികിത്സയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയുന്നതിനും, കൗൺസിലിംങ്ങ് സൗകര്യം ലഭ്യമാക്കുന്നതിനും മറ്റ് എല്ലാവിധ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഹെൽപ്പ് ഡെസ്ക് അംഗങ്ങൾ നിങ്ങൾക്ക് സഹായകമാകും.

**സർക്കാരിന്റെ പുതിയ മദ്യനയം അപലനീയം**

ടൂറിസത്തെ പ്രോൽസാഹിപ്പിക്കാൻ എന്ന വ്യാജേന പുതിയ മദ്യ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാനും മദ്യ നിർമ്മാണത്തെ വ്യവസായവത്കരിക്കുവാനുമുള്ള സർക്കാർ തീരുമാനം പ്രതിഷേധാർഹമാണെന്ന് കെ.സി.ബി.സി. മദ്യ- ലഹരി വിരുദ്ധ സമിതി തലശ്ശേരി അതിരൂപതാ കമ്മിറ്റി കുറ്റപ്പെടുത്തി. സംസ്ഥാനത്ത് മാരകരാസ മയക്കുമരുന്നുകളുടെ വ്യാപനം തടസപ്പെടുത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. മദ്യപാനത്തെ മാന്യവത്കരിച്ച് വെള്ളപൂശാനുള്ള നയം യുവതലമുറയോടുള്ള വെല്ലുവിളിയാണ്. മയക്കുമരുന്നിലേയ്ക്കു ജനശ്രദ്ധ തിരിച്ചുവിട്ട് മദ്യത്തെ പ്രോൽസാഹിപ്പിക്കുന്ന നയമാണ് അബ്കാരികളോടൊപ്പം സർക്കാരും സ്വീകരിക്കുന്നത്. മദ്യനയത്തിൽ അധികാരികൾ കാണിക്കുന്ന ഇരട്ടത്താപ്പ് ജനങ്ങൾ മനസിലാക്കി കഴിഞ്ഞു. മയക്കുമരുന്നു വ്യാപനം തടയുവാനോ, ഉറവിടത്തിൽ തന്നെ നശിപ്പിക്കുവാനോ സർക്കാരിനു കഴിയുന്നില്ല. മയക്കുമരുന്നു കേസിൽ ലളിതമായ പിഴ ചുമത്തി കുറ്റവാളികളെ രക്ഷപെടാൻ സൗകര്യമൊരുക്കുന്ന എക്സൈസ് - പോലീസ് അധികാരികളെ പറ്റി അന്വേഷണം നടത്തണം. സർക്കാരിന്റെ പുതിയ മദ്യനയത്തിനെതിരെ യോജിക്കാവുന്ന എല്ലാ സംഘടനകളെയും കോർത്തിണക്കി തലശ്ശേരി അതിരൂപതാ കമ്മിറ്റി ഒരു ചടുല വിപ്ലവത്തിന് രൂപം കൊടുക്കുകയാണ്. അടിയന്തര അതിരൂപതാ കമ്മിറ്റിയിൽ പ്രസിഡന്റ് ശ്രീ. ടോമി വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. മുക്തിശ്രീ പ്രസിഡന്റ് ശ്രീമതി ഷിനോ പാറയ്ക്കൽ, ടി.ഡി. ദേവസ്യ, സോയി പുറവക്കാട്ട്, പൈലി വലിയകണ്ടം, സോളി രാമച്ചനാട്ട്, സിസ്റ്റർ ജോസ് മരിയ (CMC), വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ, ഷെൽസി കാവനാടി, ജോസ് ചിറ്റേട്ട്, മേരിക്കുട്ടി പാലക്കലോടി, തങ്കമ്മ പാലമറ്റം, പുഷ്പ വെള്ളാപ്പാടം, ജിൻസി കുഴിമുള്ളിൽ, ജോളി നടുതൊട്ടിയിൽ എന്നിവർ പ്രസംഗിച്ചു.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. ജോസഫ് പൂവത്തോലിൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി.എസ്.എസ്.എസ്.**

**ഫ്രാൻസിസ് മാർപാപ്പയ്ക്ക് പ്രാർത്ഥനകളോടെ വിട...**

ആഗോള കത്തോലിക്കാ സഭയുടെ തലവൻ ഫ്രാൻസിസ് മാർപാപ്പയുടെ ദേഹവിയോഗത്തിൽ ലോകമെമ്പാടുമുള്ള എല്ലാവരുടെയും ദുഃഖത്തിൽ TSSS-ന്റെ എല്ലാ മെമ്പർമാരും പങ്കുചേരുകയും സ്നേഹപ്രണാമങ്ങളർപ്പിക്കുകയും ചെയ്തു. അതോടൊപ്പം എല്ലാ യൂണിറ്റുകളിലും പാപ്പായുടെ ചിത്രം വയ്ക്കുകയും, കറുത്ത പതാക സ്ഥാപിക്കുകയും, പാപ്പായ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകളിൽ പങ്കെടുക്കുകയും ചെയ്തു.

**എഡ്യൂക്കേഷണൽ എക്സ്പോ**

ദീപിക - കണ്ണൂർ യൂണറ്റും, തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയും, എഡ്യൂസ്പാർക്ക് തലശ്ശേരിയും സംയുക്തമായി കണ്ണൂർ ജില്ലയിൽ എഡ്യൂക്കേഷണൽ എക്സ്പോ സംഘടിപ്പിച്ചു. കണ്ണൂർ ശ്രീപുരം ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ''ദിശ'' എന്ന പേരിൽ സംഘടിപ്പിച്ച എഡ്യൂക്കേഷണൽ എക്സ്പോയുടെ ഉദ്ഘാടനകർമ്മം കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിയിൽ നിർവ്വഹിച്ചു. മുൻ കേരള ഡിജിപിയും, വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധനുമായ ശ്രീ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. നൂതന വിദ്യാഭ്യാസ സാധ്യതകളെക്കുറിച്ച് പ്രസ്തുത എക്സ്പോയിൽ സംവദിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാർ ശ്രീ. ജോബി കെ. ജോസ് ആമുഖപ്രഭാഷണം നടത്തി. പ്ലസ് വൺ, പ്ലസ് ടു പരീക്ഷ കഴിഞ്ഞ് ഉന്നതവിദ്യാഭ്യാസത്തിന് കാത്തിരിക്കുന്ന കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ആയിരത്തോളം വിദ്യാർത്ഥികൾ എക്സ്പോയിൽ പങ്കെടുത്തു. കേരളത്തിനകത്തും പുറത്തുമുള്ള പ്രശസ്തമായ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സർവ്വകലാശാലകളുടെയും സ്റ്റാളുകളും, വിദ്യാർഥികൾക്ക് സ്പോട്ട് അഡ്മിഷൻ എടുക്കാനുള്ള സൗകര്യവും എക്സ്പോയിൽ സജ്ജമാക്കി. തലശ്ശേരി അതിരൂപത വൈസ് ചാൻസലർ ഫാ. സുബിൻ റാത്തപ്പള്ളി, TSSS അസോസിയേറ്റ് ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി, ദീപിക കണ്ണൂർ യൂണിറ്റ് റസിഡന്റ് മാനേജർ ഫാ. ജോബിൻ വലിയപറമ്പിൽ, ദീപിക

സീനിയർ സർക്കുലേഷൻ മാനേജർ ശ്രീ. ജോർജ് തയ്യിൽ, വിവിധ വിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

**കാവൽപ്ലസ് പ്രൊജക്ട് ഇന്റർവ്യൂ**

കാസർഗോഡ് ജില്ലയിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കാവൽപ്ലസ് പദ്ധതിയിലേക്ക് കോർഡിനേറ്റർ, കേസ് വർക്കർ എന്നീ തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ഉദ്യോഗാർത്ഥികൾക്കായി ഇന്റർവ്യൂ മെയ് മാസത്തിൽ നടത്തുന്നതാണ്. TSSS ഡയറക്ടർ, CWC ചെയർമാൻ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, ജില്ലാ വനിതാ-ശിശുവികസന ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിലായിരിക്കും പ്രസ്തുത ഇന്റർവ്യൂ സംഘടിപ്പിക്കുക. 150-ൽ പരം അപേക്ഷകൾ ഇതിനകം പ്രസ്തുത അപേക്ഷകളിലേക്കായി ലഭിച്ചു. ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC) ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് എന്നിവരുടെ മേൽനോട്ടത്തിലാണ് കാവൽപ്ലസ് പദ്ധതി പ്രവർത്തിച്ചു വരുന്നത്. നിലവിൽ കണ്ണൂർ ജില്ലയിലെ കാവൽപ്ലസ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ്.

**ഗ്രാമിയ നോട്ടുബുക്കുകൾക്ക് ഓർഡറുകൾ ക്ഷണിക്കുന്നു**

TSSS-ന്റെ നേതൃത്വത്തിൽ വിപണിയിൽ ലഭ്യമാക്കിവരുന്ന ഗ്രാമിയ നോട്ടുബുക്കുകളുടെ ഈ വർഷത്തെ വിതരണം നടന്നുകൊണ്ടിരിക്കുന്നു. കുറഞ്ഞ നിരക്കിൽ നോട്ടുബുക്കുകൾ ആവശ്യമുള്ളവർ മുൻകൂട്ടി ഓർഡർ നൽകേണ്ടതാണ്. കൂടുതൽ ഓർഡറുകൾ നൽകുന്ന ഇടവകകളിലും യൂണിറ്റുകളിലും നോട്ടുബുക്കുകൾ എത്തിച്ചു നൽകുന്നതായിരിക്കും. ആകർഷകമായ നിരക്കിലും മികവോടെയും 96, 168 പേജുകളിലായാണ് ഈ വർഷം കോളേജ്, സ്കൂൾ നോട്ടുബുക്കുകൾ തയ്യാറാക്കിയിട്ടുള്ളത്.

മുൻവർഷങ്ങളിൽ സൺഡേ സ്കൂളുകളിലേക്ക് പ്രത്യേകമായി തയ്യാറാക്കിയിരുന്ന **വഴികാട്ടി സൺഡേ സ്കൂൾ നോട്ടുബുക്കുകൾ** ഈ വർഷവും പൊതുവിജ്ഞാന ചോദ്യങ്ങളും ഉത്തരങ്ങളും ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് പ്രയോജനകരമാവുന്നവിധം ആകർഷകമായ ഡിസൈനോടുകൂടി തയ്യാറാക്കിവരുന്നു. കൂടുതൽ വിവരങ്ങൾക്ക് +91 9496684784 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഓഡിറ്റിംഗ്:** 2025 ഏപ്രിൽ 21-ാം തീയതിയോടുകൂടി സംഘനിധി, റീജിയണൽ കോർഡിനേഷൻ കമ്മിറ്റി (RCC) തുടങ്ങിയവയുടെ ഓഡിറ്റിംഗ് പൂർത്തിയായി. ഏപ്രിൽ 22 മുതൽ മെയ് 31 വരെയുള്ള കാലയളവിൽ എല്ലാ യൂണിറ്റുകളുടെയും ഓഡിറ്റിംഗ് നടക്കുന്നതാണ്. 2025 ജൂൺ 01 മുതൽ യൂണിറ്റുകളുടെ വാർഷിക പൊതുയോഗങ്ങൾ ആരംഭിക്കേണ്ടതും, ജൂലൈ 12-ന് മുമ്പായി പൂർത്തിയാക്കേണ്ടതുമാണ്.

**ദ്വിദിന പഠന സന്ദർശനം**

പടന്നക്കാട് കാർഷിക കോളേജിലെ അവസാനവർഷ പി.ജി. വിദ്യാർത്ഥികൾ TSSS-ലേക്ക് 2025 ഏപ്രിൽ 10, 11 തീയതികളിലായി ദ്വിദിന സന്ദർശനം

നടത്തി. ജനങ്ങൾക്കിടയിൽ TSSS നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ചും, TSSS-ന്റെ പ്രവർത്തനശൈലിയെക്കുറിച്ചും, പദ്ധതി നടത്തിപ്പിനെക്കുറിച്ചും മനസ്സിലാക്കുവാൻ സംഘടിപ്പിച്ച പഠനയാത്രയിൽ 107 വിദ്യാർത്ഥികൾ പങ്കെടുത്തു. TSSS-ന്റെ വിവിധ പ്രവർത്തനമേഖലകളിൽ 10 പേരടങ്ങുന്ന ടീമുകളായി സന്ദർശനം നടത്തി.

**നിഴൽ പദ്ധതി:** തെരുവോരങ്ങളിൽ വസിക്കുന്നവർക്കും, സർക്കാർ ആശുപത്രികളി ലേക്കും ഉച്ചഭക്ഷണം നൽകുന്നതിനായി TSSS ആരംഭിച്ച നിഴൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിവിധ ഉപകാരികളുടെ സഹകരണത്തോടെ ഏകദേശം ഒരു ലക്ഷം രൂപയോളം ഇതിനകം നമുക്ക് സ്വരൂപിക്കുവാൻ സാധിച്ചു. നിഴൽ പദ്ധതിയുടെ ആദ്യപ്രവർത്തനമായി 100 പേർക്ക് ഭക്ഷണം നൽകികൊണ്ട് ആരംഭം കുറിച്ചു. നിർദ്ധനരായ മൂന്ന് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള സഹായവും പദ്ധതിയിലൂടെ നൽകി. തുടർന്നും ഈ പുണ്യപ്രവർത്തിയിലേക്ക് ഏവരുടെയും സഹായ സഹകരണങ്ങൾ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ.

| | | |
|---|---|---|
| Name | : | **TSSS NIZHAL PROJECT** |
| A/c No. | : | 012 805 300 022 770 |
| Branch | : | Thalassery |
| IFS Code | : | DLXB0000128 |

**നേതൃത്വസംഗമവും ട്രെയിനിംഗും**

2025-2027 ഭരണസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും ട്രെയിനിംഗും നേതൃത്വസംഗമവും സംഘടിപ്പിച്ചു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ യൂണിറ്റ് (ക്രെഡിറ്റ് യൂണിയൻ, ഗ്രാമിക, എം.എസ്.എസ്.) പ്രസിഡണ്ടുമാരും സെക്രട്ടറിമാരും ട്രെയിനിംഗിൽ പങ്കെടുത്തു. അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ പരിശീലനം, ലീഡർഷിപ്പ് ട്രെയിനിംഗ്, നിയമാവലി പരിചയപ്പെടുത്തൽ തുടങ്ങിയവ പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിൽ സംഘടിപ്പിച്ചു. മാർച്ച് 20 വ്യാഴാഴ്ച രാവിലെ 10 മണിക്ക് വെള്ളരിക്കുണ്ട്, ഉച്ചയ്ക്ക് രണ്ട് മണിക്ക് പനത്തടി എന്നിവിടങ്ങളിലും, മാർച്ച് 21 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ചിറ്റാരിക്കാൽ, ഉച്ചയ്ക്ക് രണ്ട് മണിക്ക് ചെറുപുഴ എന്നിവിടങ്ങളിലും, മാർച്ച് 24 തിങ്കളാഴ്ച രാവിലെ 10 മണിക്ക് മേരിഗിരി, ആലക്കോട് മേഖലകൾക്കായി ആലക്കോട് വച്ചും, ഉച്ചയ്ക്ക് രണ്ട് മണിക്ക് ചെമ്പേരി, പൈസക്കരി മേഖലകൾക്കായി ചെമ്പേരിയിൽ വച്ചും, മാർച്ച് 27 വ്യാഴാഴ്ച രാവിലെ 10 മണിക്ക് പേരാവൂർ വച്ചും, മാർച്ച് 28 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് കുന്നോത്ത് (എടൂർ മേഖല) വച്ചും, ഉച്ചയ്ക്ക് രണ്ട് മണിക്ക് ഉളിക്കലിൽ (നെല്ലിക്കാംപൊയിൽ മേഖല) വച്ചും പ്രസ്തുത പരിപാടികൾ സംഘടിപ്പിച്ചു.

**മാതാ ഹോം കെയർ ഉത്പന്നങ്ങൾ**

സ്വാഭിമാൻ ക്ലീനിംഗ് ഉത്പന്നങ്ങളുടെ കിറ്റുകളോടൊപ്പം വാഷിംഗ് മെഷീൻ ലിക്വിഡ് ഡിറ്റർജന്റ്, ഫാബ്രിക് സ്റ്റാർച്ച്, ഫിനോയിൽ, ഫാബ്രിക് കണ്ടീഷണർ,

ലിക്വിഡ് ഡിഷ്വാഷ്, ടോയ്‌ലെറ്റ് ക്ലീനർ, ഫ്‌ളോർ വാഷ്, ഹാന്റ് വാഷ്, ഹെയർ ഷാംപൂ, കാർ ഷാംപൂ, ബാത്ത് സോപ്പ്, ഡിഷ് വാഷ് ബാർസോപ്പ് തുടങ്ങിയ ഉത്പന്നങ്ങളും മികച്ച ഗുണമേന്മയോടുകൂടി ആകർഷകമായ നിരക്കിൽ ലഭ്യമാക്കി വരുന്നു. ഏരിയൽ/ഹൈടെക്ക് സോപ്പുപൊടികൾ, ഡിഷ്വാഷ്, ഹാർപ്പിക്, ഫിനോയിൽ, ഷാംപൂ തുടങ്ങിയവയുടെ കിറ്റുകളും TSSS മേഖലാ-യൂണിറ്റ് ഓഫീസുകൾ വഴി ലഭിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് : +91 9496684784

## SHG & JLG ലോണുകളുടെ വിതരണം

TSSS-ന്റെ നേതൃത്വത്തിൽ SHG & JLG ഗ്രൂപ്പുകൾക്കായുള്ള ലോൺ വിതരണം 2025 മെയ് മാസത്തിൽ സംഘടിപ്പിക്കുന്നു. ധനലക്ഷ്മി ബാങ്കുമായി സഹകരിച്ചുകൊണ്ട് SHG ലോണുകളും, കനറാ ബാങ്കുമായി സഹകരിച്ചുകൊണ്ട് JLG ലോണുകളും പ്രത്യേകമായി ആരംഭിക്കുന്ന SHG & JLG ഗ്രൂപ്പുകൾക്ക് ലഭ്യമാക്കുന്നു. ലോൺ ആവശ്യമുള്ളവർ അതാത് മേഖലകളിലെ TSSS പ്രോഗ്രാം ഓഫീസർമാരുമായി ബന്ധപ്പെടേണ്ടതാണ്.

### പ്രതിമാസ പ്രവർത്തനങ്ങൾ

2025 മെയ് മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1). മെയ് 01**
**അന്താരാഷ്ട്ര തൊഴിലാളി ദിനം (International Workers' Day)**
**പ്രവർത്തനം:**

* **കെ.എൽ.എം. മെമ്പർഷിപ്പ് ക്യാമ്പയിൻ**
(യൂണിറ്റുകളിൽ നടത്തേണ്ട പ്രവർത്തനം)

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുകയും, അവർക്ക് കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം നൽകുകയും, മെമ്പർഷിപ്പ് നൽകി അവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക. (ആവശ്യമായ നിർദ്ദേശങ്ങളും സഹകരണങ്ങളും അതാത് മേഖലകളുടെ നേതൃത്വത്തിൽ നൽകേണ്ടതാണ്).

**2). മെയ് 12 - അന്താരാഷ്ട്ര നഴ്സസ് ദിനം (International Nurses Day)**
**പ്രവർത്തനം:**

* യൂണിറ്റിന്റെ സമീപ പ്രദേശത്തെ ആശുപത്രികളിലെ നേഴ്സുമാരെ ആദരിക്കുക.
* യൂണിറ്റ് പരിധിയിലെ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് പഠനത്തിനായി പ്രോത്സാഹനങ്ങളും, മറ്റു സഹായങ്ങളും നൽകുകയും, അവരെ ആദരിക്കുകയും ചെയ്യുക.

**3). മെയ് 31 - ലോക പുകയില വിരുദ്ധദിനം (World No-Tobacco Day)**
**പ്രവർത്തനങ്ങൾ:**

* **ബോധവത്ക്കരണക്ലാസ് സംഘടിപ്പിക്കുക**
ഏതെങ്കിലുമൊരു സംഘടനയുമായി ചേർന്ന് പുകയിലയുടെയും, മറ്റു

ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കുക.

* **ബാനർ പ്രദർശനം**
  യൂണിറ്റിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ ബാനർ പ്രദർശിപ്പിക്കുക. (ഫ്ളക്സ് ഉപയോഗിക്കാതെ ക്ലോത്ത് പ്രിന്റിംഗ് ഉപയോഗിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.)
  *(ബാനറിന്റെ മാതൃക TSSS കേന്ദ്ര ഓഫീസിൽ നിന്നും നൽകുന്നതായിരിക്കും.)*

**കാൻസർ പരിശോധനാക്യാമ്പ്**

**കാൻസർ പരിശോധനാക്യാമ്പ് 2025 മെയ് 10 ശനിയാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ ആലക്കോട് മേഖലാ ഓഫീസിൽ** വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതിനായി ആലക്കോട് മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**മാനസികാരോഗ്യ മെഡിക്കൽക്യാമ്പ്**

മാനസികമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ചെമ്പേരിയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. കൂത്തുപറമ്പ് സിംഹാൻസ് ഹോസ്പിറ്റലിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. വിനീത SH മെഡിക്കൽക്യാമ്പിൽ രോഗികളെ പരിശോധിക്കുകയും, TSSS-ന്റെ നേതൃത്വത്തിൽ സൗജന്യമായി മരുന്ന് വിതരണം നടത്തി വരികയും ചെയ്യുന്നു. ഇതോടൊപ്പം TSSS-ന്റെ സോഷ്യൽ വർക്കർമാരുടെ നേതൃത്വത്തിൽ കൗൺസിംഗ് സൗകര്യവും ചെയ്തു നൽകുന്നു. എല്ലാ മാസങ്ങളിലെയും അവസാന ഞായറാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ വൈകു. 4 മണി വരെ ചെമ്പേരി വിമല ഹോസ്പിറ്റലിൽ മെഡിക്കൽ ക്യാമ്പ് പ്രവർത്തിച്ചുവരുന്നു.

## കേരള ലേബർ മൂവ്മെന്റ് (KLM)

കേരളത്തിലെ 29 രൂപതകളിലും കെ.എൽ.എം. പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. തലശ്ശേരി അതിരൂപതയിലും കെ.എൽ.എം. പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത നാം മനസ്സിലാക്കേണ്ടതാണ്. അതിനായി ജനകീയസംഘ യൂണിറ്റുകൾ വഴി വരുംദിവസങ്ങളിൽ തൊഴിലാളി ക്ഷേമനിധി പദ്ധതികൾ ആരംഭിക്കുന്നു. അസംഘടിത തൊഴിലാളി ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമനിധി, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നീ പദ്ധതികളാണ് ആദ്യഘട്ടത്തിൽ നടപ്പിൽ വരുത്തുന്നത്.

**കെ.എൽ.എം. റീജിയണൽ സംഗമം**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മാതാ ട്രെയിനിംഗ് സെന്ററിൽവച്ച് കെ.എൽ.എം. റീജിയണൽ സംഗമം നടത്തി. കെ.എൽ.എം. സംസ്ഥാന ഡയറക്ടർ റവ. ഫാ. അരുൺ വലിയതാഴത്ത് സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മലബാർ റീജിയണിലുള്ള എല്ലാ രൂപതകളിലെയും ഡയറക്ടറച്ചന്മാരും, രൂപതാ ഭാരവാഹികളും പ്രസ്തുത

റീജിയണൽ മീറ്റിംഗിൽ പങ്കെടുത്തു. കെ.എൽ.എം. സംസ്ഥാന പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, മറ്റു ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

**കെ.എൽ.എം. അംഗത്വ വിതരണമാസം**

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ 2025 മെയ് മാസം കെ.എൽ.എമ്മിന്റെ അംഗത്വ വിതരണമാസമായി ആചരിക്കുവാൻ തീരുമാനിച്ചു. കെ.എൽ.എമ്മിന്റെ നേതൃത്വത്തിൽ നടപ്പിൽ വരുത്തുന്ന ക്ഷേമപദ്ധതികളിലുള്ള പങ്കാളിത്തത്തെ സംബന്ധിച്ച് തൊഴിലാളികൾക്ക് ബോധവത്ക്കരണക്ലാസുകൾ സംഘടിപ്പിക്കും. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മേഖലാ പ്രോഗ്രാം മാനേജർമാർ ഈ ക്ലാസുകൾക്ക് നേതൃത്വം നൽകും. അസംഘടിത തൊഴിലാളി ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമനിധി, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നീ പദ്ധതികളെക്കുറിച്ച് വിശദീകരണക്ലാസുകൾ സംഘടിപ്പിക്കുന്നതാണ്.

## TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

**രോഗീസന്ദർശനവും ചികിത്സാസഹായവും**

കള്ളാർ, പടുപ്പ്, പരപ്പ, കനീലടുക്കം, അറബി, മാട്ടറ, കാഞ്ഞിരക്കൊല്ലി, ആനറ, നെല്ലിക്കാംപൊയിൽ, മുണ്ടാനൂർ, ഉളിക്കൽ, തേർമല, പൊട്ടംപ്ലാവ്, ചെമ്പന്തൊട്ടി, മണ്ഡപം, ചട്ടമല, കണ്ണിവയൽ, മണ്ടളം എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ രോഗീസന്ദർശനങ്ങൾ നടത്തുകയും, ചികിത്സാസഹായങ്ങൾ നൽകുകയും, മറ്റു ആവശ്യസാധനങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

**അഗതിമന്ദിരം & അനാഥാലയം സന്ദർശനം**

പുഞ്ച, പടിമരുത്, മാട്ടറ, മുണ്ടാനൂർ, ഉളിക്കൽ, ചെമ്പേരി, ലിസിഗിരി, രയറോം, കണ്ണിവയൽ, കടുമേനി, കാവുംതല, പരപ്പ, വെള്ളരിക്കുണ്ട് എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ തുടങ്ങിയവ സന്ദർശിക്കുകയും ആവശ്യസാധനങ്ങൾ ലഭ്യമാക്കുകയും, ഭക്ഷണ വിതരണം നടത്തുകയും, അവരോടൊപ്പം സമയം ചിലവിടുകയും ചെയ്തു.

**ലോകാരോഗ്യദിനം**

ലോകാരോഗ്യദിനത്തോടനുബന്ധിച്ച് വെള്ളരിക്കുണ്ട് RCC-യുടെ നേതൃത്വത്തിൽ മേഖലയിലെ 13 യൂണിറ്റുകളുമായി സഹകരിച്ച് ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ മേഖലയിലെ എല്ലാ യൂണിറ്റുകളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. കോളയാട്, ചേപ്പറമ്പ, നാട്ടക്കൽ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ മെഡിക്കൽക്യാമ്പുകൾ നടത്തുകയും, ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുകയും, മരുന്ന് വിതരണം നടത്തുകയും ചെയ്തു.

**മറ്റു പ്രവർത്തനങ്ങൾ**

* കോളയാട് യൂണിറ്റിന്റെ നേതൃത്വത്തിൽ മുതിർന്നവരെയും കർഷകരെയും ഭവനങ്ങളിൽ സന്ദർശിച്ച് ആദരിക്കുകയും കുട്ടികളുമായി ആശയ സംവാദം സംഘടിപ്പിക്കുകയും ചെയ്തു.
* നെടുംപുറംചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റ് ഡയറക്ടറച്ചന്റെ സാന്നിധ്യത്തിൽ ഭാരവാഹികൾ ഫലവൃക്ഷത്തൈ നട്ടുപിടിപ്പിച്ചു.
* പുഞ്ച, പരപ്പ, മണിപ്പാറ, അറബി എന്നീ യൂണിറ്റുകൾ പഠനസഹായങ്ങൾ നൽകുകയും, പഠനത്തിൽ മികവ് പുലർത്തിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡുകളും മറ്റു സ്കോളർഷിപ്പുകളും നൽകി ആദരിക്കുകയും ചെയ്തു.
* മണിപ്പാറ, നെല്ലിക്കാംപൊയിൽ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ ഭവനനിർമ്മാണത്തിന് സഹായങ്ങൾ നൽകി.
* പരപ്പ, കാഞ്ഞിരക്കൊല്ലി, കല്ലുവയൽ, നെല്ലിക്കാംപൊയിൽ, മുണ്ടാനൂർ, ഉളിക്കൽ, ചെമ്പന്തൊട്ടി എന്നീ യൂണിറ്റുകൾ നിഴൽ പദ്ധതിയിലേക്ക് സംഭാവനകൾ നൽകി.
* ചെമ്പന്തൊട്ടി CU & MSS എന്നീ യൂണിറ്റുകൾ വിവിധ വിഷയങ്ങളിൽ ബോധവത്കരണക്ലാസുകൾ സംഘടിപ്പിച്ചു.
* കരുവഞ്ചാൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ കേശദാനക്യാമ്പും ക്ലാസും സംഘടിപ്പിച്ചു.
* പടുപ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഉൽപ്പന്നങ്ങൾ വീടുകളിൽ എത്തിച്ചുനൽകുവാൻ ആരംഭിക്കുകയും, യൂണിറ്റിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധദിനാചരണം ആചരിക്കുകയും ചെയ്തു.
* പടന്നക്കാട് കാർഷിക കോളേജിലെ വിദ്യാർത്ഥികൾ ആലക്കോട് മേഖലയുടെ ഗ്രാം ദുഖാൻ സന്ദർശിച്ചു.
* രയരോം, മുണ്ടാനൂർ എന്നീ യൂണിറ്റുകൾ ഈസ്റ്റർ കിറ്റ് വിതരണം നടത്തി.
* മണ്ഡപം യൂണിറ്റിന്റെ നേതൃത്വത്തിൽ ആദ്യകാല യൂണിറ്റ് അംഗമായിരുന്ന ശ്രീമതി മേരി മാനുവലിനെ സന്ദർശിച്ചു.
* ചേപ്പറമ്പ MSS പുതിയ SHG രൂപീകരിച്ചു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*അസോ. ഡയറക്ടർ*

**ഫാ. സ്കറിയ വരമ്പകത്ത്**
*ഡയറക്ടർ*

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**ഈസ്റ്റർ ആശംസകൾ**

തലശ്ശേരി അതിരൂപത മെത്രപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും മുൻമെത്രാപ്പോലീത്തമാരായ മാർ ജോർജ് ഞറളക്കാട്ട് പിതാവിനും മാർ ജോർജ് വലിയമറ്റം പിതാവിനും ബയോമൗണ്ടൻ കമ്പനിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ബഹു. വൈദികർക്കും മറ്റെല്ലാഅംഗങ്ങൾക്കും ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഈസ്റ്റർ ആശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

**പ്രണാമം**

ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഷെയർ ഹോൾഡറും കമ്പനിയുടെ ഉപകാരിയുമായ റവ. ഫാ. തോമസ് (ബോബി) വട്ടമല നിര്യാതനായി. അച്ചന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കുന്നതിനായി നമുക്ക് പ്രാർഥിക്കാം.

**ബയോമൗണ്ടൻ പുതിയ സംരംഭത്തിലേക്ക്**

ബയോമൗണ്ടൻ കമ്പനിയുടെ നേതൃത്വത്തിൽ തുടങ്ങുന്ന പുതിയ സംരംഭമായ പുട്ടുപൊടി യൂണിറ്റിന്റെ ശിലാസ്ഥാപന വെഞ്ചരിപ്പും തറക്കല്ലിടീലും ഏപ്രിൽ 21 ന് അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവ് നിർവഹിച്ചു. എം.എൽ.എ-മാരായ ശ്രീ. സജീവ് ജോസഫ്, ശ്രീ. സണ്ണി ജോസഫ് ബയോമൗണ്ടൻ ചെയർമാൻ ഫാ. സിബി പാലക്കുഴിയിൽ, ബയോമൗണ്ടൻ മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ഡയറക്ടർ ബോർഡ് മെമ്പർമാരായ ഫാ. ജോജി കാക്കരമറ്റത്തിൽ, ശ്രീ. പി. ടി. ജോസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പുതിയ സംരംഭത്തിന്റെ വിജയത്തിനായി നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അപേക്ഷിക്കുന്നു.

**ISO അംഗീകാരം ലഭിച്ചു**

ഗുണനിലവാരവും ഉപഭോക്താക്കളോടുള്ള പ്രതിബദ്ധതയും പ്രകടിപ്പിക്കുന്നതോടൊപ്പം, ബിസിനസ് വിശ്വാസ്യതയും കാര്യക്ഷമത

യും മെച്ചപ്പെടുത്തുന്നു എന്നതിന്റെ അടയാളമായ ISO 9001:2015 Certification for Quality Management Systems (ഇന്റർ നാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ) അംഗീകാരം ബയോമൗണ്ടൻ കമ്പനിക്ക് ലഭിച്ചു.

**ZED ബ്രോൺസ് സർട്ടിഫിക്കേഷൻ ലഭിച്ചു**

ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങളിൽ മികവ് നിലനിർത്തുന്നതിനുള്ള ശ്രമങ്ങളെ അംഗീകരിച്ചുകൊണ്ട് മൈക്രോ, സ്മാൾ, ആൻഡ് മീഡിയം എന്റർപ്രൈസസ് (MSME)മന്ത്രാലയം സ്ഥാപനത്തിന് അഭിമാനകരമായ ZED ബ്രോൺസ് സർട്ടിഫിക്കേഷൻ നൽകി ആദരിച്ചു.

**കശുമാവിൻ തൈകളുടെ ഓർഡറുകൾ സ്വീകരിച്ചു**

കേരള കശുവണ്ടി വികസന കോർപ്പറേഷനുമായി സഹകരിച്ചുകൊണ്ട് കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ കർഷകരിൽനിന്നും കശുമാവിൻ തൈകളുടെ ഓർഡറുകൾ സ്വീകരിച്ചു. കാർഷികമേഖലയുടെ വളർച്ച ഒപ്പം ഗുണനിലവാരം ഉള്ള വിളകൾ ഉത്പ്പാദിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി കൊണ്ട് ഇരുപതിനായിരം കശുമാവിൻ തൈകളുടെ ഓർഡറുകളാണ് സ്വീകരിച്ചത്.

**സൗജന്യ ഇഞ്ചി, മഞ്ഞൾ വിത്ത് വിതരണം**

കാർഷികമേഖലയെ മെച്ചപ്പെടുത്തുന്നതിനും കർഷകരെ ഗുണനിലവാരവും മൂല്യവുമുള്ള വിളകൾ ഉത്പ്പാദിപ്പിക്കുവാൻ സഹായിക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെ (IISR) സഹായത്തോടെ 3 ടൺ ഇഞ്ചി, മഞ്ഞൾ വിത്ത് സൗജന്യമായി വിതരണം പൂർത്തിയാക്കി. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ബളാൽ, ചെറുപുഴ, എരുവേശ്ശി, നടുവിൽ, പായം എന്നീ പഞ്ചായത്തുകളോട് ചേർന്നുകൊണ്ട് ഏറ്റവും അനുയോജ്യരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരായ കർഷകർക്കാണ് ഇഞ്ചി മഞ്ഞൾ വിത്ത് വിതരണം ചെയ്തത്.

**ഇടവകകളിലെ ഷെയർ**

ജയഗിരി, തോമാപുരം, വെള്ളാട് എന്നീ ഇടവകകളിൽ ബയോമൗണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു. ഷെയർ എടുത്ത എല്ലാ ബഹു. വികാരി അച്ചൻമാർക്കും അംഗങ്ങൾക്കും അഭിനന്ദനങ്ങൾ. നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കും വേണ്ടി നമ്മൾ ആരംഭിച്ച ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചൻമാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും

ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. കാരണം എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ.

**നമ്മുടെ സംരംഭങ്ങൾ**

നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായനേതാക്കളുടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

**കമ്പനി ഓഫീസ്**

കമ്പനി ഓഫീസ് കുന്നോത്ത് പ്രവർത്തനം ആരംഭിച്ചു. ഫുൾടൈം പ്രവർത്തിക്കുന്ന ഓഫീസും സ്റ്റാഫും വാഹനങ്ങളും കുന്നോത്ത് ഉണ്ട്. നമ്മൾ ആരംഭിച്ച പതിനൊന്നോളം വരുന്ന മസാല പൗഡറുകളുടെ ഉൽപാദനവും വിൽപ്പനയുമെല്ലാം നടന്നുവരുന്നു. ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും.

Mob: 9656054322, Mail.id: tsssbiomountain@gmail.com

മെയ് മാസത്തിൽ എല്ലാ ഫൊറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടു വരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കി മാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

**ഫാ. അരുൺ മുണ്ടപ്ലാക്കൽ**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

# ഇൻഫാം

*കർഷകരോടുള്ള സമീപനത്തിലും നിലപാടിലും യാതൊരു മാറ്റവു മില്ലാതെ അവരുടെ പ്രശ്നങ്ങളെ ഗൗനിക്കാതെ ചർച്ചകൾ പോലും നടത്താതെ അനുദിനം പ്രതിസന്ധികളിലേക്ക് തള്ളിയിടുകയാണ് കാർഷിക-വനം വകുപ്പിലെ പല ഉദ്യോഗസ്ഥരും ഭരണാധികാരികളും. പ്രത്യേകിച്ച് കേരളത്തിലെ കർഷകരോട്. അനുദിനം വർദ്ധിച്ചു വരുന്ന വന്യമൃഗശല്യവും വിലത്തകർച്ചയും കർഷകരെ ദുരിതത്തിൽ ആഴ്ത്തികൊണ്ടിരിക്കുകയാണ്. കർഷകന്റെ അവകാശങ്ങൾ നേടി യെടുക്കാൻ രാഷ്ട്രീയത്തിനതീതമായി ഒരുമയോടെ പ്രവർത്തിച്ചേ മതിയാകൂ. നമുക്കൊന്നിച്ച് കൈകൾ കോർത്ത് മുന്നേറാം, കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി...*

**വർദ്ധിച്ചുവരുന്ന വന്യമൃഗശല്യം, ജനങ്ങൾ ഭയാശങ്കയിൽ - ഇൻഫാം**

വന്യമൃഗങ്ങളുടെ ആക്രമണം മൂലം ദിവസേന മരണവാർത്ത കളാണ് നാം കേട്ടുകൊണ്ടിരിക്കുന്നത്. മലയോര കർഷകജനത വളരെയേറെ ഭയാശങ്കകളോടെയാണ് ദിവസങ്ങൾ തള്ളിനീക്കുന്നത്. കൃഷിയിടത്തിൽ തൊഴിലെടുക്കുവാനോ പുറത്തിറങ്ങുവാനോ കർഷകർക്ക് സാധിക്കുന്നില്ല. ടാപ്പിംഗ് തൊഴിലാളികളുടെ ജീവിതം വളരെയേറെ പ്രതിസന്ധിയിലാണ്. കർഷകരുടെ പല തോട്ടങ്ങളും വന്യമൃഗങ്ങളെ ഭയന്ന് ടാപ്പിംഗ് ഒഴിവാക്കിയിരിക്കുകയാണ്. പല പ്രദേശങ്ങളിലും പുലിയുടെ സാന്നിദ്ധ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ കാട്ടുപന്നി, കാട്ടുപോത്ത്, ഇതരജീവികൾ കൃഷിക്കും മനുഷ്യജീവനും കടുത്ത പ്രതിസന്ധിയായി മാറുകയാണ്. സർക്കാരും രാഷ്ട്രീയ നേതാക്കളും ഓരോ ദുരന്തങ്ങളും ആഘോഷങ്ങളാക്കി മാറ്റികൊണ്ടിരിക്കുകയാണ്. കർഷക പ്രതികരണത്തിന്റെ അഭാവം മൂലമാണ് സർക്കാർ കർഷകരെ അവഗണിക്കുന്നതെന്നും, കർഷകരെ തെരുവിലിറങ്ങാൻ ഇടയാക്കരുതെന്നും ഇൻഫാം തലശ്ശേരി കാർഷിക

ജില്ലാ ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി ആവശ്യപ്പെട്ടു. മലയോര മേഖലയിലെ വനാതിർത്തിയോട് ചേർന്നു കഴിയുന്ന സാധാരണക്കാരായ കുടുംബങ്ങളിലെ വൃദ്ധജനങ്ങൾ കുഞ്ഞുങ്ങൾ, വിദ്യാർത്ഥികൾ, രോഗികൾ അടക്കം നിരവധിയാളുകൾ മരണഭയത്തിലൂടെയാണ് ജീവിക്കുന്നത്. ഇത് കടുത്ത മനുഷ്യാവകാശ ലംഘനമാണ്. കർഷകർ അനുഭവിക്കുന്ന ഈ ദുരന്തങ്ങൾ മനുഷ്യാവകാശ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഇൻഫാം തീരുമാനിച്ചിരിക്കുകയാണ്. ഇൻഫാം കാർഷിക ജില്ലാ ജനറൽബോഡി യോഗത്തിന്റെ ഉദ്ഘാടനകർമ്മം ഫാ. ലൂക്കോസ് മാടശ്ശേരി നിർവ്വഹിച്ചു. ശ്രീ. സ്കറിയ നെല്ലംകുഴി, സണ്ണി തുണ്ടത്തിൽ, ടോമി കീഴ്പ്പള്ളി, ജോസ് തോണിക്കൽ എന്നിവർ ജനറൽബോഡിയിൽ സംബന്ധിച്ചു.

**തീരുമാനങ്ങൾ**

- രൂക്ഷമായ വന്യമൃഗശല്യം മൂലം ദുരിതമനുഭവിക്കുന്ന കർഷകരുടെ വിഷയങ്ങൾ മനുഷ്യാവകാശ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുക.
- മെയ് മാസം ജില്ലാതല കർഷക പ്രവർത്തക സംഗമം സംഘടിപ്പിക്കുവാനും, മെമ്പർഷിപ്പ് വിതരണം ചെയ്യാനും തീരുമാനിച്ചു.
- വിവിധ യൂണിറ്റുകളിൽ കാർഷിക സെമിനാറുകൾ സംഘടിപ്പിക്കുവാനും, മണ്ണ് പരിശോധനയും മണ്ണിന്റെ പി.എച്ച്. പരിശോധിക്കുവാനുള്ള ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുവാനും തീരുമാനിച്ചു.
- ഇൻഫാം സ്വാശ്രയ സംഘങ്ങൾ ഇൻഫാം ജില്ലാ ഭാരവാഹികൾ സന്ദർശിക്കുവാൻ തീരുമാനിച്ചു.

## പ്രതിഷേധിച്ചു

പട്ടയമുള്ള കർഷകരുടെ സ്ഥലങ്ങൾ വനഭൂമിയാക്കി മാറ്റാനുള്ള വനം വകുപ്പിന്റെ ഗൂഢശ്രമങ്ങൾക്കെതിരെയും, കൈവശ ഭൂമിയിൽ സ്ഥാപിച്ച കുരിശ് നശിപ്പിച്ചത് ഒരു മതവികാരത്തെ മാത്രമല്ല കർഷക അവകാശത്തിന്റെ മേലുള്ള കടന്നുകയറ്റമാണെന്നും ഇൻഫാം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

**ഫാ. ലൂക്കോസ് മാടശ്ശേരി**
ഡയറക്ടർ

# ഓവർസീസ് അപ്ഡേറ്റ്സ്

**ബോബി അച്ചന് കണ്ണീരോടെ വിടചൊല്ലി**

ശുശ്രൂഷ പൗരോഹിത്യം, അതിന്റെ എല്ലാ അർഥത്തിലും ജീവിച്ചു ദൈവസ്നേഹത്തിന്റെ പടവുകൾ പരിശുദ്ധ അമ്മയുടെ കൈ പിടിച്ചു നടന്ന്, തന്നെ വിളിച്ച ദൈവപിതാവിന്റെ സന്നിധി യിലേക്ക് യാത്രയായ ബഹു തോമസ് വട്ടമല അച്ചന് യൂറോപ്പിൽ ജോലി ചെയ്യുന്ന തലശ്ശേരി അതിരൂപത സഹോദര വൈദികർ കണ്ണീരോടെ വിട ചൊല്ലി. ബോബി അച്ചൻ 12 വർഷം ആത്മസമർപ്പണ ത്തോടെയും സ്നേഹത്തോടെയും ശുശ്രൂഷിച്ച ജർമ്മനിയിലെ Münster രൂപതയിലെ കോസ്ഫെൽഡ് ഇടവകാ ദൈവാലയത്തിൽ വച്ച് നടന്ന അനുസ്മരണ കുർബാനയും സമ്മേളനവും ജനത്തിന്റെ ഹൃദയ സ്പർശിയായിരുന്നു. യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരും സമർപ്പിതരും, cosfeld ഇടവകയിലെ വിശ്വാസസമൂഹവും ബഹു. ബോബിയച്ചന്റെ വിടവാങ്ങൽ കുർബാ നയിൽ പങ്കെടുത്തു.

വി. കുർബാന അർപ്പണത്തിനും അനുസ്മരണ സമ്മേളന ത്തിനും ഇടവക വികാരി Jörg Haggemann ഉം മുൻവികാരി Johannes Arntz ഉം നേതൃത്വം നൽകി. കഴിഞ്ഞ 12 വർഷക്കാലം ബോബി അച്ചന്റെ സന്തോഷത്തിലും വേദനയിലും പങ്കുചേർന്ന ബഹു. ഫാബിയാനോസ് ഉറുമ്പിൽ അച്ചൻ, ബോബി അച്ചന്റെ രോഗാവ സ്ഥയിൽ അച്ചനോട് ചേർന്ന് നിന്ന എല്ലാവർക്കും നന്ദി അറിയിച്ചു. വിശുദ്ധ കുർബാനക്കുശേഷം ബഹു. ഷിജോ ആലപ്പാട്ട് അച്ചന്റെ നേതൃത്വത്തിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2025 മെയ്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| ഏപ്രിൽ 30-മെയ് 04 | : | ആന്തരീക സൗഖ്യ ധ്യാനം (സിസ്റ്റേഴ്സിന് മാത്രം) |
| 03 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| 04-08 | : | ആന്തരീക സൗഖ്യ ധ്യാനം |
| 10 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| 11-14 | : | കന്നഡ ധ്യാനം |
| 17 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| 18-22 | : | ആന്തരീക സൗഖ്യ ധ്യാനം |
| 24 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| 25-29 | : | ക്രിസ്റ്റീൻ ധ്യാനം (7,8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക്) |
| 31 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

| | | | |
|---|---|---|---|
| മെയ് | 03-06 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 03 | : | ഏകദിന ധ്യാനം |
| | 17 | : | ഏകദിന ധ്യാനം |
| | 17-20 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 24-27 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം |
| | 24 | : | ഏകദിന ധ്യാനം |
| | 30 | : | ജാഗരണ പ്രാർത്ഥന |
| | 31 | : | ഏകദിന ധ്യാനം |

**3. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

| | | | |
|---|---|---|---|
| മെയ് | 03 | : | ഏകദിന ശുശ്രൂഷ (Spiritual Sharing ) |
| | 05-07 | : | കുടുംബ നവീകരണ ധ്യാനം |
| | 09 | : | ജാഗരണ പ്രാർത്ഥന |
| | 11-14 | : | കുട്ടികളുടെ ധ്യാനം (5,6 ,7 ക്ലാസ്സുകളിലെ കുട്ടികൾക്ക്) |
| | 16-20 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 25-30 | : | വരദാന പരിശീലന ധ്യാനം |
| | 31 | : | അഖണ്ഡ ജപമാല |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

**മാർ ജോസഫ് പാംപ്ലാനി**

## മാർച്ച് 2025

21–22 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

23 തലശ്ശേരി മൈനർ സെമിനാരിയിലെ മൂന്നാംവർഷ വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി. അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

24–28 ഭദ്രാവതിയിൽവച്ച് നടത്തിയ കർണ്ണാടകാ ബിഷപ്സിനുള്ള ധ്യാനം നയിച്ചു.

29 തലശ്ശേരി അതിരൂപതയിലെ ഡീക്കന്മാരുമായി അഭിമുഖം നടത്തി. ഉച്ചയ്ക്കുശേഷം വിൻസെന്റ് ഡി പോൾ സംഘടനയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഭവനനിർമ്മാണ പ്രൊജക്ടിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് ദീപിക കണ്ണൂർ യൂണിറ്റിന്റെ വാർഷികാഘോഷ ചടങ്ങിന് അധ്യക്ഷത വഹിച്ചു. രാത്രിയോടെ വെള്ളരിക്കുണ്ട് ഇടവകയിൽ നിര്യാതയായ അന്നമ്മ കൊച്ചുപറമ്പിലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

30 കാലിച്ചാനടുക്കം ഇടവകയിൽ ഇടയസന്ദർശനം നടത്തി.

31 എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദിക വിദ്യാർത്ഥികളുടെ റിപ്പോർട്ട് അവലോകന യോഗത്തിന് അധ്യക്ഷത വഹിച്ചു.

## ഏപ്രിൽ 2025

01 എറണാകുളം അങ്കമാലി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

02 എറണാകുളം അങ്കമാലി അതിരൂപതയിലെ 13 വൈദിക വിദ്യാർത്ഥികൾക്ക് ഡീക്കൻപട്ടം നൽകി.

03 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം രാജപുരം ബൈബിൾ കൺവെൻഷനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

04 രാവിലെ അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ അനുസ്മരണാർത്ഥം കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന്

ഒന്നാംവർഷ തിയോളജി വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി. വൈകുന്നേരം തലശ്ശേരി ടൗണിൽനിന്നും കത്തീഡ്രൽ ദൈവാലയത്തിലേക്ക് നടത്തിയ കുരിശിന്റെ വഴിയുടെ സമാപനസന്ദേശം നൽകി.

05 റീജൻസി ബ്രദേഴ്സുമായി അഭിമുഖം നടത്തി. വൈകുന്നേരം താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ കോഴിക്കോടുവച്ച് സംഘടിപ്പിച്ച കർഷക റാലി ഉദ്ഘാടനം ചെയ്തു.

06 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് ശാലോം ടീവിയുടെ ഷൂട്ടിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം കുന്നോത്ത് ബയോമൗണ്ടൻ കമ്പനി സന്ദർശിച്ചു. വൈകുന്നേരത്തോടെ ജർമ്മനിയിൽവച്ച് മരണപ്പെട്ട ബോബി വട്ടമല അച്ചന്റെ ഭവനം സന്ദർശിച്ചു.

07 അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽവച്ച് സംഘടിപ്പിച്ച വൈദികർക്കും സിസ്റ്റേഴ്സിനുമുള്ള ജൂനിയറേറ്റ് കോഴ്സിന് ക്ലാസ്സ് നയിച്ചു.

09 തലശ്ശേരി മൈനർ സെമിനാരിയിലേക്കുള്ള സെലക്ഷൻ ക്യാമ്പിലെത്തിയ കുട്ടികളുമായി അഭിമുഖം നടത്തി.

10 തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽവച്ച് 10 വൈദിക വിദ്യാർത്ഥികൾക്ക് ഡീക്കൻപട്ടം നൽകി. ഉച്ചയ്ക്കുശേഷം ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

11 മേരിഗിരി ഫൊറോനാ ദൈവാലയത്തിൽവച്ച് ബോബി വട്ടമല അച്ചന്റെ മൃതസംസ്കാര ശുശ്രൂഷാ കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം 40-ാം വെള്ളിയോടനുബന്ധിച്ച് തോമാപുരത്തുനിന്നും ചെറുപുഴയിലേക്ക് കാൽനടയായി തീർത്ഥാടനയാത്ര നടത്തി.

12 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

13 കത്തീഡ്രൽ ദൈവാലയത്തിലെ ഓശാന തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് മൂന്നാംവർഷ ഫിലോസഫി വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി.

14 ആലക്കോട് ഫൊറോനാ ദൈവാലയത്തിൽവച്ച് നടത്തിയ മൂറോൻ വെഞ്ചരിപ്പ് ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ആലക്കോടുവച്ച് നടന്ന വൈദിക സമ്മേളനത്തിനത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം സാൺതാ മാതാ നഴ്സിംഗ് കോളേജ് ഗവേണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെത്തി ബഹു. വൈദികരെ സന്ദർശിച്ചു.

15 അതിരൂപതാ കേന്ദ്രത്തിൽവച്ച് രണ്ടാംവർഷ തിയോളജി വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി. വൈകുന്നേരം കുന്നോത്ത് ബയോമൗണ്ടൻ ഫാക്ടറി സന്ദർശിച്ചു. തുടർന്ന് ഇരിട്ടിയിൽവച്ച് നടത്തിവരുന്ന അണ്ടർവാട്ടർ എക്സിബിഷന്റെ സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

16 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് തലശ്ശേരി അതിരൂപതാംഗങ്ങളായ വൈദിക വിദ്യാർത്ഥികൾക്ക് കാറോയ, ഹെവുപ്പതിയാക്കോന പട്ടങ്ങൾ നൽകി. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

17 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് പെസഹാ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

18 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ദുഃഖവെള്ളി തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് കണ്ണൂർ നഗരം ചുറ്റിയുള്ള കുരിശിന്റെ വഴിയിൽ പങ്കുചേരുകയും സമാപന സന്ദേശം നൽകുകയും ചെയ്തു.

20 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് പിറവിത്തിരുനാൾ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**MAY 2025**

# ENGAGEMENTS
## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 09:30 am | - | Cathedral: Vestition |
| | 05:30 pm | - | Josgiri Hospital: Jubilee |
| 02 | 09 am -12 pm | - | Thalassery: Visitors Day |
| 03 | 10:30 am | - | Mandalam: Jubilee |
| 04 | 09:30 am | - | Poinachi: Presbytery Blessing |
| | 05:00 pm | - | Kunnoth |
| 05-06 | | - | Ernakulam |
| 07 | 10:00 am | - | Thomapuram |
| | 07:00 pm | - | Minor Seminary |
| 08 | 10:00 am | - | Panathady |
| | 07:00 pm | - | Sandesabhavan |
| 09 | 09-12 pm | - | Thalassery: Visitors Day |
| 10 | 10:00 am | - | Chemperi: Jubilee |
| 11 | 10:30 am | - | Iritty: Marriage |
| | 04:00 pm | - | Nirmalagiri: Jubilee |
| 12-14 | | - | Ernakulam |
| 15 | 10:00 am | - | Apostolate Directors Meeting |
| 16 | 07:30 am | - | Attenganam: Baptism |
| | 11 am-2 pm | - | Padannakkad: Visitors Day |
| 17 | 10:00 am | - | Thalipparamba |
| 18 | 07:00 am | - | Kunnoth |
| 19 | 10:00 am | - | Finance Council |
| 20-22 | | - | Ernakulam |
| 23 | 9 am-12 pm | - | Thalassery: Visitors Day |

| | | | |
|---|---|---|---|
| 24 | 09:00 am | - | I[st] Year Philosophy Students Conference |
| 25 | 09:00 am | - | 2[nd] Year Philosophy Students Conference |
| 26-27 | | - | Pariyaram: Forane Vicars Meeting |
| 28-30 | | - | Ernakulam |
| 31 | 09:00 am | - | Marygiri: Ordination |
| | 03:00 pm | - | Vilakkannur |

**Secretary to the Archbishop**

---

**MAY 2025**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | |
|---|---|---|
| 01 | - | Chungakunnu : Marriage |
| | - | Josegiri : Jubilee |
| 04 | - | Nirmalagiri : Baptism |
| 05 | - | Pothukudi : Marriage |
| 09 | - | Nirmalagiri : Jubilee |
| 10 | - | Venapara : First Holy Communion |
| 17 | - | Marigiri : Ordination, Jubilee, First Holy Communion |
| 18 | - | Chundapurambu : Housewarming, Baptism |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ഏപ്രിൽ 2025**

02 വൈകുന്നേരം കണ്ണിവയൽ ഇടവകയുടെ സെമിത്തേരിയിൽ പുതുതായി നിർമ്മിച്ച കല്ലറകളുടെ വെഞ്ചിരിപ്പ് നിർവഹിച്ചു.

06 രാവിലെ ചെടിക്കുളം ഇടവകയിൽ വി. കുർബാനയർപ്പിച്ച് ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു.

07 രാവിലെ നടുവിൽ പുതുതായി ആരംഭിച്ച ഫിഡസ്വാച്ച് കമ്പനിയുടെ വെഞ്ചിരിപ്പ്കർമ്മം നിർവഹിച്ചു. തുടർന്ന് നിര്യാതനായ ബോബി വട്ടമല അച്ചന്റെ ഭവനം സന്ദർശിച്ചു പ്രാർത്ഥിച്ചു.

11 രാവിലെ മേരിഗിരി ഫൊറോന ദൈവാലയത്തിൽ വച്ച് ബഹു. വട്ടമല അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വൈകുന്നേരം മാനന്തവാടി രൂപതയിലെ ചുങ്കക്കുന്ന് ഫാത്തിമ മാതാ ദൈവാലത്തിൽ നാല്പതാം വെള്ളി തീർത്ഥാടനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

12 റീജൻസി ശുശ്രൂഷ പൂർത്തിയാക്കിയ ബ്രദർ ജീൻസ് മഠത്തേട്ടിനെ സ്വഭവനത്തിൽ കൊണ്ടു ചെന്നാക്കി.

13 രാവിലെ മാനന്തവാടി രൂപതയിലെ പഴൂർ സെന്റ് ആന്റണീസ് ദൈവാല ത്തിൽ വച്ച് ഓശാന ഞായറാഴ്ചത്തെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമി കത്വം വഹിച്ചു.

14 രാവിലെ ആലക്കോട് വച്ച് നടന്ന മൂറോൻ തൈലാഭിഷേക കർമ്മത്തിൽ പങ്കെടുത്തു.

17 രാവിലെ കുന്നോത്ത് നസ്രത്ത് കോൺവെന്റിൽ പെസഹ വ്യാഴാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

18 രാവിലെ തളിപ്പറമ്പ് ഫൊറോന ദൈവാലയത്തിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും കുരിശിന്റെ വഴിയുടെ സമാപനത്തിൽ പുഷ്പഗിരിയിൽ വെച്ച് വചനസന്ദേശം നൽകുകയും ചെയ്തു.

20 രാവിലെ കുന്നോത്ത് നസ്രത്ത് കോൺവെന്റിൽ ഉയർപ്പ് തിരുന്നാൾ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

21 രാവിലെ ബയോമൗണ്ടൻ ഫാർമേഴ്സ് കമ്പനിയുടെ പുട്ടുപൊടി യൂണിറ്റിന്റെ ശിലാസ്ഥാപനം നടത്തി. വൈകുന്നേരം മാനന്തവാടി രൂപതയിലെ കരണി ഇടവകയിൽ സ്രാമ്പിക്കൽ വർഗീസ്-മേരി ദമ്പതികളുടെ വിവാഹ സുവർണ്ണ ജൂബിലിക്ക് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

22 വൈകുന്നേരം പടുപ്പ് ഇടവകയുടെ സെമിത്തേരിയിൽ പുതുതായി നിർമ്മിച്ച കല്ലറകളുടെ വെഞ്ചിരിപ്പ് നിർവഹിച്ചു.

24 രാവിലെ പുറവയൽ ഇടവകയിലെ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു.

26 രാവിലെ മാനന്തവാടി രൂപതയിലെ നിലമ്പൂർ ഇടവകയിലെ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു.

27 രാവിലെ മാനന്തവാടി രൂപതയിലെ വടപുറം ഇടവകയിലെ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു.

28 രാവിലെ ചെമ്പേരി ബസിലിക്ക ദൈവാലയത്തിൽ വച്ച് മണിമലകുന്നേൽ സോയയുടെയും കാട്ടാംപറമ്പിൽ വിപിന്റെയും വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് എടൂർ ദൈവാലയത്തിൽ വച്ച് ചെല്ലികുന്നേൽ സ്റ്റിജിൻ - എയ്ഞ്ചൽ എന്നിവരുടെ വിവാഹം ആശീർവദിച്ചു.

| MAY 2025 | ENGAGEMENTS |
|---|---|

## ENGAGEMENTS
### ARCHBISHOP EMERITUS GEORGE NJARALAKATT

**MAY 2025**

| | | | |
|---|---|---|---|
| 01 | 4:30 pm | - | Holy Mass, Karaparamba |
| 02 | 6:00 pm | - | Holy Mass, Anappanthy Kappela |
| 03 | 12:00 am | - | Bible Convention, Nadavayal |
| 04 | 8:00 am | - | First Communion, Karthikapuram |
| 05 | 4:30 pm | - | Golden Jubilee, Vilamana |
| 06 | 9:30 am | - | Angels meet, Peratta |
| | 3:00 pm | - | Angels meet Manikkadavu |
| 07 | 10:30 am | - | 70th wedding anniversary, Rajamudi |
| | 5:00 pm | - | Marriage, Perinkary |
| 08 | 10:30 am | - | MSMI Jubile, Paroppady |
| 09 | 8:30 am | - | Angels meet, Chemperi |
| 10 | 10:30 am | - | MSMI Jubilee, Nellikutty |
| | 4:00 pm | - | First Holy Communion, Nirmalagiri |
| 11 | 9:30 am | - | Angels meet, Edoor |
| 14 | 9:00 am | - | Angels meet, Marygiri |
| 15 | 10:30 am | - | Baptism, Kalanki |
| 17 | 10:30 am | - | Jubilee of Sr. Sheeja BS, Vellad |
| 18 | 9:00 am | - | Angels meet, Parappa |
| 19 | 4:30 am | - | Marriage, Martin Nagar |
| 24 | 9:00 am | - | Angels meet, Nellikkampoyil |
| 25 | 3:00 pm | - | Installation of Archbishop Mar. Varghese Chakkalackal, Calicut |
| 29 | 4:00 pm | - | House Blessing, Arattuthara |

**Secretary to the Archbishop Emeritus**





തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി ഡീക്കൻ പട്ടം സ്വീകരിച്ച
വൈദികവിദ്യാർത്ഥികൾ അഭിവന്ദ്യ പിതാവിനോടൊപ്പം
ഏപ്രിൽ 10, 2025







തലശ്ശേരി അതിരൂപത നാല്പതാം വെള്ളി തീർത്ഥാടനം
ചെറുപുഴ, ഏപ്രിൽ 11, 2025

RNI Reg. No. 5910 Date of Publication: 28/04/2025
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-27
വാല്യം : 08 ലക്കം : 05 വില : ₹10

# മെയ് - പരി. അമ്മയുടെ വണക്കമാസം



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.